കുറച്ചൊക്കെ ഉപയോഗിച്ചുകൊള്ളട്ടെ. അതിൽ തെററില്ലെന്നുകരുതുന്നതോടൊപ്പം സ്പീക്കർക്കുണ്ടാവുന്ന ബുദ്ധിമുട്ടുകളുംകൂടി മനസ്സിലാക്കി സഹകരണ മനോഭാവം കാണിച്ചാൽ ഓരോന്നും റൈസ് ചെയ്യേണ്ടതായിവരികയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇന്ന് അടിയന്തിരപ്രമേയമൊന്നും എടുത്തില്ലെന്നാണു തോന്നുന്നത്. ഇന്നലെ അവതരിപ്പിച്ചതിനു മറുപടി പറയുകയായിരുന്നു. ഇന്നലെ സിററികൂട്ടത്തു നടന്നിട്ടുള്ള ക്രൂരമായ ലാത്തിച്ചാർജിന്റെ ഫലമായി കുറെപ്പേർ ആശുപത്രിയെ അഭയം പ്രാപിച്ചിരിക്കുന്നു.

ശ്രീ. ടി. എ. മജീദ്: ഒരു ചടങ്ങെന്ന നിലയിൽ ഒരു അടിയന്തിരപ്രമേയം എടുക്കുന്നതു നന്നായിരിക്കും.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇന്നലെ ഗൗരിയമ്മയുടെ പേരിലുള്ളതെടുത്തു. ഇന്ന് അദ്ധ്യാപകരുടേത് എടുത്തു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ശ്രീ. കെ. ടി. ജോർജ് ഇന്നലെ നോട്ടീസു കൊടുത്തതിനാണ് ഇന്നു മറുപടി പറഞ്ഞത്. ഇന്ന് അടിയന്തിര പ്രമേയമൊന്നും എടുത്തില്ല.

മി. സ്പീക്കർ: അദ്ധ്യാപകരുടെ സമരത്തെ സംബന്ധിച്ചിടത്തോളം അടിയന്തിരപ്രാധാന്യമർഹിക്കുന്ന വസ്തുതയാണെന്നു ശ്രീ. വാര്യരും അംഗീകരിക്കുമെന്നു വിശ്വസിക്കുന്നു. അവർ ജാഥയായിട്ടു വരികയും മെമ്മോറാണ്ടം കൊടുക്കുകയുംചെയ്തതായി രണ്ടു മൂന്നുപേർ അടിയന്തിരപ്രമേയം ഉന്നയിച്ചു. സഭയിലെ ബഹുമാനപ്പെട്ട ഒരു മെമ്പറായ ഗൗരിയമ്മയുടെമേലുണ്ടായ ആക്രമണത്തിന് അതിനെക്കാൾ കൂടുതൽ പ്രാധാന്യം നൽകുകയാണു ചെയ്തത്. ഇന്നത്തെ അഡ്ജേൺമെന്റ്മോഷൻ നാളത്തേക്കു പോകുന്ന പതിവ് ഇനി ഉണ്ടാവുമെന്ന് ആരും ധരിക്കേണ്ട.

LEGISLATIVE BUSINESS

The Kerala Public Service Commission (Additional Functions as respects the Kerala State Road Transport Corporation) Bill, 1970.

Shri R. S. Unni: സർ, ഈ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നിയമനം പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുന്ന ഈ നടപടി വളരെ സ്വാഗതാർഹമാണ്. സർ, ഈ നടപടിയെ താത്വികമായിട്ടോ ആശയപരമായോ എതിർത്തതായി, ഈസഭയുടെ ഒരു ഭാഗത്തുനിന്നും എതിർത്തതായി മനസ്സിലാക്കിയിട്ടില്ല. എല്ലാ ഭാഗത്തുനിന്നും സ്വാഗതം ചെയ്തിട്ടുണ്ട്.

സർ, ഈ ഗവൺമെന്റു ഡിപ്പാർട്ടുമെന്റുകളുടെ നിയന്ത്രണത്തിൽ നടന്നുകൊണ്ടിരുന്ന, നടന്നുകൊണ്ടിരിക്കുന്ന പല പ്രവർത്തനങ്ങളും പല സ്ഥാപനങ്ങളും കോർപ്പറേഷനാക്കി മാററി അതിന്റെ പ്രവർത്തനം വികസിപ്പിക്കുകയോ വികേന്ദ്രീകരിക്കുകയോ ചെയ്യുന്ന നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇനിയും അങ്ങനെ സ്വീകരിക്കേണ്ടിവരും. അങ്ങനെ കൂടുതൽ വിപുലമായ ഒരു മേഖലയായി പബ്ലിക് സെക്ടർ വികസിച്ചുവരുന്നതിനുള്ള സാഹചര്യം നമ്മുടെ രാജ്യത്തിന്റെ വികസനത്തോട് അനുബന്ധിച്ച് ഉണ്ടാകുന്നുണ്ട്. സർ, ഈ ഗവൺമെന്റു ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നടന്നുകൊണ്ടിരുന്ന ഈ റോഡ് ട്രാൻസ്പോർട്ട് ഏർപ്പാടുകൾ ഒരു കോർപ്പറേഷനാക്കി മാററി. ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നേരിട്ടുള്ള നിയന്ത്രണത്തിൽ നടന്നിരുന്ന കാലത്ത് പബ്ലിക് സർവ്വീസ് കമ്മീഷനാണ് അതിലേയ്ക്കു നിയമനം നടത്തിക്കൊണ്ടിരുന്നത്. എന്നാൽ കോർപ്പറേഷൻ ആയതിനുശേഷം അതിന്റെ നിയമനം പ്രത്യേക ഏർപ്പാടുകൾ വഴി, റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ സ്റ്റാൻഡിംഗ് ഓർഡേഴ്സ് അനുസരിച്ചും മററു നിയമ വ്യവസ്ഥകളനുസരിച്ചും ആണ് നടന്നുകൊണ്ടിരുന്നത്. എന്നാൽ ആദ്യകാലങ്ങളിലെല്ലാം ആ നിയമനം വളരെ കാർക്കശ്യമുള്ള നിയമ വ്യവസ്ഥകൾക്കു വിധേയമായി നടത്താൻ കഴിഞ്ഞിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാൽ കാലം പുരോഗമിച്ചതോടുകൂടി ഈ നിയമങ്ങളുടെ ഇടയ്ക്കു പക്ഷപാതപരവും ചിലപ്പോഴൊക്കെ ക്രമക്കേടുകളും ഉൾക്കൊള്ളുന്നുണ്ട്, നടക്കുന്നുണ്ട് എന്നുള്ള നിരവധി ആക്ഷേപങ്ങൾ പുറത്തും ഈ നിയമസഭയ്ക്കകത്തും പൊന്തിവന്നിട്ടുണ്ട്. അതിൽ ഏററവും രൂക്ഷതരമായ ഒരു പ്രത്യേക സാഹചര്യം ഉണ്ടായിട്ടുള്ളതു വിസ്മരിക്കുന്നതു ശരിയായിരിക്കുകയില്ല. സർ, ബഹുജനമധ്യത്ത് ഇത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഉയർന്നുവരുന്ന ആക്ഷേപങ്ങൾ പരിഗണിക്കാനുള്ള ബാധ്യത ഗവൺമെന്റിനുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സർ, ഈ നിയമസഭാതലത്തിലും ഇതേസംബന്ധിച്ചുള്ള അഭിപ്രായങ്ങൾ പൊന്തിവന്നു. കഴിഞ്ഞ ഗവൺമെന്റ് ഇവിടെ അധികാരത്തിലിരുന്ന 31 മാസക്കാലവും ഈ നിയമസഭാവേദിയിൽ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നിയമനങ്ങളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ പല തവണ പൊന്തിവന്നിട്ടുണ്ട്. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിടുകയെന്നുള്ളത് സ്വീകാര്യമായ ഒരു നടപടിയല്ലെന്നാണ് ആദ്യകാലങ്ങളിൽ മുൻ ഗവൺമെന്റ് പ്രസ്താവിച്ചിരുന്നത്. എന്നാൽ ഇതേപ്പററിയുള്ള അഭിപ്രായങ്ങൾ ശക്തിയായിക്കഴിഞ്ഞതിനുശേഷം ഏററവും ഒടുവിലായി മുൻ മുഖ്യമന്ത്രിതന്നെ ഇതിനെപ്പററി പരിഗണിക്കുന്നതാണെന്നും പബ്ലിക് സർവ്വീസ് കമ്മീഷനു നിയമനങ്ങൾ വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പറഞ്ഞിരുന്നു. എന്നാൽ അതിനുള്ള കാര്യമായ നടപടികൾ സ്വീകരിച്ചിരുന്നില്ല. ഒരുപക്ഷേ കഴിഞ്ഞ മന്ത്രിസഭയുടെ അവസാന മാസങ്ങളിൽ അന്നുണ്ടായിരുന്ന പ്രത്യേകമായ രാഷ്ട്രീയ സംഭവവികാസങ്ങൾകൊണ്ടും അന്നത്തെ പ്രത്യേക സാഹചര്യങ്ങൾ കൊണ്ടും ആയിരിക്കാം അതിനുള്ള നടപടികൾ നടത്താതിരുന്നത്. എങ്കിലും അന്നു പ്രഖ്യാപിച്ചിരുന്ന ഒരു നയം ബഹുജനങ്ങളുടെ ഇടയിൽ ഉയർന്നുവന്ന ശക്തിയായ ഒരഭിപ്രായമെന്ന നിലയിൽ ഈ നിയമസഭാതലത്തിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായത്തെ മാനിച്ചും മുൻ ഗവൺമെന്റു ആരംഭിച്ച ഒരു നടപടി തുടർന്നു നടപ്പിലാക്കി എന്നുള്ളതാണ് ഈ ബില്ലും ഇതിനു നിദാനമായ ഓർഡിനൻസും വഴി ഈ ഗവൺമെന്റു ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തെ സംബന്ധിച്ചോ ഇതിന്റെ ആവശ്യകതയെ സംബന്ധിച്ചോ ഒരു ഭാഗത്തുനിന്നും ആക്ഷേപം ഉണ്ടായിട്ടില്ല. എന്നാൽ ഇതിനോടനുബന്ധിച്ചു നടന്ന ചർച്ചകളിൽ പ്രധാനമായും ഓർഡിനൻസ് പുറപ്പെടുവിച്ചുകഴിഞ്ഞതിനു ശേഷം അടുത്തകാലത്തു നടന്നിട്ടുള്ള ചില നിയമനങ്ങളെ സംബന്ധിച്ച് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ സ്വീകരിച്ച നടപടിയെപ്പററിയാണ് ആക്ഷേപം. അവിടെ ഒരു പിരിച്ചുവിടൽ നടന്നിട്ടുണ്ട്. ഈ പിരിച്ചുവിടലിനെ സംബന്ധിച്ച് അതിനെ എതിർത്തുകൊണ്ട് ഇന്നൊരു സമരം നടക്കുന്നുണ്ട്. അതിനെപ്പററി പല പരാമർശങ്ങളും ഉണ്ടായി. പിരിച്ചുവിടലിനെപ്പററി രണ്ട് അഭിപ്രായഗതികളാണുള്ളത്. ഇന്നലെ, റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പ്രവർത്തനങ്ങളുമായി കഴിഞ്ഞ 31 മാസക്കാലം ഏററവും അടുത്ത് ഇടപെട്ടിട്ടുണ്ടെന്നു സ്വയം അവകാശപ്പെടുന്ന ഒരു ബഹുമാനപ്പെട്ട അംഗം വളരെ സുദീർഘമായി ഈ സഭയിൽ സംസാരിച്ചു. അദ്ദേഹത്തിന്റെ ദീർഘമായ പ്രഭാഷണം ഇന്നലെ അവസാനിച്ചില്ല. ഇന്നദ്ദേഹം അദ്ദേഹത്തിന്റെ പ്രഭാഷണം അവസാനിപ്പിക്കാനും കൂടുതൽ വിജ്ഞാനപ്രദങ്ങളായ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ ഈ സഭയ്ക്കു നൽകാനും ഈ സഭയിൽ സമയത്തു ഹാജരാകുമെന്നാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. അദ്ദേഹത്തിൽ ശേഷിക്കുന്ന വിജ്ഞാനവുംകൂടി കേട്ട് അതിനെപ്പററി അഭിപ്രായം പറയണമെന്നാണു ഞാൻ കരുതിയിരുന്നത്. ഏതായാലും അദ്ദേഹം വന്നില്ല. അതിൽ എനിക്കു നിരാശയുണ്ട് സർ. ഇന്നലെ പറഞ്ഞ കാര്യങ്ങളിൽ നേരത്തെ നടന്ന നിയമനങ്ങളെ സംബന്ധിച്ചും അതിന്റെ ന്യായതകളെ സംബന്ധിച്ചും എല്ലാം അദ്ദേഹം ഇവിടെ പ്രതിപാദിക്കുകയുണ്ടായി. സർ, അതിനെപ്പററി ആധികാരികമായി...

ശ്രീ. ഇ. എം. ജോർജ്: സർ, ഒരു ചോദ്യം. അടുത്ത കാലത്ത് കെ. എസ്. ആർ. ടി. സി. യിൽ നടന്നിട്ടുള്ള പിരിച്ചുവിടലുകൾ അനാവശ്യമാണെന്നും ആ ആളുകളെ തിരിച്ചെടുക്കണമെന്നും അങ്ങയുടെ പാർട്ടിനേതാവായ സഖാവു ശ്രീകണ്ഠൻനായർ കൊച്ചിയിൽ വച്ച് ഒരു പത്രസമ്മേളനത്തിൽ പറഞ്ഞതായി പത്രത്തിൽ വാർത്ത വരികയും ഇന്നുവരെ ശ്രീകണ്ഠൻനായരോ അങ്ങയുടെ പാർട്ടിയിൽപ്പെട്ട മററാളുകളോ ആ വാർത്ത നിഷേധിച്ചിട്ടില്ല എന്ന വസ്തുതയും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പെട്ടിട്ടുണ്ടെങ്കിൽ അതിനെപ്പററിയുള്ള അഭിപ്രായംകൂടി പറഞ്ഞാൽക്കൊള്ളാം.

ശ്രീ. ആർ. എസ്. ഉണ്ണി: ശ്രീകണ്ഠൻനായരുടെ അഭിപ്രായം പൂർണ്ണമായി ശ്രീ. ഇ. എം. ജോർജ്ജ് വായിച്ചുകാണുമെന്നാണ് എന്റെ വിശ്വാസം. ആ പ്രസ്താവനയിൽത്തന്നെയാണ് എന്റെ പാർട്ടി ഇപ്പോഴും നിൽക്കുന്നത്. അതിനെപ്പററി ഞാൻ പ്രതിപാദിക്കാം. ഈ നിയമനങ്ങൾ ക്രമമായി നടന്നിട്ടുള്ളതാണ്, റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ചട്ടങ്ങളും........

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഒരു ചോദ്യം. സഖാവ് ശ്രീകണ്ഠൻനായരുടെ അഭിപ്രായം പിരിച്ചുവിടൽ ശരിയല്ലെന്നുള്ളതാണ്. അങ്ങനെ അല്ലെന്നാണ് അങ്ങു പറയുന്നത്?

ശ്രീ. ആർ. എസ്. ഉണ്ണി: ബഹുമാനപ്പെട്ട രാമകൃഷ്ണൻ അതിന്റെ പൂർവ്വാർദ്ധം പറയുകയും ഉത്തരാർദ്ധം പറയാതിരിക്കുകയും ചെയ്യുന്നതുകൊണ്ടുള്ള കുഴപ്പമാണ്. അതു ഞാൻ പിന്നെ സംസാരിക്കാം. ഈ നിയമനങ്ങൾ ക്രമമായിട്ടു നടന്നിട്ടുള്ളതാണ് എന്നാണ് ഒരു വാദം. അങ്ങനെ ക്രമമായിട്ടും ചട്ടങ്ങൾ പ്രകാരവും നടന്നിട്ടില്ല. അങ്ങനെയുള്ള നിയമനങ്ങളല്ല, അങ്ങനെയുള്ള നിയമനങ്ങൾ റദ്ദാക്കിയിട്ടില്ല, അങ്ങനെയുള്ള നിയമനങ്ങൾ നടത്തിയിട്ടുള്ള ഒരാളെയും പിരിച്ചുവിട്ടിട്ടില്ല എന്നാണ് മറെറാരു വാദം. ഇതിനെ സംബന്ധിച്ചിടത്തോളം ഈ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചത്........

ശ്രീ. ഇ. എം. ജോർജ്: ഒരു ചോദ്യം. മുൻ ഗവൺമെന്റ് അധികാരത്തിൽ വരുന്ന അവസരത്തിൽ 8200—ഓളം ജോലിക്കാർ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഉണ്ടായിരുന്നു. ഈ 8200 പേരുടെയും നിയമനം ചട്ടങ്ങൾ പ്രകാരം നടന്നതാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. ആർ. എസ്. ഉണ്ണി: മുൻ ഗവൺമെന്റ് അതു പരിശോധിക്കേണ്ടതായിരുന്നു. മുൻ ഗവൺമെന്റ് അതു പരിശോധിച്ചു കാണുമെന്നാണ് എന്റെ വിശ്വാസം. അതു ക്രമമായിട്ടു നടന്നിട്ടുള്ളതല്ല എന്ന സൂചനയാണെങ്കിൽ മുൻ ഗവൺമെന്റ് ചെയ്ത നല്ലതിനും തീത്തയ്ക്കും എല്ലാം ഉത്തരവാദിത്വം വഹിക്കേണ്ട ഒരു പാർട്ടിയെന്നുള്ള നിലയിൽ അതു ശരിയാണെന്നുള്ള അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി............,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ജോർജ്: 8100 പേർ ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ജോലിക്കുണ്ടായിരുന്നു. ആ നിയമനങ്ങൾ ചട്ടപ്രകാരം നടന്നതാണെന്ന് അങ്ങയുടെ പാർട്ടിക്ക് അഭിപ്രായമില്ല. ബഹു. മെമ്പറുടെ പാർട്ടിയിലെ അംഗംകൂടി മന്ത്രിസഭയിൽ ഉണ്ടായിരുന്ന കഴിഞ്ഞ മന്ത്രിസഭ അതിലാരെയും പിരിച്ചുവിടാൻ തീരുമാനമെടുക്കാതിരിക്കുകയും ഈ പ്രാവശ്യം അധികാരത്തിൽ വന്നയാളുകൾ—അതിലും ബഹു. മെമ്പറുടെ പാർട്ടിയുടെ ആളുകളുണ്ട്—പിരിച്ചുവിടണമെന്നു എടുത്ത തീരുമാനത്തിനു കൂട്ടുനിൽക്കുകയും ചെയ്യാനുള്ള കാര്യമെന്താണ്?

ശ്രീ. ആർ. എസ്. ഉണ്ണി: ആദ്യത്തെ ദുസ്സൂചന ഞാൻ നിഷേധിക്കുന്നു. മുൻ ഗവൺമെന്റിന്റെ കാലത്തും ഇതിനുമുമ്പു നടന്ന നിയമനങ്ങളെ സംബന്ധിച്ചിടത്തോളവും ആ നിയമനങ്ങളിൽ അടങ്ങിയിട്ടുള്ള ക്രമക്കേടുകൾ കൊണ്ടാണ് ഈ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിടണമെന്ന് എന്റെ പാർട്ടി ആദ്യമായി ഈ സഭയിൽ അഭിപ്രായപ്പെട്ടിട്ടുള്ളത്. തുടർന്നുള്ള ക്രമക്കേടുകളിലും കൂട്ടുനിൽക്കാൻ നിർവ്വാഹമില്ല എന്നുള്ളതുകൊണ്ടുതന്നെയാണ് ഇതു പബ്ലിക് സർവ്വീസ് കമ്മീഷനു വിടാനുള്ള തീരുമാനത്തെ എന്റെ പാർട്ടി അനുകൂലിക്കുന്നത്. ഈ രണ്ടു ആക്ഷേപങ്ങളും, ഒന്ന്, നിയമനങ്ങൾ ചട്ടപ്രകാരമാണ് നടന്നിട്ടുള്ളത്, മറ്റൊന്നു ചട്ടപ്രകാരമല്ല നടത്തിയിട്ടുള്ളത്, ഈ നിയമനങ്ങളിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ട്; ഇവ നിലവിലുണ്ട്. പക്ഷേ ഗവൺമെന്റു പറയുന്നത് ഇതേപ്പറ്റി നിഷ്കൃഷ്ടമായ ഒരന്വേഷണം ഗവൺമെന്റു നടത്തിയെന്നാണ്. അങ്ങനെ ആധികാരികമായി കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ക്രമവിരുദ്ധമായി നടത്തിയിട്ടുള്ള നിയമനങ്ങൾ റദ്ദാക്കപ്പെട്ടിട്ടുള്ളതെന്നാണു പറയുന്നത്. ഇതിനെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായി എനിക്കു പറയുവാനുള്ളത് നടന്നിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ക്രമവിരുദ്ധമായി നടന്നിട്ടുള്ള നിയമനങ്ങൾ റദ്ദാക്കപ്പെട്ടിട്ടുള്ളതിനോട് പൂർണ്ണമായി ഞങ്ങൾ യോജിക്കുന്നു എന്നാണ്. എന്നാൽ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ സ്റ്റാൻഡിംഗ് ഓർഡർ അനുസരിച്ചോ ചട്ടങ്ങൾ അനുസരിച്ചോ നടത്തിയിട്ടുള്ള നിയമനങ്ങൾ എന്തെങ്കിലും റദ്ദാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് ആധികാരികമായി ചൂണ്ടിക്കാണിക്കപ്പെട്ടാൽ ഈ റദ്ദാക്കൽ നടപടി അവസാനിപ്പിക്കേണ്ടതാണ്. അങ്ങനെ ക്രമമായി നടന്നിട്ടുള്ള നിയമനങ്ങൾ റദ്ദാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതു പരിശോധിക്കണം. അങ്ങനെയുള്ള ആളുകളെ തിരിച്ചെടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഇക്കാര്യത്തിൽ ക്രമരഹിതമായി നടന്നിട്ടുള്ള നിയമങ്ങൾ റദ്ദാക്കപ്പെട്ടിട്ടുള്ള നടപടി വളരെ ശരിയാണ് എന്നു തറപ്പിച്ച് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ നിയമനങ്ങൾ റദ്ദാക്കിയ സാഹചര്യവും അതിനെപ്പറ്റി പുനഃപരിശോധന ആവശ്യമാക്കിത്തീർത്ത സാഹചര്യവും വിസ്മരിക്കുന്നതു ശരിയായിരിക്കുകയില്ല. സർ, റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ഏതാനും തസ്തികകളിലേയ്ക്ക് ഇത്ര ഒഴിവുകളുണ്ടെന്നു തീരുമാനിക്കുകയും ആ ഒഴിവുകളിലേയ്ക്ക് അപേക്ഷകൾ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ക്ഷണിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട വ്യവസ്ഥകളനുസരിച്ച് 80,000-ൽപ്പരം ഉദ്യോഗാർത്ഥികൾ അപേക്ഷിച്ചിട്ടുണ്ടായിരുന്നു സർ. ഈ എൺപതിനായിരത്തിൽപ്പരം ആളുകൾ അപേക്ഷിക്കുമ്പോഴും എല്ലാ അപേക്ഷകർക്കും ഉദ്യോഗം കിട്ടുമെന്നുള്ള വിശ്വാസത്തിലല്ല അപേക്ഷ അയയ്ക്കുന്നത്. എന്നാൽ ഓരോ ഉദ്യോഗാർത്ഥിക്കും ഉദ്യോഗം കിട്ടാൻ അർഹതയുണ്ടെന്നുണ്ടെങ്കിൽ, കിട്ടാനുള്ള അവകാശമുണ്ടെന്നും നാം അംഗീകരിക്കണം. അതു പി. എസ്. സി. ക്കു ആയാലും ഇതുതന്നെയാണ് സ്ഥിതി. ആളുകൾ ഉദ്യോഗത്തിനു അപേക്ഷിക്കുമ്പോൾ ഉദ്യോഗം കിട്ടുമെന്നുള്ള വ്യക്തമായ ഉറപ്പൊന്നുമില്ല. എന്നാൽ അവകാശമുണ്ടെന്ന ബോധത്തി

LIBRARY ARCHIVES Kerala Legislative Assembly

ലാണു ചെയ്യുന്നത്. അപേക്ഷകൾ, അവർക്ക് അതു കിട്ടാനുള്ള യോഗ്യത ഉണ്ടെന്നും അതിനുള്ള വ്യവസ്ഥകളും ചട്ടങ്ങളും അനുസരിച്ചു പരിശോധിച്ച് തീരുമാനിക്കണമെന്നുള്ളത് ഒരു അപേക്ഷകന്റെ മൗലികാവകാശമാണ്. അങ്ങനെ എൺപതിനായിരത്തിൽപരം അപേക്ഷകൾ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനു കിട്ടിക്കഴിഞ്ഞതിനുശേഷം ആണ് ഈ നിയമനം നടത്തിയിട്ടുള്ളതെന്നുള്ളതു വിസ്മരിക്കുന്നതു ശരിയല്ല. സർ, ഇത്രയുമാളുകൾക്ക് എന്തു നീതി കിട്ടിയിട്ടുണ്ട്? റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെതന്നെ പരസ്യം അനുസരിച്ച് അപേക്ഷകൾ അയച്ചിട്ടുള്ള ഈ ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ അപേക്ഷകൾ ഒന്നു പരിശോധിക്കുന്നതിനോ അവരെ ഒന്നു പരീക്ഷിക്കുന്നതിനോ അവരെ ഒന്ന് ഇന്റർവ്യൂ നടത്തുന്നതിനോ അതിൽനിന്ന് ഒരു സെലക്ഷൻ നടത്താനോ ഉള്ള യാതൊരു നടപടികളും നടത്തിയിരുന്നില്ലെന്നുള്ളത് വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ്. ഇതിനകത്ത് അടിസ്ഥാനപരമായും മൗലികമായും ഒരു ക്രമക്കേടില്ലേ? ഇത്രയും ആളുകളെ സംബന്ധിച്ചിടത്തോളം ഒഴിവുള്ള സ്ഥലങ്ങളിലേക്ക് ഇവരിൽ നിന്നും തിരഞ്ഞെടുപ്പു നടത്തുകയെന്നുള്ളതിന് അടിസ്ഥാനപരമായി ചില മാനദണ്ഡങ്ങളും ചില വ്യവസ്ഥകളും ചട്ടപ്രകാരം അംഗീകരിച്ചിരുന്ന ഒരു സ്ഥാപനത്തിൽ മററു രീതിയിലുള്ള നിയമനങ്ങൾ നടത്തുന്നതിന് എന്തു ന്യായീകരണമാണ് ഉള്ളത്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): അപേക്ഷകൾ ക്ഷണിക്കുന്നതുപോലെതന്നെ താൽകാലിക ജോലിക്കാരായ, കാർപ്പന്റർ, പെയിന്റർ, മററു ദിവസക്കൂലിക്കാരായ ആളുകൾ ഇവരെ പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മാത്രം അപേക്ഷകൾ ക്ഷണിക്കുകയും ഇന്റർവ്യൂ നടത്തി നിയമനം നടത്തുകയും ചെയ്തിട്ടും അങ്ങനെയുള്ള ആളുകളെ പിരിച്ചുവിട്ടു എന്നുള്ളതു ന്യായീകരിക്കുന്നുണ്ടോ?

ശ്രീ. ആർ. എസ്. ഉണ്ണി: ഇതിനുമുമ്പ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകരിച്ച ആദ്യകാലങ്ങളിൽ താൽക്കാലിക ഒഴിവുകളിലേയ്ക്കും അല്ലെങ്കിൽ പ്രത്യേക ആവശ്യം വരുമ്പോഴും അടിയന്തിരാവസ്ഥ ഉള്ളപ്പോഴുമെല്ലാം നിയമനങ്ങൾ നടത്തിയിട്ടുള്ളത് ഞാൻ മനസ്സിലാക്കുന്നത്—അതിനെപ്പററി പരിശോധിക്കുകയും പഠിക്കുകയും ചെയ്തതിനു ശേഷമാണു സർ ഞാൻ അതിനെപ്പററി സംസാരിക്കുന്നത്—അന്നെല്ലാം റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ താൽക്കാലികമായി ഉണ്ടാകുന്ന ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ആളുകളെ വിളിച്ച് അതിൽനിന്നും തിരഞ്ഞെടുപ്പു നടത്തുകയാണു ചെയ്തിട്ടിള്ളത്. എന്നാൽ കഴിഞ്ഞ 31 മാസക്കാലത്തിനിടയ്ക്കാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി യാതൊരേർപ്പാടുമില്ലാത്ത നില റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് ഉണ്ടായിട്ടുള്ളത്. സർ, ഇതിന് എന്തു ന്യായീകരണമാണുള്ളത്? താൽക്കാലികമായി ഒഴിവുകളായിരുന്നാലും....

ശ്രീ. എം. കെ. എ. ഹമീദ്: എംപ്ലോയ്മെന്റുവഴിക്കുള്ള നിയമനങ്ങൾ വേണ്ടെന്നാവശ്യപ്പെട്ടതു തൊഴിലാളി യൂണിയനുകളല്ലേ? അതിന്റെ അടിസ്ഥാനത്തിലല്ലേ കേർപ്പറേഷൻ തീരുമാനമെടുത്തിട്ടുള്ളത്?

ശ്രീ. ആർ. എസ്. ഉണ്ണി: തൊഴിലാളിയൂണിയനുകൾ ആവശ്യപ്പെട്ടിട്ടുള്ളത് അങ്ങനെയല്ലെന്നുള്ളതാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. താൽക്കാലികമായ നിയമന കാര്യത്തിൽ എംപ്ലോയ്മെന്റിൽ നിന്നും ആളുകളെ ക്ഷണിച്ച് ഇന്റർവ്യൂ ചെയ്ത് അവരെ നിയമിച്ചാൽ അവർ തുടർച്ചയായി ജോലിചെയ്ത്, ഒരു വർഷം 240 ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ അവരെ സ്ഥിരപ്പെടുത്തേണ്ടതാണ് എന്നാണ് യൂണിയൻ ആവശ്യപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെൻറു വഴിയുള്ള നിയമനങ്ങളെയല്ല ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട ഹമീദിന് ഇതിനെപ്പററി മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടാണെന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇപ്പോഴുംത്തന്നെ ചില താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽക്കൂടി നടക്കുന്നില്ലേ ?

ശ്രീ. ആർ. എസ്. ഉണ്ണി: അതു ശരിയല്ലെന്നാണ് എൻെറ അഭിപ്രായം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇപ്പോൾ ശ്രീമാൻ കെ. എം. ജോർജ്ജ് മന്ത്രിയായി വന്നതിനുശേഷം പി. എസ്. സിക്കു വിട്ടുകൊടുത്തിട്ടുള്ള ഓർഡറിൽത്തന്നെ നേരിട്ടു കുറേ തസ്തികകളിൽ നിയമിക്കാമെന്നും എക്സംപ്ററു ചെയ്ത കുറെ തസ്തികകളിൽ തീരുമാനമെടുക്കാമെന്നും നിർദ്ദേശം ഉണ്ടായിട്ടുണ്ട് എന്നാണു ഞാൻ മനസ്സിലാക്കുന്നത്. അപ്പോൾ അതു എംപ്ലോയ്മെൻറു എക്സ്ചേഞ്ചിനേയും പി. എസ്. സി. യെയും മറികടന്നുകൊണ്ടുള്ള നിയമനമല്ലേ? അതിനെപ്പററി എന്താണഭിപ്രായം?

ശ്രീ. ആർ. എസ്. ഉണ്ണി: പബ്ലിക്ക് സർവ്വീസ് കമ്മീഷന് ഏതെല്ലാം തസ്തികകൾ വിടണമെന്നും ഏതെല്ലാം തസ്തികകളിലേയ്ക്കുള്ള നിയമനം നേരിട്ടു നടത്തണമെന്നുള്ളത് ഈ ഒർഡിനൻസിലും ഈ ബില്ലിലുമെല്ലാം വ്യവസ്ഥകളുണ്ട്. ബില്ലിൻെറ വകുപ്പുകൾ ചർച്ച ചെയ്യുമ്പോൾ അതാലോചിക്കാവുന്നതാണ്. തൂപ്പു ജോലിക്ക് അല്ലെങ്കിൽ ക്ലീനർ ജോലിക്ക്—ഫിററർ മുതലായ തസ്തികകളല്ല—ഈ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്. സി. നടത്തണമെന്നു നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

അതുപോലെതന്നെ ടെക്നിക്കൽ ഫീൽഡിലേയ്ക്ക് ആവശ്യമുള്ള മാനേജരിയൽ പോസ്ററുകളിലേയ്ക്കുമുള്ള നിയമനങ്ങളും പി. എസ്. സി. ക്ക് വിട്ടിട്ടില്ല. ബാക്കി എല്ലാ പോസ്ററുകളിലേയ്ക്കുമുള്ള നിയമനങ്ങൾ പി. എസ്. സി. ക്ക് വിട്ടിട്ടുണ്ട്. പി. എസ്. സി. ക്കു വിട്ടുകൊടുത്തതിനെ സംബന്ധിച്ചും പി. എസ്. സി. ക്കു കൊടുത്തിട്ടുള്ള അധികാരങ്ങളെ സംബന്ധിച്ചും ഒക്കെ പല ആക്ഷേപങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായിട്ടുണ്ട്. സർ, ഇതു പറയുമ്പോൾ എലക്ട്രിസിററി ബോർഡിലെ നിയമനങ്ങൾ പി. എസ്. സി. ക്കു വിട്ടുകൊണ്ട് അന്നത്തെ ഗവൺമെൻറ് എടുത്ത തീരുമാനങ്ങളും അതിന് ആവിഷ്ക്കരിച്ചിട്ടുള്ള നിയമത്തിലെ വ്യവസ്ഥകളും പരിശോധിക്കണമെന്നു ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണനോടും പ്രതിപക്ഷത്തിലെ മററ് അംഗങ്ങളോടും ഞാൻ അപേക്ഷിക്കുന്നു. സർ, അതിനേക്കാൾ ശ്രേഷ്ഠതയുള്ള വ്യവസ്ഥകളാണ്, എലക്ട്രിസിററി ബോർഡിലെ നിയമനങ്ങൾ പി. എസ്. സി. ക്കു വിട്ടുകൊടുത്തുകൊണ്ട് ഈ സഭ ആവിഷ്ക്കരിച്ച ചട്ടങ്ങളിൽ ഉള്ളതിനേക്കാൾ കർക്കശമാണു സർ, ഇതിലെ വ്യവസ്ഥകൾ. അത് ഒരു പക്ഷേ കാലത്തിൻെറ മാററത്തിനനുസരിച്ചു വേണ്ടിവന്നതായിരിക്കാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എലക്ട്രിസിററി ബോർഡിലേയ്ക്കുള്ള നിയമനങ്ങൾ പബ്ലിക്സർവ്വീസ് കമ്മീഷനു വിട്ടപ്പോൾ ഉണ്ടാക്കിയ നിയമം മാത്രം അടിസ്ഥാനമാക്കണമെന്ന് എന്താണ് ഇത്ര നിർബന്ധം. ഈ നിയമത്തിനകത്ത് ഒതുങ്ങിനിന്നുകൊണ്ടു സംപുഷ്ടമാക്കാൻ ശ്രമിച്ചുകൂടെ?

ശ്രീ. ആർ. എസ്. ഉണ്ണി: ഈ നിയമം സംപുഷ്ടമാണ്. ഇതിൻെറ വകുപ്പുവകുപ്പായിട്ടുള്ള ചർച്ചനടത്തി കൂടുതൽ സംപുഷ്ടമാക്കണമെന്നാണ് എൻെറ അഭിപ്രായം. സർ, ഈ നിയമത്തിൻെറ ആവശ്യകത വളരെ കൂടുതലാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചും വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

പരാമർശനങ്ങൾ ഇവിടെ ഉണ്ടായി. പൊതുമേഖലാസ്ഥാപനങ്ങൾ എന്നു പറയുമ്പോൾ പ്രവർത്തനങ്ങൾ വികസിച്ചുവരുന്ന ഒരു മേഖലയാണ്. അവിടത്തെ നിയമനങ്ങളെ സംബന്ധിച്ചും കർക്കശമായ വ്യവസ്ഥകൾ ആവശ്യമാണ്. പബ്ലിക്സർവ്വീസ് കമ്മിഷന് ഈ ഭാരിച്ച ചുമതല, എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ നടത്തുകയെന്ന ചുമതല നിർവ്വഹിക്കാൻ എത്രമാത്രം കഴിയുമെന്നുള്ളത് ഒരു പ്രശ്നമാണ്. സർ, പബ്ലിക് സർവ്വീസ് കമ്മിഷൻപോലുള്ള ഏതെങ്കിലും ഒരു ഏർപ്പാടുവഴിയല്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ നടത്താൻ പാടില്ല. പബ്ലിക് സർവ്വീസ് കമ്മിഷനെത്തന്നെ അതിനു സജ്ജമാക്കാൻ കഴിയണമെന്നാണ് എന്റെ കക്ഷിയുടെ അഭിപ്രായം. പബ്ലിക് സർവ്വീസ് കമ്മിഷന് കൂടുതൽ പ്രവർത്തന സൗകര്യങ്ങളുണ്ടാക്കിയിട്ടോ മറേറാ പൊതുമേഖലാ സ്ഥാപനങ്ങളിലെയെല്ലാം നിയമനം പി. എസ്. സി. വഴി നടത്തുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നതിന് ഗവൺമെൻറ് തയ്യാറാകേണ്ടതാണ്. വളരെ താമസിയാതെതന്നെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കണമെന്നുതന്നെ എന്റെ പാർട്ടിയുടെ അഭിപ്രായം. ഈ നടപടി വളരെവളരെ സ്വാഗതാർഹമാണ് സർ. പ്രത്യേകിച്ച് ഈ അടുത്ത കാലത്തുണ്ടായിട്ടുള്ള പ്രത്യേക സമ്മർദ്ദങ്ങളും പൊതുജനരംഗത്ത് അതിനെ സംബന്ധിച്ചിടത്തോളം വളർന്നുവന്നിട്ടുള്ള അഭിപ്രായങ്ങളും പരിഗണിച്ചു ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ഒരു ജനാധിപത്യ ഗവൺമെൻറിനു സ്വീകരിക്കാവുന്ന ഏററവും നല്ല ഒരു നടപടിയെന്ന നിലയിൽ ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്.

[Dy. Speaker in the Chair]

സർ, ഏതു നിയമനിർമ്മാണവും പൊതുജനസമ്മർദ്ദത്തിന്റെ ഫലമായിട്ടുണ്ടാകുന്നതാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. സർ, ഈ നിയമനിർമ്മാണത്തിനു ഗവൺമെൻറിനെ പ്രേരിപ്പിച്ച പൊതുജന സമ്മർദ്ദങ്ങൾ നമ്മുടെ രാജ്യത്തുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അങ്ങനെ പൊതുജനാഭിപ്രായത്തെ മാനിച്ചുകൊണ്ട്, ഈ നിയമനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ—അതു ശരിയാവാം തെററാവാം—പലതരത്തിൽ ഉണ്ടായിട്ടുള്ള ആരോപണങ്ങളും ആക്ഷേപങ്ങളും പരിഗണിച്ച് അതു ക്രമമാക്കുന്നതിനും വ്യക്തമായ വ്യവസ്ഥകളോടുകൂടി ഇന്നു കേരളത്തിലുള്ളതിൽവച്ച് ഏററവും ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന, പോരായ്മകളുണ്ടായിരുന്നാലും വലിയ പരിശുദ്ധമായ ശ്രീകോവിലൊന്നുമല്ലെങ്കിലും ഇന്നുള്ള ശ്രീകോവിലുകളിൽവച്ച് ഏററവും മെച്ചപ്പെട്ട ശ്രീകോവിലെന്ന നിലയ്ക്ക് ട്രാൻസ്പോർട്ടു കാർപ്പറേഷനിലേയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുത്തുകൊണ്ട് എടുത്ത നടപടിയെ ഞാൻ പിൻതാങ്ങുന്നു.

<u>ശ്രീ. എം. കെ. എ. ഹമീദ്</u>: സർ, ഞാൻ ബില്ലിനെ ഭാഗികമായി സ്വാഗതംചെയ്യുകയാണ്. ട്രാൻസ്പോർട്ട് കാർപ്പറേഷനിലേക്കുള്ള നിയമനങ്ങൾ പി. എസ്. സി. ക്കു വിട്ടുകൊടുക്കാനുള്ള തീരുമാനം തീർച്ചയായും നല്ലതാണ്. പക്ഷെ അവിടംകൊണ്ടു നിറുത്തിയതു നല്ലതായില്ല. എല്ലാ കാർപ്പറേഷനുകളിലേയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കാനുള്ള തീരുമാനംകൂടി ഉണ്ടാകണം. അതിനുള്ള വകുപ്പുകൾകൂടി ഈ ബില്ലിൽ തന്നെ ഉൾക്കൊള്ളിക്കാമായിരുന്നു. അതു ചെയ്യേണ്ടതായിരുന്നു എന്നാണ് എന്റെ വ്യക്തമായ അഭിപ്രായം.

<u>ശ്രീ. കെ. ടി. ജോർജ്ജ്</u>: ബാക്കിയുള്ള നിയമനങ്ങൾകൂടി പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുന്ന ഒരു വകുപ്പുകൂടി ഇതിൽ എങ്ങനെ ഉൾക്കൊള്ളിക്കാൻ സാധിക്കും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. എ. ഹമീദ്: ഈ ബില്ലിൽത്തന്നെ ഉൾക്കൊള്ളിക്കാമായിരുന്നല്ലോ? ട്രാൻസ്പോർട്ടു കാർപ്പറേഷൻ എന്നുള്ളത് എല്ലാ കാർപ്പറേഷനുകളും എന്നാക്കിയാൽ മതിയായിരുന്നു.

സർ, ഈ ബില്ലിനു നിദാനമായ ചിലതൊക്കെ ഈ ബില്ലിന്റെ ഓബ്ജക്ട്സ് ആന്റ് റീസൺസിൽ പറയന്നുണ്ട്. ഞാൻ ആ ഭാഗം വായിക്കാം:

Due to public criticism regarding the manner of recruitment to the Corporations and Companies owned and managed by Government, the Chief Minister gave an assurance in the Legislative Assembly that the question whether recruitment to such Corporations and Companies shall be entrusted to the Public Service Commission will be considered.

സർ, അപ്പോൾ മുൻ മുഖ്യമന്ത്രി അങ്ങനെ ഒരു ഉറപ്പ് ഈ നിയമസഭയ്ക്കു തന്നിരുന്നു. ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ അങ്ങനെ ഒരു നിയമനിർമ്മാണത്തിനു മുതിർന്നപ്പോൾ ആ ഉറപ്പു മുഴുവൻ പരിപാലിക്കുന്ന രീതിയിൽ കൈകാര്യം ചെയ്യേണ്ടതായിരുന്നു എന്നുള്ള അഭിപ്രായം ഞാൻ ആവർത്തിക്കുന്നു. സർ, ട്രാൻസ്പോർട്ടു കാർപ്പറേഷനുള്ളിൽ ധാരാളം അഴിമതികൾ നടന്നതായി പരാതികളുണ്ടായിട്ടുണ്ട് എന്നുള്ളതു ശരിയാണ്. മററു കാർപ്പറേഷനുകളെ സംബന്ധിച്ചും പരാതികളുണ്ടായിരുന്നു. അങ്ങനെയിരിക്കെ ട്രാൻസ്പോർട്ടു കാർപ്പറേഷനെ മാത്രം തെരഞ്ഞെടുത്തു ചില നടപടികൾ സ്വീകരിക്കാൻ ഇപ്പോഴത്തെ ഗവൺമെന്റ് മുതിർന്നത് എന്തുകൊണ്ടാണെന്ന് ആലോചിക്കേണ്ട കാര്യമാണ്. സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യമായി ചെയ്ത ഒരു കാര്യം ട്രാൻസ്പോർട്ടു കാർപ്പറേഷനിലെ അനുദ്യോഗസ്ഥ ചെയർമാനെ നീക്കംചെയ്യുകയെന്നുള്ളതായിരുന്നു. അദ്ദേഹം എന്തെങ്കിലും അഴിമതി കാണിച്ചിട്ടുണ്ടെങ്കിൽ, അദ്ദേഹത്തിന്റെ ഭരണകാലത്ത് എന്തെങ്കിലും തകരാറുകൾ നടന്നിട്ടുണ്ടായിരുന്നെങ്കിൽ അവയെ അടിസ്ഥാനമാക്കി വേണ്ട നടപടിയെടുക്കുന്നതിന് എനിക്കു പരാതിയില്ല. എത്രയോ കാർപ്പറേഷനുകൾ നമ്മുടെ നാട്ടിലുണ്ട്. അവയിൽ മിക്കതിലും അനുദ്യോഗസ്ഥ ചെയർമാൻമാരുണ്ട്. അവിടെയെല്ലാം പരാതികളുമുണ്ടെന്നിരിക്കെ ട്രാൻസ്പോർട്ടു കാർപ്പറേഷൻ ചെയർമാനെമാത്രം നീക്കംചെയ്യാനുള്ള നടപടി ഈ ഗവൺമെന്റ് എടുത്തതിനുള്ള കാരണങ്ങൾ കക്ഷിരാഷ്ട്രീയ പരിഗണനതന്നെയാണെന്ന് എനിക്ക് അഭിപ്രായമുണ്ട്. മററു കാർപ്പറേഷനുകളിലെ നിയമനങ്ങൾ പി. എസ്. സി. ക്കു വിട്ടുകൊടുക്കാത്തതിനെ സംബന്ധിച്ച് ഈ നിയമസഭയിൽത്തന്നെ ചോദ്യമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കൊടുത്ത മറുപടി സമയമായിട്ടില്ലെന്നാണ്. സർ, ഇത് ഒരു 'ഇന്ദിരാ മോഡൽ' വാദഗതിയാണ്. സോഷ്യലിസം വളരെവേഗം നടപ്പാക്കണം, വിദേശവ്യാപാരം പരിപൂർണ്ണമായിട്ട് ഏറെറടുക്കണം, സ്വത്തവകാശത്തെ സംബന്ധിച്ച മൗലികാവകാശം റദ്ദാക്കണം എന്നൊക്കെ റഡ്ഫോർട്ടിനുമുകളിൽ കയറിനിന്നു പ്രസംഗിക്കുന്ന ആളാണ് ശ്രീമതി ഇന്ദിരാഗാന്ധി. പക്ഷെ കാര്യത്തോടടുക്കുമ്പോൾ അവർ പറയുന്നത് സമയമായില്ലാ സമയമായില്ല എന്നാണ്. അതേ സമീപനംതന്നെ ഈ ഗവൺമെന്റ് കാണിക്കുന്നതു ഖേദകരമാണെങ്കിലും അതിൽ അതിശയിക്കാനൊന്നുമില്ല. ഇപ്പോഴത്തെ ഗവൺമെന്റ് എന്നു പറഞ്ഞാൽ കാൺഗ്രസ്സിനുവേണ്ടി ശ്രീമാൻ അച്യുതമേനോൻ നടത്തുന്ന ഗവൺമെന്റാണ്.

Government by Achutha Menon for the Congress. ശ്രീമാൻ കെ. ടി. ജാർജ്ജും ശ്രീമാൻ കരുണാകരനും ഡാക്ടർ ജോർജ്ജുതോമസ്സുമൊക്കെ ഇവിടെ പറഞ്ഞിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Shri E. Ahamed: Off the Marxists..........

ശ്രീ. എം. കെ. എ. ഹമീദ്: ഇഷ്ടമുള്ള അഭിപ്രായമെടുത്തുകൊള്ളാം. മിസ്റ്റർ അഹമ്മദ് എന്നോടു പരിപൂർണ്ണമായിട്ടു യോജിക്കുകയില്ലെന്ന് എനിക്കറിയാം. ഏതായിരുന്നാലും ഞാൻ പറയുന്നതിന് അടിസ്ഥാനമുണ്ട്. ഡാക്ടർ ജാർജ്ജുതോമസ്സും മററും ഈ നിയമസഭയിൽത്തന്നെ പറഞ്ഞിട്ടുള്ളതാണ് ശ്രീമാൻ അച്യുതമേനോൻ ഗവൺമെൻറിനെ തങ്ങളുടെ ഗവൺമെൻറ് എന്നപോലെ കണക്കാക്കുമെന്നും, തങ്ങൾ സംതൃപ്തരാണെന്നും. ഡാക്ടർ ജോർജ്ജ് തോമസും ശ്രീമാൻ കരുണാകരനും ഇവിടെ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. കെ. ടി. ജോർജ്ജ്: ഞങ്ങൾക്ക് ഒരു ഗവൺമെൻറുണ്ടായിരുന്നെങ്കിൽ എങ്ങനെ ഭരിക്കുമായിരുന്നോ അതേമാതിരിയാണ് ഇവിടെ ഭരണം നടക്കുന്നതെന്നു പറഞ്ഞതു ഡാക്ടർ ജാർജ്ജ് തോമസ്സാണ്.

ശ്രീ. എം. കെ. എ. ഹമീദ്: അതാണല്ലോ ഞാനും പറഞ്ഞത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഡാക്ടർ ജാർജ്ജുതോമസ്സിനെക്കൊണ്ട് അങ്ങനെ പറയിപ്പിച്ചത് ബഹുമാനപ്പെട്ട മെമ്പറുംകൂടി ചേർന്നല്ലേ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ആരൊക്കെയാണ് അതു പറയിപ്പിച്ചതെന്ന് എഴന്നേററുനിന്നപ്പോൾ ബോധ്യമായില്ലേ?

ശ്രീ. എം. കെ. എ. ഹമീദ്: ശ്രീമാൻ കെ. ടി. ജോർജ്ജിനും ആ കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ലെന്നു പ്രകടമാക്കിക്കഴിഞ്ഞു.

സർ, ഈ ഗവൺമെൻറ് അധികാരത്തിൽവന്ന ഉടനെതന്നെ രണ്ടു പ്രഖ്യാപനങ്ങളുണ്ടായി. ഒന്ന് മുഖ്യമന്ത്രിയുടെ പ്രഖ്യാപനമാണ്. പുതിയ ഗവൺമെൻറ് പഴയ ഐക്യമുന്നണി ഗവൺമെൻറിൻെറ തുടർച്ചയാണ്; ഈ. എം. എസ്. ഗവൺമെൻറിൻെറ തുടർച്ചയാണ് എന്ന് അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. ശ്രീമാൻ കെ. എം. ജോർജ്ജും ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ഇപ്പോഴത്തെ ഗവൺമെൻറ് 60—ൽ വിമോചനസമരത്തിനുശേഷം നിലവിൽവന്ന ഗവൺമെൻറിൻെറ പിൻതുടർച്ചയായിട്ടുള്ളതാണെന്നാണ്.

ശ്രീ. കെ. എം. ജോർജ്ജ്: ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറഞ്ഞതുകൊണ്ടു ചോദിക്കുകയാണ്, എവിടെവച്ച് ആരോടുപറഞ്ഞു, എന്നു പറഞ്ഞു, ഏതു പത്രലേഖകനോടാണ് ഞാൻ പറഞ്ഞത്?

ശ്രീ. എം. കെ. എ. ഹമീദ്: മിക്കവാറും പത്രങ്ങളിൽ വന്നിരുന്നു.

ശ്രീ. കെ. എം. ജോർജ്ജ്: ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ലെന്നു ഞാൻ പറയുന്നു.

ശ്രീ. എം. കെ. എ. ഹമീദ്: നിഷേധിച്ചിട്ടില്ല.

ഡെ: സ്പീക്കർ: ഇപ്പോൾ നിഷേധിച്ചല്ലോ.

ശ്രീ. എം. കെ. എ. ഹമീദ്: ഏതായാലും അതു നിഷേധിച്ചാലുമില്ലെങ്കിലും അദ്ദേഹം പറഞ്ഞതായിട്ട് പത്രത്തിൽ വന്ന വാർത്തയ്ക്കു അനുസൃതമായിട്ടു കാര്യങ്ങൾ മുന്നോട്ടുപോയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ഇ. അഹമ്മദ്:</u> കാർപ്പറേഷന്റെ നിയമനങ്ങൾ സർവ്വീസ് കമ്മീഷനു വിട്ടുകൊടുത്തുകൊണ്ടുള്ള തീരുമാനമെടുത്തതാണോ അനുസൃതമായി മുന്നോട്ടു പോകുന്നതെന്നു പറഞ്ഞത്?

<u>ശ്രീ. എം. കെ. എ. ഹമീദ്:</u> കാൺഗ്രസ്സ് ഗവൺമെന്റിന്റെ നയങ്ങളിൽ സുപ്രധാനങ്ങളായ രണ്ടെണ്ണം പോലീസ് മർദ്ദനവും പോലീസ് വെരിഫിക്കേഷനുമായിരുന്നു. ആ രണ്ടു നയങ്ങളും കലവറയില്ലാതെ ഈ ഗവൺമെന്റ് പിൻതുടരുന്നു എന്നുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്, ഈ ഗവൺമെന്റ് പഴയ ഐക്യമുന്നണി ഗവൺമെന്റിന്റെ തുടർച്ചയെന്നുള്ളതിനേക്കാൾ പി. ടി. ചാക്കോയുടേയും ശങ്കറുടേയും ഗവൺമെന്റിന്റെയും തുടർച്ചയാണെന്ന് പറയുന്നതായിരിക്കും കൂടുതൽ ശരി എന്ന്. ശ്രീമാൻ കെ. എം. ജോർജ്ജിന്റെ അഭിപ്രായം വന്നപ്പോൾ അദ്ദേഹത്തോട് എനിക്കു ബഹുമാനം തോന്നുകയാണുണ്ടായത്. എന്നാൽ അതു നിഷേധിച്ചപ്പോൾ കുറെ ബഹുമാനക്കുറവുണ്ടായിപ്പോയി.

<u>ശ്രീ. ഇ. അഹമ്മദ്:</u> ബഹുമാനപ്പെട്ട മെമ്പർക്ക് അദ്ദേഹത്തോടുള്ള ബഹുമാനക്കുറവ് ഒരു ക്വാളിഫിക്കേഷനായിരിക്കും.

<u>ശ്രീ. എം. കെ. എ. ഹമീദ്:</u> അഹമ്മദിന് ഇഷ്ടംപോലെ ധരിക്കാം. ഏതായാലും നയമായിട്ട് അംഗീകരിച്ചാലും ഇല്ലെങ്കിലും പോലീസ് മർദ്ദനങ്ങൾ നടക്കുന്നു എന്നുള്ളത് ഒരു സത്യമാണ്. മർദ്ദനങ്ങളുടെ കരളലിയിക്കുന്ന കഥകൾ നാം ഈ നിയമസഭയിൽത്തന്നെ വളരെയധികം പറഞ്ഞുകേട്ടു.

<u>ശ്രീ. പി. എസ്. നമ്പൂതിരി:</u> മാർക്സിസററു കമ്മ്യൂണിസ്ററു പാർട്ടിയുടെ............

<u>ഡെ: സ്പീക്കർ:</u> ഇത് ബില്ലിനെപ്പററിയുള്ള ചർച്ചയാണ്, പോലീസ് മർദ്ദനമല്ല.

<u>ശ്രീ. എം. കെ. എ. ഹമീദ്:</u> പോലീസ് മർദ്ദനത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഏതായാലും പോലീസ് വെരിഫിക്കേഷൻ അവിടെ നടക്കുന്നു എന്നുള്ളതിനു തെളിവാണു ചെയർമാനെ നീക്കംചെയ്തതും തുടർന്ന് പല തൊഴിലാളികളെയും പിരിച്ചുവിട്ടുകൊണ്ടിരിക്കുന്നതും സർ, ഈ............

<u>ശ്രീ. ടി. എ. മജീദ്:</u> എല്ലാ കാര്യങ്ങളും പറഞ്ഞു, ആ പ്ലാനിംഗിന്റെ കാര്യംകൂടി പറഞ്ഞാൽക്കൊള്ളാമായിരുന്നു.

<u>ഡെ: സ്പീക്കർ:</u> ആർഡർ, ആർഡർ. ബഹുമാനപ്പെട്ട മജീദ്............

<u>ശ്രീ. എം. കെ. എ. ഹമീദ്:</u> ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ അവിഹിതമായി നിയമനം നടന്നിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദികളായിട്ടുള്ളവരെ ശിക്ഷിക്കുന്നതിൽ ഞാൻ എതിരല്ല. എന്നാൽ നിരപരാധികളായിട്ടുള്ള ആളുകളെ ഒരു നയത്തിന്റെ പേരിൽ ശിക്ഷിക്കാൻ മുതിരുന്നത് തെററാണെന്നു ചൂണ്ടിക്കാണിക്കാൻവേണ്ടിയാണ് ഞാൻ ഇതു പറഞ്ഞത്. സർ, ഈ സ്റേററിൽ ട്രാൻസ്പോർട്ടു കോർപ്പറേഷനെപ്പോലെ എത്രയോ കാർപ്പറേഷനുകളുണ്ട്. 10, 15 കാർപ്പറേഷനുകളും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഏതാനും കമ്പനികളും ഇവിടെ ഉണ്ട്. അതിൽ ട്രാൻസ്പോർട്ടു കോർപ്പറേഷൻ ഒഴിച്ച് മററുള്ള കാർപ്പറേഷനുകളിൽ ഒക്കെത്തന്നെ ചെയർമാനായിട്ടു വരുന്നത് ഏതു പാർട്ടിയിലെ മന്ത്രിയുടെ നിയന്ത്രണത്തിലാണോ ആ കാർപ്പറേഷൻ, ആ പാർട്ടിയിലെ ആൾക്കാരാണ്. ഉദാഹരണത്തിന് ഖാദിബോർഡിൽ സഖാവ് ചാത്തൻ മാസ്ററാണ് വൈസ് ചെയർമാൻ. പ്ലാന്റേഷൻ കാർപ്പറേഷൻ ചെയർമാൻ സഖാവ്

റോസമ്മ പുന്നൂസാണ്. ശ്രീമാൻ ഇ. പി. ഗോപാലൻ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ. കാഷ്യൂ കോർപ്പറേഷനിൽ സ. രാമൻപിള്ള. ഇങ്ങനെ കോർപ്പറേഷനുകൾ എണ്ണിയെണ്ണിയെടുത്താൽ അതാതു പാർട്ടികളുടെ നേതാക്കൻമാരോ പ്രവർത്തകൻമാരോ അനുഭാവികളോ ആയിട്ടുള്ള ആളുകളെയാണ് ചെയർമാൻമാരായിട്ടു നിയമിച്ചിട്ടുള്ളത് എന്നു കാണാം. രാഷ്ട്രീയ പ്രവർത്തകർ ഇങ്ങനെയുള്ള സ്ഥാനങ്ങളിൽ വരുന്നതിൽ തെററില്ല. അങ്ങനെ വരുമ്പോൾ അവർക്കു അവരുടെ ചുമതലകൾ നിർവഹിക്കാനുള്ള യോഗ്യതകളും കഴിവും ഉണ്ടായിരിക്കണമെന്നു മാത്രമേ എനിക്കഭിപ്രായമുള്ളു. മററു പല കോർപ്പറേഷനുകളിലെയും പ്രവർത്തനത്തെക്കുറിച്ചുകൂടി ഇത്തരുണത്തിൽ പരിശോധിക്കുന്നതു നന്നായിരിക്കുമെന്നാണെൻെറ അഭിപ്രായം. നമ്മുടെ ഡെപ്യൂട്ടി സ്പീക്കർ ചെയർമാനായിട്ടുള്ള പബ്ളിക് അണ്ടർടേക്കിംഗ് കമ്മിററിതന്നെ പല പൊതുമേഖലാ സ്ഥാപനങ്ങളെയും കുറിച്ചു പഠനം നടത്തുകയും നല്ല ചില റിപ്പോർട്ടുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടുകളിലൊക്കെത്തന്നെ ഊന്നിപ്പറഞ്ഞിട്ടുള്ള ഒരു കാര്യം ഈ കോർപ്പറേഷനുകളിലൊക്കെത്തന്നെ കാര്യക്ഷമതയുടെ കുറവുണ്ട്, എന്നുള്ളതാണ്. ആവശ്യത്തിലധികം സ്ററാഫിനെ കുത്തിത്തിരുകിയിട്ടുണ്ട് എന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുപോലെതന്നെ പബ്ളിക് അക്കൗണ്ട്സ് കമ്മിററിയും അക്കൗണ്ടൻറ് ജനറലും വളരെയധികം അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഉദാഹരണമായി, ഖാദിബോർഡിൽക്കൂടി ലക്ഷക്കണക്കിന് ഗവൺമെൻറുപണം സ്വകാര്യവ്യക്തികളുടെ കൈയിലേക്ക് ഒഴുകിപ്പോകുന്നെന്ന് പബ്ളിക് അക്കൗണ്ട്സ് കമ്മിററിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. കൈക്കുത്തരി സംഘങ്ങൾക്കും മററു സൊസൈററികൾക്കും നൽകിയ പണം ധൂർത്തടിക്കപ്പെടുകയാണെന്ന് പരാമർശനങ്ങളുണ്ടായിട്ടുണ്ട്. യൂട്ടിലൈസേഷൻ സർട്ടിഫിക്കററില്ലാതെ പണം കടംകൊടുത്തിരിക്കുന്നു എന്നുള്ള റിപ്പോർട്ടുതന്നെ വന്നിട്ടുണ്ട്. ഹാൻഡ്പൗണ്ടിംഗ് സൊസൈററികൾക്കു നൽകിയതിൽനിന്നും ദുരുപയോഗപ്പെടുത്തിയ ലക്ഷക്കണക്കിനു രൂപാ ഉത്തരവാദപ്പെട്ടവരിൽനിന്നും റിക്കവർ ചെയ്യണമെന്നുള്ള നിർദ്ദേശം അക്കൗണ്ടൻറ് ജനറലിൽനിന്നുണ്ടായി. അതിനുള്ള നടപടി സ്വീകരിക്കാൻ ഖാദിബോർഡിലെ അധികൃതർ മുതിർന്നപ്പോൾ അന്നത്തെ വ്യവസായമന്ത്രിയായിരുന്ന ശ്രീ. ടി. വി. തോമസ് ഒരു സ്റേറ പുറപ്പെടുവിക്കുകയാണു ചെയ്തത്. അതിനടിസ്ഥാനമായ കാരണം സ്വന്തം പാർട്ടിക്കാരുടെ സമ്മർദ്ദമാണ്. പ്ളാൻേറഷൻ കോർപ്പറേഷനാണെങ്കിൽ കറവപ്പശുക്കളിൽവച്ചു കറാച്ചിപ്പശുവാണ്. ആറേഴു കോടി രൂപ മുടക്കിയിട്ടുള്ള ആ കോർപ്പറേഷനിൽനിന്ന് ലക്ഷക്കണക്കിനു രൂപയുടെ ആദായം നമുക്കു കിട്ടേണ്ടിയിരിക്കേ അവിടെനിന്ന് എന്തു ലഭിച്ചുകൊണ്ടിരിക്കുന്നു എന്നു ബഹുമാനപ്പെട്ട കൃഷിമന്ത്രി ഇവിടെ വെളിപ്പെടുത്തുകയുണ്ടായി. സാധാരണ ഒരു ഏക്കറിന് ആയിരം രൂപാ അററാദായം കിട്ടിക്കൊണ്ടിരിക്കുമ്പോൾ അതിൽനിന്നും എത്രയോ ചുരുങ്ങിയ ഒരു തുകയാണ് പ്ളാൻേറഷൻ കോർപ്പറേഷനു കിട്ടുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ പറയുകയുണ്ടായി. കൃഷിച്ചെലവു വളരെ കൂടിയിരിക്കുന്നതായും കാണാം.

ശ്രീ. പി. രാമലിംഗം : പ്ളാൻേറഷൻ കോർപ്പറേഷനിൽനിന്ന് 60,000 രൂപ കിട്ടിയിട്ടുണ്ട്.

ശ്രീ. എം. കെ. എ. ഹമീദ് : അയ്യായിരം ഏക്കറിൽനിന്നു അറുപതിനായിരം ഉറുപ്പിക കിട്ടിയാൽ മതിയോ ? ബഹുമാനപ്പെട്ട മെംബർ കണക്കു കൂട്ടിനോക്കൂ.

ശ്രീ. ഒ. കോരൻ : ലാഭമാണെന്നാണു പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. എ. ഹമീദ്: ബഹുമാനപ്പെട്ട രാമലിംഗം പറഞ്ഞ കണക്കനുസരിച്ചു നോക്കിയാലും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ തുക കിട്ടിയാൽ മതിയോ ? ഏക്കറിന് ആയിരം രൂപവച്ച് അമ്പതിനായിരം ഏക്കറിന് എത്ര കിട്ടണം ? അറുപതിനായിരം രൂപ മതിയോ ?

ശ്രീ. പി. രാമലിംഗം : നാലു ലക്ഷത്തിൽപ്പരം കിട്ടിയിട്ടുണ്ട്.

ശ്രീ. എം. കെ. എ. ഹമീദ് : എങ്കിലും മതിയാകുമോ ? ബഹുമാനപ്പെട്ട കൃഷിമന്ത്രി പറഞ്ഞതാണോ ബഹുമാനപ്പെട്ട രാമലിംഗം പറയുന്നതാണോ വിശ്വസിക്കേണ്ടത് ? ഒരുകാര്യം തർക്കമററതാണ്. ഓവർഹെഡ്ഡ് എക്സ്പൻറിച്ചർ 16 ശതമാനത്തിൽ കൂടാൻ പാടില്ല എന്നു റബർബോർഡ് കണക്കാക്കിയിരിക്കെ പ്ലാൻേറഷൻ കോർപ്പറേഷനിൽ അതു നാൽപത്തിയെട്ട് ശതമാനത്തോളമാണ്.

ശ്രീ. പി. രാമലിംഗം : അവിടെ കെട്ടിടനിർമ്മാണത്തിനും മററും ചെലവാക്കുന്നുണ്ട്. ക്യാപ്പിററൽ ഇൻവെസ്ററുമെൻറാണ്.

ശ്രീ. എം. കെ. എ. ഹമീദ് : തൊഴിലാളികളുടെ സൗകര്യം എല്ലാ എസ്റേററിലുമുണ്ട്. റബ്ബർബോർഡ് ശേഖരിച്ചിട്ടുള്ള കണക്കുകളനുസരിച്ച് പ്ലാൻേറഷൻ കോർപ്പറേഷനിൽ ഏതാണ്ട് 48-50 ശതമാനം ഓവർഹെഡ്ഡ് എക്സ്പൻറിച്ചറാണ് വരുന്നത്. പബ്ളിക് അണ്ടർട്ടേക്കിംഗ് കമ്മിററിയുടെ റിമാർക്ക് ഇവിടെ വളരെ ശ്രദ്ധേയമാണ്. ഇന്നലെ ബഹുമാനപ്പെട്ട ശ്രീ. ആര്യൻ അതിനെക്കുറിച്ചു പറയുകയും ചെയ്തു. പ്ലാൻേറഷൻ കോർപ്പറേഷൻെറ ചെയർമാൻസ്ഥാനം അലങ്കരിക്കുന്ന വ്യക്തി ഒരു അധികപ്പററാണെന്നു ഭംഗ്യന്തരേണ പബ്ളിക് അണ്ടർടേക്കിംഗ് കമ്മിററി പറഞ്ഞിരിക്കെ ശ്രീമാൻ എം. എൻ. ഗോവിന്ദൻ നായർ റോസമ്മ പുന്നൂസിൻെറ കാലാവധി നീട്ടിക്കൊടുക്കുകയാണു ചെയ്തത്. അതേ അവസരത്തിൽത്തന്നെ ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ ചെയർമാനെ പിരിച്ചുവിട്ടു 'ശുദ്ധീകരണം' നടത്തുകയും ചെയ്തു. സർ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖ്യമായും കർഷകർക്കാവശ്യമുള്ള ഇഞ്ചിനീയറിംഗ് സാമഗ്രികളുടെ വ്യാപാരം നടത്തുന്ന സ്ഥാപനമാണ്. അതിൻെറ തലപ്പത്തിരിക്കുന്ന ആൾക്കു ചില യോഗ്യതകളൊക്കെ അനിവാര്യമാണ്. എൻെറ അഭിപ്രായത്തിൽ നല്ല ഒരു മെക്കാനിക്കൽ ഇഞ്ചിനീയറോ അഗ്രിക്കൾച്ചറൽ ഇഞ്ചിനീയറോ ആണ് ആ സ്ഥാനത്തിരിക്കേണ്ടത്. ഹരിതവിപ്ലവത്തിന് ആയുധങ്ങൾ ശേഖരിക്കാൻവേണ്ടി അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സമീപിച്ചിട്ടുള്ള ഈ നാട്ടിലെ ആളുകൾക്കുണ്ടായിട്ടുള്ള തിക്താനുഭവങ്ങൾ എനിക്കു മനസ്സിലാക്കാൻ സാധിക്കുകയും കൃഷിമന്ത്രിയായിരുന്ന ശ്രീ. എം. എൻ. ഗോവിന്ദൻ നായരുടെ ശ്രദ്ധയിൽപ്പെടുത്താൻ എനിക്കു അവസരം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻെറ പ്രവർത്തനത്തിൽ പരക്കെ പരാതി ഉണ്ടായിട്ടുപോലും അവിടത്തെ നിയമനങ്ങൾ പബ്ളിക് സർവീസ് കമ്മിഷനു വിട്ടുകൊടുക്കാനോ അവിടത്തെ ചെയർമാനെ മാററി ആ സ്ഥാനത്തിൻെറ ചുമതലകൾ നിറവേററാൻ കഴിവുള്ള മറെറാരാളെ കണ്ടുപിടിക്കാനോ ഈ ഗവൺമെൻറ് തയ്യാറായിട്ടില്ല. അതിനു കാരണങ്ങളുണ്ട് പാർട്ടിതാൽപ്പര്യംതന്നെ മുഖ്യ കാരണം. സർ, ഇവിടെ ഒരു കോവാപ്പറേററീവ് സൊസൈററി ഉണ്ട്. തൊഴിലില്ലാത്ത ഇഞ്ചിനീയർമാർക്കു തൊഴിലുണ്ടാക്കിക്കൊടുക്കാൻവേണ്ടി ശ്രീ. ടി.വി. തോമസ് വ്യവസായമന്ത്രിയായിരുന്ന കാലത്ത് കേരളത്തിൽ ഒരു സഹകരണസംഘം സ്ഥാപിക്കപ്പെട്ടു. തൊഴിലില്ലാതെ അലയുന്ന ഇഞ്ചിനീയറിംഗ് ബിരുദധാരികളും ഡിപ്ളോമാ ഹോൾഡേഴ്സും, ഐ. ടി. ഐ. സർട്ടിഫിക്കററുകാരും ഒക്കെ വളരെയധികമുള്ള സ്ഥലമാണ് കേരളം. ഇങ്ങനെയൊരു സ്ഥാപനം ഉണ്ടാക്കുന്നു എന്നറിഞ്ഞപ്പോൾ അതിൽ വളരെ

LIBRARY ARCHIVES Kerala Legislative Assembly

അധികം ചെറുപ്പക്കാർ ചേർന്നു മൂലധനമായി അവർ കുറെ പണം ഉണ്ടാക്കുകയും ചെയ്തു. ഇന്ന് അവരുടെ സ്ഥിതി എന്താണ്? ഈ തൊഴിലില്ലാത്ത ചെറുപ്പക്കാർ വളരെ കഷ്ടപ്പെട്ട് ഉണ്ടാക്കിയ പണം തീർന്നിരിക്കുന്നു എന്നു മാത്രമല്ല ഒരൊററ ആറംക്കുപോലും തൊഴിൽ കിട്ടിയിട്ടുമില്ല. പ്രശ്നപരിഹാരമുണ്ടായത് ചില പാർട്ടി നേതാക്കൻമാർക്കു മാത്രമാണ്. ഇഞ്ചിനീയർമാരുടെ സഹകരണ സംഘത്തിൽ ചെയർമാനായിരിക്കുന്നത് സി. പി. ഐ.യുടെ ഉന്നത നേതാവായ ശ്രീ. പി. ബാലചന്ദ്രമേനോനാണ്. ഉപനേതാവു മറെറാരു നേതാവായ ശ്രീ. സുബ്രഹ്മണ്യ ശർമ്മയാണ്. ഇഞ്ചിനീയറിംഗിൽ പല വിഭാഗങ്ങളുണ്ട്. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്, ടെലി കമ്മ്യൂണിക്കേഷൻ, ആട്ടോമൊബൈൽ, ന്യൂക്ളിയർ എന്നു തുടങ്ങി ധാരാളം വിഭാഗങ്ങളുണ്ട്. സഖാവ് മേനോനും ശർമ്മയും ഇതിൽ ഏതു വിഭാഗത്തിൽപ്പെട്ടവരാണെന്ന് എനിക്ക് അറിഞ്ഞുകൂട. ഇനി 'പൊളിററിക്കൽ ഇഞ്ചിനിയറിംഗ്' എന്ന ഒരു വിഭാഗം ഉണ്ടാക്കി ഇവിടെ അതിൽപ്പെടുത്തണം. സർ, സർക്കാർ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളിലേക്കു നോക്കുകയാണെങ്കിൽ കാണുന്ന സ്ഥിതി എന്താണ്? ടി. സി. സി.യെക്കുറിച്ചു വളരെയധികം ആക്ഷേപങ്ങൾ ഈ നിയമസഭയ്ക്കകത്തും പുറത്തും ഉണ്ടായിട്ടുണ്ട്. അവിടെ ചില സംഭവ വികാസങ്ങളുണ്ടായി; ഹൈഡ്രോ സൽഫേററിന്റെ വിൽപ്പനയെക്കുറിച്ച്. അവിടത്തെ സെയിൽസ് മാനേജരായിരുന്നു......

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ഹമീദിനെപ്പോലുള്ളവർ പ്രസംഗിക്കുമ്പോഴെങ്കിലും ബില്ലുമായി ബന്ധമുള്ള സംഗതികൾ സംസാരിക്കണം.

ശ്രീ. എം. കെ. എ. ഹമീദ്: സർ, ഞാൻ പറഞ്ഞുവന്നത് ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ നിയമനങ്ങളെയും പിരിച്ചുവിടലിനെയും പററിയാണ്. അവിടെ ശുദ്ധീകരണ നടപടി സ്വീകരിക്കുന്നു എന്നുള്ളതാണ് ഗവൺമെൻറിന്റെ നിലപാട്. സർ, മററു കോർപ്പറേഷനിലും കമ്പനികളിലുമെല്ലാം ഇതിനേക്കാൾ ഗുരുതരമായ കാര്യങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങനെയിരിക്കെ ട്രാൻസ്പോർട്ടു കോർപ്പറേഷൻമാത്രം കൈയിലെടുത്തു 'ശുദ്ധീകരിക്കാൻ' മുതിരുന്നതു എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. അതുകൊണ്ടാണല്ലോ ഞാൻ അങ്ങയുടെ റിപ്പോർട്ടു പലപ്പോഴും കോട്ടുചെയ്തത്.

ഡെപ്യൂട്ടി സ്പീക്കർ: അതുകൊണ്ടാണല്ലോ ഞാൻ സമ്മതിച്ചത്.

ശ്രീ. എം. കെ. എ. ഹമീദ്: സർ, ടി. സി. സി.യെക്കുറിച്ചു ചില പരാതികളുണ്ടായി. രണ്ടുദ്യോഗസ്ഥൻമാരെ അവിടെനിന്നും പരിച്ചുവിട്ടു. ഒന്ന്, സെയിൽസ് മാനേജരായ ഒരു ശ്രീ. ഗോപാലകൃഷ്ണനും മറെറാന്ന് അവിടത്തെ ബോർഡ് സെക്രട്ടറിയായ ശ്രീ. ജോസഫും. ആ പിരിച്ചുവിടൽ ശരിയോ തെറേറാ എന്നുള്ള കാര്യം ഇരിക്കട്ടെ. പിരിച്ചുവിടലിനെ ചോദ്യംചെയ്തുകൊണ്ട് ഈ പറഞ്ഞ ഉദ്യോഗസ്ഥൻമാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു.

ശ്രീ. വി. എസ്. നമ്പൂതിരി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇതുമാതിരി എന്തും സംസാരിക്കാമെന്നാണോ? ഈമാതിരി പറയുകയാണെങ്കിൽ...............

ശ്രീ. എം. കെ. എ. ഹമീദ്: ഈ പറയുന്നതു നമ്പൂതിരിക്കു അസൗകര്യമാണോ എന്ന് എനിക്കറിയില്ല. ടി. സി. സി. എന്നു പറയുന്നത് കേരള ഗവൺമെൻറിന്റെ ഏററവും വലിയ വ്യവസായസ്ഥാപനമാണ്. അവിടെ രണ്ടുദ്യോഗസ്ഥൻമാരെ പിരിച്ചുവിട്ടു എന്നു ഞാൻ നേരത്തെ പറഞ്ഞു. അവർ കോടതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

കേസുകൊടുത്തു. പിരിച്ചുവിടാനുള്ള അധികാരവും അവകാശവും മാനേജ്മെൻറിനുണ്ടെന്ന് കോടതി വിധിക്കുകയും ചെയ്തു. പക്ഷേ ഈ മന്ത്രിസഭ അധികാരത്തിൽവന്ന് ഏതാനും ദിവസങ്ങൾക്കകം എന്താണു സംഭവിച്ചത്? ഈ പിരിച്ചുവിടപ്പെട്ട രണ്ടുപേരും എങ്ങനെയോ തിരിച്ചു കയറിയിരിക്കുന്നു. സെയിൽസ് മാനേജർ പോസ്ററിനുവേണ്ടി വളരെയധികം രൂപ ചെലവഴിച്ചു നാട്ടിൻെറ എല്ലാ ഭാഗങ്ങളിലുമുള്ള പത്രങ്ങളിൽ പരസ്യങ്ങൾ കൊടുക്കുകയും അതനുസരിച്ച് അപേക്ഷ വരികയും ചെയ്തിരുന്നു. ഇതെല്ലാം കഴിഞ്ഞതിനുശേഷമാണ് ഈ രണ്ടുപേരെയും തിരിച്ചെടുത്തിട്ടുള്ളത്. ഞാൻ അടുത്ത വാചകത്തിലേക്ക് കടക്കുമ്പോൾ ഒരുപക്ഷേ അങ്ങു എന്നെ തടഞ്ഞെന്നു വരാം. എന്നാലും കേസ് കംപ്ളീററാക്കാൻവേണ്ടി ഞാൻ പറയുകയാണ്. ടി. ടി. സി.യിലെ സെയിൽസ് മാനേജരായ ശ്രീ. ഗോപാലകൃഷ്ണൻ എന്നു പറയുന്ന ആൾ ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻെറ അടുത്ത ബന്ധുവാണ്. ബോർഡ്സെക്രട്ടറി എന്നു പറയുന്ന ആൾ സി. പി. ഐ.യുടെ സംസ്ഥാന കമ്മിററി മെമ്പറായ ശ്രീ. കെ. സി. മാത്യുവിൻെറ അടുത്ത ബന്ധുവാണെന്നാണ് അറിവ്. ഇതിനു രാഷ്ട്രീയ പ്രാധാന്യമുണ്ട്.

ശ്രീ. കെ. കരുണാകരൻ: പനമ്പിള്ളി ഗോവിന്ദമേനോനും ഗോപാലകൃഷ്ണനും തമ്മിൽ കടലും കടലാടിയും തമ്മിലുള്ള ബന്ധുത്വം മാത്രമേ ഉള്ളു എന്നറിയാമോ?

ശ്രീ. എം. കെ. എ. ഹമീദ്: എങ്ങനെയാണെന്ന് അറിയുകയില്ല. എനിക്കറിവുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. അതു വേണമെങ്കിൽ നിയമസഭയിൽനിന്നു ഒരു കമ്മററിയെ വച്ച് അന്വേഷിച്ചാലും എനിക്കു വിരോധമില്ല. ഏതായാലും ടി. സി. സി. യിലെ രണ്ടുദ്യോഗസ്ഥൻമാരും തിരിച്ചുവന്നിരിക്കുന്നു. ഇതിൽ രാഷ്ട്രീയ ബന്ധങ്ങളുണ്ടെന്ന് ഈ നാട്ടിൽ പരക്കെ അഭിപ്രായമുണ്ട്.

സർ, ഇലക്ട്രിസിററി ബോർഡിൽ ലക്ഷക്കണക്കിനു രൂപ കൺട്രാക്ടർമാരുടെ പോക്കററിലേക്കു ചോർന്നുപോയ സംഗതികളെക്കുറിച്ചു പരാതി ഉണ്ടാകുകയും അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടു വരികയും ഒരുകൊല്ലം കോൾഡ് സ്റേറാറേജിൽ വക്കുകയും ചെയ്തു. ഒരൊററ കൺട്രാക്ടറുടെ പേരിലെങ്കിലും നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. ആർ. എസ്. ഉണ്ണി: ഇലക്ട്രിസിററിബോർഡിലെ നിയമനം ഇപ്പോൾ പി. എസ്. സി. ക്കാണ്. അതവസാനിപ്പിച്ചു വീണ്ടും നേരിട്ടു നിയമനം നടത്തണമെന്നാണോ പറയുന്നത്?

ശ്രീ. എം. കെ. എ. ഹമീദ്: ശ്രീ. ഉണ്ണി ഇവിടെ ഇത്രയും സമയം ഇല്ലാതിരുന്നതുകൊണ്ടാണ് ഇങ്ങനെയുള്ള ചിന്താക്കുഴപ്പം അനുഭവപ്പെടുന്നത്. എൻെറ പ്രസംഗം ആദ്യംമുതൽ കേട്ടിരുന്നെങ്കിൽ അങ്ങനെ സംഭവിക്കുമായിരുന്നില്ല. സർ, ഈ ഗവൺമെൻറിൻെറ സ്വഭാവം കാണിക്കാനാണു ഞാൻ ഇതൊക്കെ പറയുന്നത്. ഇലക്ട്രിസിററി ബോർഡിൽ അഴിമതി കാണിച്ച ഒരൊററ കോൺട്രാക്ടർമാരുടെ പേരിലെങ്കിലും നടപടിയെടുക്കാനുള്ള ധൈര്യം ഇന്നത്തെ മന്ത്രിസഭ കാണിച്ചിട്ടില്ല. അവരെ ബ്ലാക്ക്ലിസ്ററ് ചെയ്യുകപോലും ചെയ്തിട്ടില്ല. കൺട്രാക്ടർമാർ എന്നു പറയുമ്പോൾ പൈലിപ്പിള്ള, ചാക്കോപ്പിള്ള ഇവരെല്ലാം രാഷ്ട്രീയ പ്രാധാന്യമുള്ളവരാണ്. ഞാൻ അതിലേക്കു കൂടുതൽ കടക്കുന്നില്ല. സർ, ഞാൻ പറഞ്ഞുവന്നത് ട്രാൻസ്പോർട്ടു കോർപ്പറേഷൻെറ പ്രവർത്തനത്തിലുള്ള പരാതിയെപ്പററിയായിരുന്നു. ആ പരാതിയെക്കുറിച്ചു അന്വേഷണം നടത്തുന്നതിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. അന്വേഷണം നടത്തി കുററക്കാരായവരെ ശിക്ഷിക്കുന്നതിലും എതിരില്ല. പക്ഷേ ട്രാൻസ്പോർട്ടു

2/3006/MG

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷൻമാത്രം ഒററ തിരിച്ചെടുത്തു ഇങ്ങനെകാണിക്കുന്നതു ശരിയല്ല. എല്ലാ കോർപ്പറേഷനെയും ഒരുപോലെ കാണുകയും മുൻ മുഖ്യമന്ത്രി ചെയ്തിട്ടുള്ള ഉറപ്പു പാലിക്കപ്പെടുകയും ചെയ്യണമെന്നു നിർബന്ധമുണ്ട്. സർ: ഒരു കാര്യം കൂടി. ശ്രീമാൻ കെ. എം. ജോർജ്ജ് മന്ത്രിയായതിനു ശേഷം ട്രാൻസ്പോർട്ടു അഡൈ്വസറി കൗൺസിൽ പുന:സംഘടിപ്പിച്ചു. എന്റെ ഓർമ്മ ശരിയാണെങ്കിൽ 27 അംഗങ്ങളാണ് അതിലുള്ളത്. അതിൽ 3 പേർ ഉദ്യോഗസ്ഥൻമാരും 24 പേർ അനുദ്യോഗസ്ഥൻമാരുമാണ്. പത്രറിപ്പോർട്ടുകൾ ശരിയാണെങ്കിൽ ഈ 24 പേരിൽ 13 പേരും ശ്രീമാൻ കെ. എം. ജോർജ്ജിന്റെ പാർട്ടിയിൽ പെട്ടവരാണ്. സർ, ഇങ്ങനെ മന്ത്രിമാരുടെ പാർശ്വവർത്തികളെയും അവരുടെ പാർട്ടിക്കാരെയും നിയമിക്കാനുള്ള നയമാണ് ഈ ഗവൺമെന്റ് തുടരുന്നത്. അത് ഖേദകരമായ നയമാണ്, തെററായ നയമാണ് എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എല്ലാ കോർപ്പറേഷനുകളെയും ഒരുപോലെ കാണണമെന്നും ഒരു പൊതുനയം ആവിഷ്ക്കരിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു. 'സമയമായില്ല' എന്നു പറയുന്ന സംപ്രദായം തീർച്ചയായിട്ടും നല്ലതല്ല. ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ നിയമനങ്ങൾ പി. എസ്. സി.ക്കു വിടുന്നതിനോടു ഞാൻ യോജിക്കുകയാണ്. അതുപോലെ എല്ലാ കോർപ്പറേഷനുകളിലെയും നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ:</u> ഈ ബിൽ സെലക്ററുകമ്മിററിയുടെ പരിഗണനക്ക് വിടണമെന്ന മോഷനെ പിന്താങ്ങിക്കൊണ്ട് സംസാരിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സ്റേററ് റോഡു ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കുന്ന നടപടിയോടു ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. എന്നാൽ അതിന് ഇങ്ങനെയൊരു ബിൽ ഇവിടെ ഇപ്പോൾ കൊണ്ടുവരുന്നതിനടിസ്ഥാനമായ ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും ഈ ബില്ലിന്റെ ഇതുവരെയുള്ള ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് ചില ബഹുമാന്യ സ്നേഹിതൻമാർ ചൂണ്ടിക്കാണിച്ച ചില കാര്യങ്ങളെക്കുറിച്ചും സംസാരിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. മററു പബ്ലിക്ക് അണ്ടർടേക്കിംഗ്സിന്റേയും കോർപ്പറേഷനുകളുടേയും ഗവൺമെന്റ് ഉടമയിലുള്ള കമ്പനികളുടേയും എല്ലാം നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കണമെന്നുള്ള വാദഗതി ഈ നിയമസഭയിൽ ഇതോടൊപ്പം ഉയർന്നുവന്നിരുന്നതാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഈ പൊതുസ്ഥാപനങ്ങളുടെ എല്ലാംതന്നെ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിഗണനക്ക് വിട്ടുകൊടുക്കാമെന്ന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉറപ്പുണ്ടായതാണ്. എന്നാൽ ഇന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു നടപടിയും സ്വീകരിക്കാതെ ട്രാൻസ്പോർട്ടു കോർപ്പറേഷന്റെ നിയമനം മാത്രം പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കുന്ന ഒരു ബില്ലുമായി സഭയിൽ വന്നിരിക്കുകയാണ്. ഈ ബില്ലിന്റെ ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച അംഗങ്ങളിൽ ചിലരുടെ അഭിപ്രായത്തിൽനിന്നും ബിൽ അവതരിപ്പിച്ചു സംസാരിച്ച ബഹുമാനപ്പെട്ട വ്യവസായമന്ത്രിയുടെ അഭിപ്രായത്തിൽനിന്നും ബഹുമാനപ്പെട്ട മന്ത്രി ചോദ്യങ്ങൾക്ക് ഉത്തരം നൽകിയതിൽനിന്നും എല്ലാ മററു പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിലെ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നുമാണ് പറഞ്ഞത്. ഈ നടപടികൾ സ്വീകരിക്കുന്നതിൽ താമസമെന്താണെന്ന് മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട കെ. ടി. ജോർജ് ചോദിച്ചതുപോലെ ഈ ബില്ലുകൊണ്ട് എല്ലാ കോർപ്പറേഷനുകളുടെ നിയമനവും പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിടാമായിരുന്നില്ലേ.. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഓബ്ജക്ട്സ് ആൻഡ് റീസൺസിന് മാററംവരുത്തി ഈ ബിൽ വിപുലപ്പെടുത്താമായിരുന്നു.

ശ്രീ. കെ. ടി. ജോർജ്ജ്: ഞാൻ പറഞ്ഞത് ഈ ബിൽ എന്നു പറയുമ്പോൾ കേരള റോഡു ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാത്രമേ ഉൾപ്പെടുകയുള്ളുവെന്നാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ ബില്ലിൻെറ പ്രീയാംബിൾ അടക്കംതന്നെ വിപുലീകരിച്ചുകൊണ്ട് ഇതിൻെറ പേരിനടക്കംതന്നെ മാററം വരുത്തിക്കൊണ്ട് ഭേദഗതി നിർദ്ദേശിക്കുവാൻ സെലക്ട്കമ്മററിക്ക് കഴിയും. ഈ ബിൽ അവതരിപ്പിക്കുന്ന കാലത്ത് കേരള സ്റേററ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നതിനു പകരം പബ്ലിക്ക് അണ്ടർടേക്കിംഗ്സ് സ്ററാററ്യൂട്ടറി കോർപ്പറേഷൻസ് എന്നു ചേർക്കാമായിരുന്നു. ഈ ഒരൊററ ബില്ലുകൊണ്ട് എല്ലാ ഗവൺമെൻറ് ഉടമയിലുള്ള കമ്പനികളുടെയും കാർപ്പറേഷനുകളുടെയും സർവ്വീസിലേയ്ക്കുള്ള നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷനിലേക്ക് വിട്ട്കൊടുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയുമായിരുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി: പബ്ലിക്ക് സർവ്വീസ് കമ്മീഷനെപ്പോലുള്ള ഒരു സ്ഥാപനത്തിനു പൊതുമേഖലാ സ്ഥാപനങ്ങളുടെയെല്ലാം നിയമനങ്ങൾ ഏറെറടുത്തു നടത്താൻ സാധിക്കുമോ എന്നുള്ളതിനെ സംബന്ധിച്ച് പി. എസ്. സി. ചെയർമാനുമായി ആലോചിച്ചു വേണമെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ? അക്കാര്യം വിസ്മരിക്കുന്നതു ശരിയാണോ ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട ഉണ്ണിയുടെ ചോദ്യത്തിൽതന്നെ ഉത്തരവും അടങ്ങിയിട്ടുണ്ട്. എല്ലാ നിയമനങ്ങളും പി. എസ്. സി. ക്ക് വിടുന്നതിനു മുൻപ് ചെയർമാനുമായി ആലോചിച്ചു സാങ്കേതിക തടസങ്ങൾ ഇല്ലാതാക്കണമെന്നാണ് ഞാൻ പറഞ്ഞത്. പബ്ലിക്ക് സർവ്വീസ് കമ്മീഷന് അതിനു തക്കവിധത്തിൽ വിപുലപ്പെടുത്തണം. സർവ്വീസ് കമ്മീഷന് കൂടുതൽ സൗകര്യങ്ങൾ കൊടുക്കണം. ഈ സംസ്ഥാനത്തെ കോർപ്പറേഷനുകളിൽവച്ച് ഏററവും കൂടുതൽ തൊഴിലാളികളെ നിയമിക്കേണ്ടിവരുന്ന കോർപ്പറേഷൻ വിട്ടുകൊടുക്കുന്നതിന് പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ചു അതുപോലെ മററു കോർപ്പറേഷനുകളിലെ നിയമനക്കാര്യംകൂടി ഈ ഓർഡിനൻസ് പാസാക്കുന്നതിനു മുൻപു പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ചെയർമാനുമായി ആലോചിക്കാമായിരുന്നു. അതിനു ന്യായമായി എന്തു കാരണമാണുള്ളത്. എൻെറ ചോദ്യവും ബഹുമാനപ്പെട്ട ഉണ്ണിയുടെ ചോദ്യവും ഒന്നുതന്നെയാണ്.

ശ്രീ. കെ. ടി. ജോർജ്ജ്: മുപ്പത്തൊന്നു മാസക്കാലം ഈ രാജ്യത്ത് ഭരണം നടത്തിയിട്ടു ഒരൊററ കോർപ്പറേഷൻെറ പേരിലും ഈ നടപടി സ്വീകരിക്കാത്ത ഗവൺമെൻറിൻെറ പ്രതിനിധിക്ക് ഇതൊക്കെ പറയാൻ അവകാശം ഉണ്ടോ ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അവകാശങ്ങളെ സംബന്ധിച്ചിടത്തോളം പറയാം. 1963-ൽ ഇലക്ട്രിസിററി ബോർഡിലെ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കുന്നതിന് നടപടിയെടുക്കുവാൻ ഞങ്ങൾ നേതൃത്വം കൊടുത്ത് സമരംചെയ്തു. 1967 അവസാനം സമരം ചെയ്തശേഷമാണ് പി. എസ്. സി. ക്കു വിട്ടുകൊടുത്തത് എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് അവകാശങ്ങളെക്കുറിച്ച് ഒന്നും സംസാരിക്കണ്ടാ ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ മാത്രം............

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ഈ ആത്മാർത്ഥതയും ആവേശവും നേരത്തെ കാണിച്ചിരുന്നുവെങ്കിൽ വളരെ മുമ്പുതന്നെ ഇതൊക്കെ പി. എസ്. സി. ക്കു വിട്ടുകൊടുക്കുവാൻ സാധിക്കുമായിരുന്നില്ലേ ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ പൊതുസ്ഥാപനങ്ങളുടെയെല്ലാംതന്നെ നിയമനം പി. എസ്. സി. ക്കു വിട്ടുകൊടുക്കണമെന്നതിനെ സംബന്ധിച്ചിടത്തോളം യാതൊരു അഭിപ്രായവ്യത്യാസവും നേരത്തെ ഇല്ല. അതിനു ആവശ്യമായ നടപടി ഒരുമിച്ചു സ്വീകരിക്കുവാൻ കഴിയുമായിരുന്നു. ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാത്രം വിട്ടുകൊടുക്കുവാനുള്ള നിയമനിർമ്മാണത്തിന് ഉള്ള അധികാരം എന്നു പറയുന്ന ന്യായവാദങ്ങൾക്ക് യാതൊരു അടിസ്ഥാനവും ഇല്ലെന്നാണ് എനിക്കു പറയുവാനുള്ളത് അതിനു പറഞ്ഞിരിക്കുന്ന ന്യായം, ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ പറഞ്ഞിരിക്കുന്നത് പൊതുവിമർശനം വന്നതിന്റെ ഫലമായിട്ടാണെന്നാണ. നിയമനങ്ങളിൽ ക്രമക്കേടുകൾ നടന്നതായി പൊതുവിമർശനം വന്നതിന്റെ ഫലമായിട്ട് ഈ രീതിയിൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാത്രം ഒറ്റപ്പെടുത്തിക്കൊണ്ട് വന്നപാടെ നടപടി നടത്താൻ ഓർഡിനൻസ് പാസാക്കിയെന്നാണ് പറയുന്നത്. ഈ ഓർഡിനൻസ് പാസാക്കിയതിനോട് മൊത്തത്തിൽ എനിക്ക് എതിർപ്പുണ്ട്. 160 സെക്ഷൻ ഉള്ള ഒരു ബില്ലു വരുന്നുണ്ട്. ഓർഡിനൻസിനു നിയമപ്രാബല്യം ലഭിക്കണമെന്നു പറഞ്ഞത് സെലക്ടുകമ്മററിക്കുപോലും വിടാതെ പാസാക്കിത്തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു ഉപക്ഷേപം വരുന്നുണ്ട്. വളരെയധികം കാതലായ പ്രശ്നങ്ങൾ കൈകാര്യംചെയ്യുന്ന കാതലായ നടപടികൾ ഉൾക്കൊള്ളുന്ന ബില്ല് ഓർഡിനൻസ് രൂപത്തിൽ കൊണ്ടുവരികയും ചെയ്യുന്ന നയത്തിൽ പൂർണ്ണമായ അഭിപ്രായവ്യത്യാസമുണ്ട്. പ്രത്യേകിച്ചും നിയമസഭ സമ്മേളിച്ചു വേണ്ട നടപടിയെടുക്കുന്നതിനുള്ള അവസരമുള്ളപ്പോൾ, രണ്ടു മാസത്തിനകത്ത് നിയമസഭ കൂടാൻ സമയമുണ്ടായിരുന്ന സമയത്ത് ഈ ഓർഡിനൻസ് കൊണ്ടുവന്നതിന് യാതൊരു ന്യായീകരണവും ഇല്ല. അതിനു കാരണമായി പറയുന്നത് നിയമനങ്ങളിൽ ക്രമക്കേടുകൾ നടന്നു. അതിനെക്കുറിച്ചു വിമർശനങ്ങൾ ഉണ്ടായതുകൊണ്ടാണെന്നാണ്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പി. ടി. ചാക്കോയുടെ പോലീസ് വെരിഫിക്കേഷനെ കടത്തിവെട്ടിക്കൊണ്ട് അമേരിക്കയിലെ മക്കാർത്തിയുടെ മക്കാർത്തിസത്തിന്റെ രീതിയെക്കാൾ ക്രൂരമായിട്ടുള്ള രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ആ നിലയിലുള്ള നടപടികൾ ആരംഭിച്ചുകൊണ്ട് ചാക്കോ പോലും അതിശയിക്കുന്ന രീതിയിൽ ട്രാൻസ്പോർട്ടിൽ എഴുനൂറിൽപരം ജീവനക്കാരെ പിരിച്ചുവിട്ടതിൽനിന്നു ഞാൻ മനസിലാക്കുന്നത് ഈ ഓർഡിനൻസു കൊണ്ടുവരുന്നതിനും ഈ ബില്ലിന്റെ ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ പൊതുജനവിമർശനം ഉണ്ടായി എന്നു ചേർക്കുന്നതിനും വേണ്ടി ആണെന്നാണ്. ഈ പിരിച്ചുവിട്ട ആളുകളെ സംബന്ധിച്ചിടത്തോളം ചോദ്യംചെയ്തപ്പോൾ ശ്രീ. കെ. എം. ജോർജ്ജ് പറഞ്ഞത് നിയമിച്ചവരെ ആരെയും പിരിച്ചുവിട്ടിട്ടില്ലെന്നാണ്. സർ, അതു പറയുമ്പോൾ ഈ ആളുകൾക്ക് എല്ലാം നൽകിയിട്ടുള്ള നിയമന ഉത്തരവുകൾ, അവർക്ക് കിട്ടിയിട്ടുള്ള ഉത്തരവുകൾ, ബഹുമാനപ്പെട്ട കെ. എം. ജോർജ്ജ് അധികാരത്തിൽ വന്നതിനുശേഷം നശിപ്പിച്ചുകളഞ്ഞിട്ടുണ്ടോ എന്നറിയില്ല. അവർക്ക് നശിപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടോ എന്നറിയില്ല. അവർക്ക് കോർപ്പറേഷൻ ജനറൽ മാനേജരുടെ ഉത്തരവനുസരിച്ചാണ് നിയമനം കിട്ടിയത്. നിലവിലിരിക്കുന്ന നിയമമനുസരിച്ച് ആണ് നിയമനം കിട്ടിയത്. നിലവിലിരിക്കുന്ന നിയമമനുസരിച്ച് സർവ്വീസ് കമ്മീഷന് വിടാൻ പോകുന്നു എന്നുള്ള നിയമം പാസാക്കുന്നതിനുമുമ്പു ജനറൽ മാനേജരാണ് നിയമനാധികാരി. അങ്ങനെയുള്ള ജനറൽ

LIBRARY ARCHIVES Kerala Legislative Assembly

മാനേജർ നിയമിച്ചതനുസരിച്ച് ജോലിയിൽ പ്രവേശിക്കുകയും ജോലി ചെയ്യുകയും ചെയ്ത ആളുകളെ പിരിച്ചുവിടാൻ ഉത്തരവിട്ടത്...........

ശ്രീ. കെ. എം. മാണി: മിസ്റ്റർ വാര്യർ പറഞ്ഞതുകൊണ്ട് ജനറൽ മാനേജർ നിയമിച്ചത് യഥാവിധി നടന്നുവെന്നു വരികയില്ല. അങ്ങനെ നിയമാനുസൃതമായ ചട്ടങ്ങൾ അനുസരിച്ച് നടന്നിട്ടുള്ള നിയമനങ്ങൾ അല്ല, ഇഷ്ടമുള്ളവരെ ഇഷ്ടമുള്ള സമയത്ത് തുണ്ടുകടലാസിൽ എഴുതികൊടുത്താൽ നിയമനമാകുകയില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ചട്ടമനുസരിച്ചുള്ള നിയമനത്തിന മാണിയുടെ വ്യാഖ്യാനം സ്വീകരിക്കുവാൻ തയ്യാറല്ല.

ശ്രീ. കെ. എം. ജോർജ്: മാണി പറയുന്നത് സ്വീകരിക്കുവാൻ തയ്യാറല്ല. സി. ബി. സി. പറയുന്നത് സ്വീകരിക്കുകയും വേണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട കെ. എം. ജോർജ് എന്റെ വ്യാഖ്യാനം സ്വീകരിക്കണമെന്ന് വിശ്വാസമില്ല. അതു സ്വീകരിക്കുന്ന കാലത്ത് എനിക്ക് എന്തെങ്കിലും മാററം സംഭവിച്ചിട്ടുണ്ടെന്നു കരുതേണ്ടിവരും. സ്വീകരിക്കുമെന്ന് എനിക്കു പ്രതീക്ഷയില്ല. പ്രതീക്ഷിച്ചുകൊണ്ടല്ല പറഞ്ഞത് അങ്ങനെ സ്വീകരിക്കണമെന്ന് എനിക്കു അഭിപ്രായമില്ല. ബഹുമാനപ്പെട്ട മാണിയുടെ വ്യാഖ്യാനം സ്വീകരിക്കുവാൻ തയ്യാറല്ല.

(Shri K. Moideenkutty Haji in the Chair)

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഞാൻ പറഞ്ഞാൽ സ്വീകരിക്കുമോ ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സ്വീകരിക്കും. ചട്ടപ്രകാരമുള്ള നിയമനം എന്നു പറയുമ്പോൾ താൽക്കാലിക നിയമനങ്ങളെ സംബന്ധിച്ചിടത്തോളം അംഗീകൃതമായ നടപടിക്രമങ്ങൾ ഉണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ: ഈ സഭയിലുള്ള ഒരു അംഗം, വിശേഷിച്ചും പ്രതിപക്ഷത്തെ ഉത്തരവാദിത്വമുള്ള ഒരംഗം ഉന്നയിക്കുന്ന നിർദ്ദേശം ഒരു ''ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നഭിപ്രായമില്ല, സ്വീകരിക്കുമെന്ന് പ്രതീക്ഷയില്ല, സ്വീകരിച്ചാൽ എനിക്കെന്തെങ്കിലും സംഭവിച്ചോ എന്ന് ഞാൻ കണക്കാക്കേണ്ടിവരും'' എന്ന് പറയുന്നത് ആർഡറിലാണോ?

ചെയർമാൻ: ഇതിൽ എന്താണ് പോയിന്റ് ഓഫ് ഓർഡർ ഉള്ളത്? അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞുവെന്നേയുള്ളു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: നിയമനങ്ങൾ രണ്ടുതരത്തിലുണ്ട്. താൽക്കാലിക നിയമനവും സ്ഥിര നിയമനവും. സ്ഥിര നിയമനങ്ങൾ അതിനുള്ള ചട്ടങ്ങളനുസരിച്ചും താൽക്കാലിക നിയമനങ്ങൾ അതിനുവേണ്ടി ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിലവിലുള്ളചട്ടങ്ങൾ അനുസരിച്ചുമാണ് നടത്തുന്നത്. ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിലവിലുള്ള ചട്ടങ്ങളനുസരിച്ചാണ്, പിരിച്ചു വിടുമെന്ന് പറഞ്ഞ ആളുകളെ നിയമിച്ചിരിക്കുന്നത്. കോർപ്പറേഷനിൽ നിയമിച്ചു എന്ന് പറയുന്നത് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ താൽക്കാലിക നിയമനങ്ങളെ സംബന്ധിച്ചിടത്തോളം നിലവിലിരിക്കുന്ന ചട്ടങ്ങൾ അനുസരിച്ചാണ്. ജനറൽ മാനേജർ നിയമിച്ചു എന്ന് പറയുന്നത് ഈ നിയമങ്ങളനുസരിച്ചാണ് ഈ ചട്ടങ്ങൾ അനുസരിച്ചുള്ള നിയമനങ്ങളാണോ

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് പരിശോധിക്കണമെന്ന് പറയുന്നതും. എതിർക്കുന്നവരുണ്ടെങ്കിൽ തെളിയിക്കാൻ തയ്യാറാണ്. 19—7—1969 ജി.ഒ. 24729 ടി.എ/4/67 പി.ഡബ്ല്യു. അനുസരിച്ച് താൽക്കാലിക നിയമനങ്ങളെ സംബന്ധിച്ചിടത്തോളം അംഗീകൃത നടപടിക്രമങ്ങളുണ്ട്. ആ അംഗീകൃത നടപടിക്രമങ്ങളനുസരിച്ച് നിയമിക്കപ്പെട്ടവരെയാണ് പിരിച്ച് വിട്ടിരിക്കുന്നത്. സ്ഥിരം നിയമനങ്ങളുടെ കാര്യമല്ല, താൽക്കാലിക നിയമനങ്ങളുടെ കാര്യമാണ് പറയുന്നത്. താൽക്കാലിക നിയമനത്തിനുള്ള അംഗീകൃത നടപടികളനുസരിച്ച് നിയമിച്ചവരെയാണ് പിരിച്ച് വിട്ടിരിക്കുന്നത് എന്ന് പറയുമ്പോൾ...................

ശ്രീ. കെ. ടി. ജോർജ്: കോർട്ടിൽ പോയാൽ മതി.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: പൊതുജനങ്ങളാകുന്ന കോടതി പരിഹാരം കാണാതിരുക്കുമോ എന്ന് പരിശോധിച്ചശേഷം മതിയല്ലൊ. കോടതിയിൽ പോകുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട കെ. ടി. ജോർജിന്റെ നിയമോപദേശമൊന്നും വേണ്ട.

ഞാൻ പറഞ്ഞുവന്നത് ഈ രീതിയിൽ നിയമിക്കപ്പെട്ട താൽക്കാലിക നിയമനങ്ങളെക്കുറിച്ചാണ്. ഇങ്ങനെ താൽക്കാലികമായി നിയമനം നടത്തപ്പെട്ട് സർവീസിലിരുന്ന 3,000 ആളുകളെ കഴിഞ്ഞ ഗവൺമെന്റ് വന്ന ശേഷം സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അന്ന് പിരിച്ചു വിടുകയല്ല ചെയ്തത്. 1965—ൽ ആണ് കോർപ്പറേഷൻ ഉണ്ടായത്. അതിനു ശേഷം 67—ൽ ഐക്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുന്നതുവരെയുള്ള കാലത്ത് നിയമിച്ചിരുന്ന താൽക്കാലിക ജീവനക്കാർ ഇന്ന് സർവ്വീസിലിരിക്കുകയാണ്. താൽക്കാലികമായി നിയമിക്കപ്പെട്ടവരും ഇന്ന് സർവ്വീസിലിരിക്കുന്നവരുമായ 3000—ത്തോളം ജീവനക്കാരെ അന്നത്തെ ഗവൺമെന്റും ചെയർമാനും അന്നത്തെ ഭരണാധികാരികളും നിയമിച്ചതാണെന്നുള്ളതിന്റെ പേരിൽ പിരിച്ചുവിടുകയല്ല ചെയ്തത്; നിയമിക്കപ്പെട്ട് ജോലിയിൽ ഇരുന്ന സ്ഥാനങ്ങളിൽ സ്ഥിരപ്പെടുത്തുകയാണ് ചെയ്തത്. എന്നാൽ ആനിലയിൽ താൽക്കാലികമായി നിയമിക്കപ്പെട്ടവരാണ് ഇന്ന് പിരിച്ചു വിടപ്പെട്ടത് എന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. കെ. എം. മാണി.: 67—ലെ റൂംസിൽ ഉള്ള അധികാരമുപയോഗിച്ചാണെന്നു പറഞ്ഞല്ലോ; അപേക്ഷ ക്ഷണിക്കാതെ നിയമിക്കാമെന്ന് പറഞ്ഞിട്ടുണ്ടോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: റൂംസിന്റെ കോപ്പി ബഹുമാനപ്പെട്ട കെ. എം. ജോർജിന്റെ കയ്യിൽ കാണുമല്ലോ; ഗവൺമെന്റിന്റെ ഫയലിൽ ഉണ്ട്. എന്റെ കയ്യിൽ കോപ്പിഉണ്ട്; വേണമെങ്കിൽ മേശപ്പുറത്തു വയ്ക്കാം.

ശ്രീ. കെ. എം. മാണി: റഫറൻസ് നമ്പർ പറഞ്ഞു; റഫറൻസ്നമ്പർ കൊണ്ട്, നിയമിച്ച നിയമനങ്ങൾ ശരിയാണെന്നു വ്യക്തമാകുമോ? മനസിലാക്കാൻ വേണ്ടി ചോദിക്കുകയാണ്: ആ നിയമനങ്ങൾ ചട്ടപ്രകാരമായിരുന്നു നടത്തിയിരുന്നത് എന്നുള്ളതിന്റെ തെളിവായിട്ടാണോ റഫറൻസ് നമ്പർ ഉദ്ധരിച്ചത്?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ജനറൽ മാനേജർക്ക്, ഓരോ ജില്ലയ്ക്കും പ്രാതിനിധ്യം നൽകിക്കൊണ്ട്, താൽക്കാലിക നിയമനം ആവശ്യമായി വരുന്ന സമയത്ത് താൽക്കാലികമായി നിയമനം നടത്താൻ അധികാരം കൊടുക്കുന്ന ഗവൺമെന്റ് ആർഡർ ആണ് ഞാൻ റഫർ ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: അധികാരം കൊടുത്തതിനു പുറമേ, നിയമനം ഇന്ന രീതിയിൽ നടത്തണമെന്നുംകൂടി വ്യവസ്ഥയില്ലേ, ആ രീതിയിലാണോ നടത്തിയത്?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ക്വാളിഫിക്കേഷനുംനടപടി ക്രമങ്ങളും പ്രിസ്ക്രൈബ് ചെയ്തു കൊണ്ടുള്ള ഗവൺമെൻറ് ആർഡർ ആണ് ഞാൻ റഫർ ചെയ്തത്. വേണമെങ്കിൽ വായിക്കാം; ആവശ്യമാണെന്നു തോന്നുന്നില്ല. താൽക്കാലിക നിയമനംനടത്താൻ ഇതനുസരിച്ച് ജനറൽ മാനേജർക്ക് നിയമനത്തിന് ഇതുവരെ നിലനിന്നിരുന്ന വ്യവസ്ഥ—എംപ്ലോയ് മെൻറ് എക്സ്ചേഞ്ചിൽ നിന്ന് ആളുകളെ വിളിച്ച് ഡിസ്ട്രിക്ട് ട്രാൻ സ്പോർട്ട് ആഫീസർ നിയമിക്കുക എന്ന നടപടിക്രമം—തുടരേണ്ട ആവശ്യം ഇല്ല; ഡിസ്ട്രിക്ട് അടിസ്ഥാനത്തിൽ പ്രാതിനിധ്യം കൊടുത്തുകൊണ്ട് യോഗ്യതയുള്ള ആളുകളെ ജനറൽ മാനേജർക്ക് താൽക്കാലികമായി നിയമിക്കാൻ അധികാരമുണ്ടായിരിക്കും എന്നാണ് ഞാൻ മുൻപ് റഫർ ചെയ്ത ജി.ഒ. യിൽ വിശദീകരിക്കുന്നത്. അതിനകത്ത് ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ തന്നെയാണ് നിയമനം നടത്തിയിട്ടുള്ളത്; അങ്ങനെ നിയമിച്ചിട്ടുള്ളവരെ ആണ് പിരിച്ചു വിട്ടിരിക്കുന്നത്. അതിന് തെളിവു ഹാജരാക്കാം. മലബാറിലെ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ഈ മൂന്നു ഡിസ്ട്രിക്ടുകളിലും താൽക്കാലിക നിയമനത്തിന് ആളുകളെ ആവശ്യമുണ്ടെന്നു പറഞ്ഞ് ജനറൽ മാനേജർ അപേക്ഷകരെ നിയമിക്കുകയും ചെയ്തു. ഇങ്ങനെ നിയമിക്കപ്പെട്ടവരും ഇന്ന് പിരിച്ചു വിടപ്പെട്ടവരുടെ കൂട്ടത്തിലുണ്ട്. അതുപോലെ തന്നെ അപേക്ഷ ക്ഷണിച്ച് ടെസ്ററും ഒക്കെ നടത്തിയിട്ട് നിന്ന ആളുകളുണ്ട്, താൽക്കാലിക നിയമനത്തിന് ഇൻറർവ്യൂ കഴിഞ്ഞിട്ടുള്ളവർ. അംഗീകൃത നടപടി ക്രമമനുസരിച്ച് നടത്തിയ നിയമനത്തിലൂടെ സർവ്വീസിൽ പ്രവേശിച്ച ആളുകളെ പിരിച്ചു വിട്ടുകൊണ്ട്, ക്രമരഹിതമായി നിയമനം നടത്തിയിട്ടുണ്ടെന്ന് തെളിവു സൃഷ്ടിക്കുകയാണ്ചെയ്തിരിക്കുന്നത്. ഈ വിമർശനങ്ങൾ തന്നെ കരുതിക്കൂട്ടി സൃഷ്ടിച്ചതെളിവുകളുടെ ഭാഗമാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്: ഐക്യമുന്നണി ഗവൺമെൻറ് ട്രാൻസ് പോർട്ട് കോർപ്പറേഷനിലേയ്ക്ക് ആളുകളെ എടുത്ത കൂട്ടത്തിൽ മുലകുടി മാറാത്ത പിള്ളേരേയും പല്ലു കൊഴിഞ്ഞ കിഴവൻമാരേയും—പ്രായപരിധി കഴിഞ്ഞവരേയും—നിയമിച്ചു എന്ന് സംസാരമുണ്ട്. അത് ഫാക്ററല്ലേ? അങ്ങനെയുള്ളവരെ പിരിച്ചുവിടാതെ വച്ചുകൊണ്ടിരിക്കാമോ? നാൽപ്പത്തഞ്ചു വയസു കഴിഞ്ഞവരേയും പതിനഞ്ഞഞ്ചു വയസായ പിള്ളേരേയും നിയമിച്ചിട്ടുണ്ടെങ്കിൽ പിരിച്ചു വിടേണ്ടതല്ലേ? അങ്ങിനെ....

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ചോദ്യം മനസിലായി. അങ്ങനെയാണെന്ന് പ്രസംഗത്തിൽ പറയുന്നതല്ലേ? അങ്ങനെയുള്ളവരെയാണ് പിരിച്ചു വിട്ടത്. അതുകൊണ്ട് ഗവൺമെൻറ് ചെയ്തത് ശരിയാണെന്ന് പറഞ്ഞു നടക്കുന്നവരല്ലാതെ ഞങ്ങളാരും അന്വേഷിച്ചിട്ട് ആരേയും കണ്ടില്ല.

ശ്രീ. ഇ. എം. ജോർജ്: അങ്ങനെയുള്ള സംസാരമുണ്ടെന്നല്ലാതെ അവർക്ക് അതു ബോധ്യമുണ്ടെന്നു പറഞ്ഞില്ലല്ലോ; പിന്നെ എന്തിനാണ് മറുപടി പറയുന്നത്?

ശ്രീ. പി. രാമലിംഗം: ഒക്ടോബർ 24—നു ശേഷം നവംബർ 1—വരെയുള്ള തീയതിക്കകം പത്തുനാനൂറു പേരെ നിയമിച്ചിട്ടുണ്ടെന്ന വസ്തുത അറിയാമോ? അങ്ങനെ നിയമിച്ചിട്ടുള്ളത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയാണോ; സെലക്ഷൻ നടത്തിയാണോ? ആ നടപടി കൂടാതെയല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്ന് പേരു വരുത്തി നിയമിക്കുന്ന നടപടിക്രമങ്ങൾ ആവശ്യമില്ലെന്ന്, ഒരു കാൺഫറൻസിൻെറ ഫലമായി തീരുമാനിച്ച് 19-7-67-ൽ ജി.ഒ. പുറപ്പെടുവിച്ചു എന്നു ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പർ കേട്ടു കാണുകയില്ല. പിന്നെ 24-നും 1-നും ഇടയ്ക്കുള്ള കാര്യത്തെപ്പററി ഫയൽ കൈവശമുള്ള മന്ത്രിയോടു ചോദിക്കുക.

ശ്രീ. കെ. എം. ജോർജ്: 24-ാം തീയതിക്കു ശേഷം വളരെയധികം നിയമനം നടത്തത്തക്ക എമർജൻസി ഉണ്ടായിരുന്നോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എമർജൻസി ഇന്നും ഉണ്ട്. യൂണിയൻ പ്രതിനിധികൾ പറയുന്നതു നേരാണെന്നാണോ ബഹുമാനപ്പെട്ട മന്ത്രി കെ. എം. ജോർജ് മനസിലാക്കുന്നത്? ഒരുഷെഡ്യൂളിന് 2.5 ജീവനക്കാർ മിനിമം ആവശ്യമാണെന്നുള്ളത് അംഗീകരിച്ചിട്ടുള്ള തത്വമാണ്. ആ തത്വമനുസരിച്ച് പരിശോധിച്ചാൽ ഇനിയും 2000 പേരെ അടിയന്തിരമായി നിയമിക്കത്തക്ക വേക്കൻസി ഉണ്ട്. എമർജൻസി ഉണ്ടോ എന്നു ചോദിച്ചാൽ എമർജൻസി ഉണ്ട്.

പല്ലു കൊഴിഞ്ഞവരെ സർവ്വീസിൽ വേണമെന്ന് ആരാണ് തീരുമാനിച്ചത്? ശബരിമല സ്പെഷ്യലിൻെറ ഈ കാലത്ത് പല താൽപര്യങ്ങളും ഉണ്ടായിട്ടാണ് പിരിച്ചു വിട്ടത്. നിങ്ങൾ നിയമിക്കാനാഗ്രഹിക്കുന്ന കുറേപ്പേരെ പെൻഷൻ പററി പിരിഞ്ഞവരെ ഡാക്ടർ സർട്ടിഫിക്കേററ് കൊണ്ടു വന്ന് സർവീസിൽ പ്രവേശിപ്പിക്കാം. പല്ലു കൊഴിഞ്ഞവരെ സർവ്വീസിൽ പ്രവേശിപ്പിക്കാമെന്ന് ആരാണ് ആർഡർ ഇട്ടത്?

ശ്രീ. ഇ. എം. ജോർജ്: എറണാകുളത്തു നിന്നു പുറപ്പെട്ട ബസ് ചെങ്ങന്നൂർ വച്ച് ക്രൂ ചെയിഞ്ച് ചെയ്യേണ്ട സമയത്ത് അവിടെ ഡ്രൈവറും കണ്ടക്ടറും ഇല്ലാതിരുന്നതു നിമിത്തം അനേകം മണിക്കൂർ ഓടാതെ കിടക്കുകയും യാത്രക്കാർ മററു ബസുകളിൽക്കയറി യാത്ര ചെയ്യുകയും ചെയ്ത സംഭവത്തെപ്പററി ബഹുമാനപ്പെട്ട മെമ്പർക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട ഇ. എം. ജോർജ് ചൂണ്ടിക്കാണിച്ച ഈ സംഭവം മാത്രമല്ല. ബഹുമാനപ്പെട്ട കെ.എം. ജോർജിൻെറ കഴിഞ്ഞ ദിവസത്തെ പ്രസ്താവന കേട്ടതോടുകൂടി ഞങ്ങൾ ഇതിനെപ്പററിയുള്ള കണക്കുകൾ ശേഖരിച്ചു വരികയാണ്.

ആലപ്പുഴ ഡിസ്ട്രിക്ടിലെ കാര്യം എനിക്ക് നേരിട്ടറിയാം. ദിവസം പ്രതി ഡസൻ കണക്കിന് ഷെഡ്യൂളുകൾ ജീവനക്കാർ ഇല്ലാത്തതുകൊണ്ട് ക്യാൻസൽ ചെയ്യുന്നുണ്ട്. അതുപോലെ തന്നെ ജീവനക്കാർ കുറവായതുകൊണ്ട്, ജീവനക്കാർക്ക് കഴിയാവുന്നതിൻെറ പരമാവധി ഓവർടൈംചെയ്യുന്നുണ്ട്. ഓവർടൈം അലവൻസ് കൊടുക്കുന്നതിൻെറ കണക്ക് മേശപ്പുറത്തു വയ്ക്കാമെങ്കിൽ ജീവനക്കാർ ആവശ്യമുണ്ടോ എന്നു കാണാൻ കഴിയും. ട്രാൻസ്പോർട്ടു കോർപ്പറേഷനെ മാത്രം എടുത്തു ഇവിടെ ക്രമവിരുദ്ധമായ നിയമനങ്ങൾ നടത്തിയിരിക്കുന്നുവെന്നുള്ള പുക പരത്തിക്കൊണ്ട്, ആ പുകയുടെ ന്യായീകരണത്തിനു വേണ്ടിയാണ് ധൃതിപിടിച്ച് ഇങ്ങനെ, ഒരു കോർപ്പറേഷനെ മാത്രം പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തുകൊണ്ട് ഒരു നിയമം കൊണ്ടുവന്നത്. അതേ സമയം ഈ വിമർശനം മററു കോർപ്പറേഷനുകളെപ്പററി വന്നിട്ടില്ലേ? എല്ലാ കോർപ്പറേഷനുകളിലും മുൻനിയമനങ്ങളെ സംബന്ധിച്ച് വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. തെളിവുകളും രേഖയും ഇല്ലാതെയല്ല. രണ്ടായിരവും മൂവായിരവും മേടിച്ചു എന്ന് വിളിച്ചു പറയാൻ ആഗ്രഹ

LIBRARY ARCHIVES Kerala Legislative Assembly

മില്ലാത്തതുകൊണ്ട് പറഞ്ഞിട്ടില്ല. ഗവൺമെൻറ്—ഓൺഡ് കമ്പനികളിൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ, ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് മുതലായ സ്ഥാപനങ്ങളിലൊക്കെ സ്വന്തക്കാരെ തിരുകിക്കേററുകയും രണ്ടായിരവും മൂവായിരവും അയ്യായിരവും രൂപാ വാങ്ങി നിയമനം നടത്തുന്നതിന് വലതു കമ്മ്യൂണിസ്ററു പാർട്ടിയുടെ ആഫീസിൽ നിന്ന് കത്തുകൾ കൊടുക്കുകയും ചെയ്യാറുണ്ട്. തെളിവുകൾ ഹാജരാക്കാൻ തയ്യാറാണ്.

<u>ശ്രീ. പി. എസ്. ശ്രീനിവാസൻ:</u> ഒരു ചോദ്യം.

<u>ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ:</u> ചോദ്യത്തിനൊന്നും വഴങ്ങുന്നില്ല. ഡസൻ കണക്കിനു തെളിവുകൾ ഹാജരാക്കാൻ തയ്യാറാണ്.

<u>ശ്രീ. പി. എസ്. ശ്രീനിവാസൻ:</u> ഒരെണ്ണം പറഞ്ഞാൽമതി.

<u>ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ:</u> അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ കാര്യം പറയാം.

<u>ചെയർമാൻ:</u> ചെയറിനെ നോക്കി സംസാരിച്ചാൽ മതി; കുഴപ്പമൊക്കെ നമുക്കുതീർക്കാം.

<u>ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ:</u> സർ, ചേർത്തല ടി. പി. കമലത്തിനുവേണ്ടി വലതു കമ്മ്യൂണിസ്ററു പാർട്ടി ചേർത്തല താലൂക്കുകമ്മിററി സെക്രട്ടറി ശ്രീ. എൻ. എസ്. സുരേന്ദ്രൻ ശ്രീ. ഇ. പി. ഗോപാലന് എഴുതിയ കത്തിന്റെ ഫോട്ടോ സ്ററാററ് കോപ്പി ഹാജരാക്കാൻ തയ്യാറാണ്. ഞാൻ കത്തു വായിക്കാം:

''ചേർത്തല, 19—11—69. സഖാവ് ഇ. പി., ടി. പി. കമല അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ ജോലിയ്ക്കു അപേക്ഷ അയച്ചിട്ടുണ്ട്. എം. എൻ. കൂടിഇടപെട്ട് ഇപ്പോൾ പാലക്കാട് ഒരു മിൽക്ക് സപ്ലൈ സൊസൈററിയിൽ ജോലി കൊടുപ്പിച്ചിരിക്കുകയാണ്. അന്നുതന്നെ സഖാവ് എം. എൻ. ഒരു ഉറപ്പ് അവർക്ക് കൊടുത്തിരുന്നു, കോർപ്പറേഷൻ വരുമ്പോൾ ഒരു ചാൻസ് അവർക്ക് കൊടുക്കാമെന്ന്. അതനുസരിച്ച് സഖാവ് എം. എനെ കൊണ്ടു പറയിച്ചാണ് അപേക്ഷ അയച്ചിട്ടുള്ളത്. ഈ കാര്യത്തിൽ വേണ്ട താൽപ്പര്യം എടുത്തു കാര്യം ശരിപ്പെടുത്തി എടുക്കണം.

അഭിവാദനങ്ങളോടെ''

<u>ശ്രീ. ഇ. എം. ജോർജ്:</u> അഴിമതി അന്വേഷണത്തിന് ഉത്തരവിടപ്പെട്ട എം. എൻ. തന്നെയാണോ ഇദ്ദേഹം?

<u>ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ:</u> മുൻ മന്ത്രി എം. എൻ. ഗോവിന്ദൻ നായരാണ്.

<u>ശ്രീ. ജി. ഗോപിനാഥൻപിള്ള:</u> സർ, അദ്ദേഹം ഇവിടെ ഒരു ഡോക്കുമെൻറ് വായിക്കുകയുണ്ടായി; വായിച്ച സ്ഥിതിക്ക് അതു മേശപ്പുറത്തു വയ്ക്കേണ്ടതല്ലേ?

<u>ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ:</u> മേശപ്പുറത്തുവയ്ക്കാൻ കൊടുത്തയച്ചു കഴിഞ്ഞു.

സർ, ഇത് ഒരൊററ എണ്ണം മാത്രമാണ്. അതുപോലുള്ള ഡസൻ കണക്കിനു തെളിവുകൾ ഹാജരാക്കാൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. കൃഷ്ണൻ: മിൽക്ക് സപ്ലൈസ് യൂണിയൻ കൃഷി വകുപ്പിന്റെ കീഴിൽപെട്ടിട്ടുള്ള ഒരേർപ്പാടാണോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അതേ. മുൻ കൃഷിവകുപ്പു മന്ത്രിയാണ് എം. എൻ. എന്നുപറയുന്നത്. അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്നതാണ് ഈ മിൽക്ക് സപ്ലൈസ് യൂണിയൻ. അതു നിയന്ത്രിച്ചിരുന്നകാലത്ത് അദ്ദേഹം ഇടപെട്ട് നിയമിച്ച ടി. പി. കമലത്തിനുവേണ്ടി ശുപാർശ ചെയ്യുന്നതാണ്. എൻ. എസ്. സുരേന്ദ്രന്റെ കത്ത്. വെറുതേ ശുപാർശ ചെയ്യുന്നതല്ല, രണ്ടുമൂന്നിടങ്ങഴി പാൽ കറക്കുന്ന കറവപ്പശുവിനെ മുതൽ ഉപ്പുചിരട്ടവരെ വിററ രണ്ടായിരത്തിലധികം രൂപ കൈക്കൂലി വാങ്ങിച്ചശേഷം എഴുതികൊടുത്തതാണ്. ഇതുപോലുള്ള ചിററുകൾ എത്രയെത്ര വേണമെങ്കിലും ഹാജരാക്കാൻ തയ്യാറാണ്. ഈ രീതിയിൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലും അനേകം നിയമനങ്ങൾ നടന്നിട്ടുണ്ട്. ടി. സി. സി. യിൽ പ്രമോഷൻ നൽകി നിയമിച്ചിട്ടുണ്ട്. ടി. സി. സി. യിൽ ഒരു ഫാർമസിസ്ററിനെ നിയമിച്ചിട്ടുണ്ട്. ആലപ്പുഴയിലെ വലതുകമ്മ്യൂണിസ്ററു നേതാവായ ഒരു ഭാസ്ക്കരന്റെ അനുജനായ ശിവനെയാണു നിയമിച്ചിട്ടുള്ളത്. ഫാർമസിയിലെ പ്രാഥമിക സർട്ടിഫിക്കററ് കോഴ്സായ ഡിപ്ലോമകൂടി പാസ്സായിട്ടില്ല. മുൻമന്ത്രി ശ്രീ. ററി. വി. തോമസിന്റെ കത്തനുസരിച്ചാണ് ഇയ്യാളെ നിയമിച്ചിട്ടുള്ളത്. അങ്ങനെയുള്ള നിയമനങ്ങളുടെ പട്ടിക കൂടുതൽ കൂടുതൽ ഹാജരാക്കാൻ ഞങ്ങൾ തയ്യാറാണ്. ട്രാൻസ്പോർട്ടുകോർപ്പറേഷനിൽ ക്രമരഹിതമായി നിയമനങ്ങൾ നടന്നുവെന്നും അഴിമതികൾ നടന്നുവെന്നും അതുകൊണ്ട് അതിലെ നിയമനങ്ങൾ മാത്രം പബ്ളിക്ക് സർവ്വീസ് കമ്മീഷനു വിടുന്നുവെന്നും മററു കോർപ്പറേഷനിലേക്കുള്ള നിയമനങ്ങൾ പബ്ളിക്ക് സർവ്വീസ് കമ്മീഷനു വിടുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു അല്ലെങ്കിൽ ആലോചിച്ചു വരുന്നുവെന്നു പറയുന്ന ശ്രീ. രവീന്ദ്രനോട് ഞാനൊരു ചോദ്യം ചോദിക്കുവാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഡിസംബർ പതിനഞ്ചാം തീയതി മുതൽ 3 ദിവസം തുടർച്ചയായി ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ നിയമനം നടത്തുന്നതിനു വേണ്ടി നൂറുകണക്കിനാളുകളെ ഇൻറർവ്യൂ നടത്തിയില്ലേ. അതിലുള്ള രസം പതിനേഴ് പേരെ ആകെ വേണമെന്നുള്ളതിൽ 9 ആഡിററർമാരെയും 4 ടൈപ്പിസ്ററുകളെയും രണ്ടു ക്ലാർക്കുമാരെയും രണ്ടു ഡ്രൈവർമാരെയും വേണമെന്നുള്ളതിന് ഇൻറർവ്യൂ നടത്തിയത് അവിടെ പണിയെടുത്തുകൊണ്ടിരിക്കുന്ന അപേക്ഷയില്ലാതെ പേ:സ്ററില്ലാതെ ഇൻറർവ്യൂവില്ലാതെ അവിടെ ഇപ്പോൾ ജോലി നോക്കുന്ന ആളുകളെ നിയമിക്കുന്നതിന് വേണ്ടിയാണ്. മുൻ ചെയർമാൻ ശ്രീ. ററി. സി. നാരായണൻ നമ്പ്യാരുടെ കാലത്ത് എടുത്തിരുന്ന തങ്കമ്മ എന്ന ഒരു ക്ലാർക്കിനെയും അതുപോലെതന്നെ രണ്ടു ഡ്രൈവർമാരെയും നേരത്തെ നിയമിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ തങ്കമ്മ വിവാഹിതയാണോ, അവിവാഹിതയാണോ ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: വേണമെങ്കിൽ അന്വേഷിച്ചു പറയാം. അതുപോലെതന്നെ രണ്ടു ടൈപ്പിസ്ററുകളെയും നേരത്തെ നിയമിച്ചിരിക്കുകയാണ്. അങ്ങനെ ആളുകളെ നേരത്തെ നിയമിച്ചു വച്ചതിന് ശേഷം ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലെ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കാൻ ആലോചിക്കുന്നുവെന്നാണ് മന്ത്രി ശ്രീ. രവീന്ദ്രൻ പറയുന്നത്.

ശ്രീ. പി. രവീന്ദ്രൻ: അപേക്ഷ ക്ഷണിച്ചും ഇൻറർവ്യൂ നടത്തിയും അല്ലേ ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട രവീന്ദ്രൻ ഞാൻ പറഞ്ഞത് ശ്രദ്ധിച്ചില്ലെന്ന് തോന്നുന്നു. ഇൻർവ്യൂ നടത്തുന്നതിന് മുമ്പുതന്നെ ആളുകളെ നിയമിക്കുകയും പിന്നീട് റെഗുലർ ലിസ്റ്ററിൽ പെടുത്തുകയും ചെയ്യുന്ന പതിവുണ്ട്. അങ്ങനെ ഈ 17-ൽ ആറുപേരെ നേരത്തെ ഖാദിബോർഡിൻെറ കീഴിൽ നിയമിച്ചിട്ടുണ്ട്. ശ്രീ. കെ. എം. ജോർജ്ജിൻെറ ഭാഷയിൽ പറഞ്ഞാൽ ''ഒരു നിയമനവും ഇല്ലാതെ'' അവർക്ക് ജോലിനൽകിയിട്ടുണ്ട്. അവരിൽപെട്ടവരാണ് ഞാൻ നേരത്തെ സൂചിപ്പിച്ച ഡ്രൈവറൻമാരും അതുപോലെതന്നെ തങ്കമ്മ എന്ന ക്ലാർക്കും രണ്ടു ടൈപ്പിസ്ററു കളും ഒരു ആഡിററും. അപേക്ഷ ക്ഷണിച്ചിട്ടല്ലേ നിയമിച്ചതെന്ന് ചോദിച്ചു. അപേക്ഷ ക്ഷണിക്കുന്നതിനു മുമ്പുതന്നെ ഇവരെ നിയമിച്ചു. ബഹുമാനപ്പെട്ട മന്ത്രി രവീന്ദ്രൻ പറഞ്ഞത് ഈ നിയമനങ്ങളൊക്കെ നിറുത്തി വയ്ക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നാണ്. പക്ഷേ ഇന്നും നിയമന ങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നുള്ളതാണ് ശരി. എല്ലാ പൊതുമേഖല വ്യവസായസ്ഥാപനങ്ങളിലേയും നിയമനങ്ങൾ ഈ ബില്ലിൻെറ പരിധിയിൽ കൊണ്ടുവന്നുകൊണ്ട് പബ്ലിക് സർവ്വീസ്കമ്മീഷന് വിടാമായിരുന്നു. അങ്ങനെയൊരു ബിൽ ഇവിടെ അവതരിപ്പിക്കാൻ കഴിയുമായിരുന്നുവെ ന്നാണ് എൻെറ വ്യക്തമായ അഭിപ്രായം. അതുപോലെ തന്നെ ഇലക്ട്രി സിററിബോർഡിനെക്കുറിച്ച് പറഞ്ഞു. ഇലക്ട്രിസിററി ബോർഡിലെ നിയമനങ്ങൾ വിട്ടുകൊടുത്തിട്ടില്ലേയെന്ന് ബഹുമാനപ്പെട്ട ഉണ്ണി ചോദിച്ചു. പക്ഷേ ഇന്നും സി. എൽ. ആർ. ആയിട്ട് ആയിരക്കണക്കിനാളുകളെ ഇലക്ട്രി ട്രിസിററിബോർഡിലെ ഉദ്യോഗസ്ഥൻമാർ വഴി വലതുകമ്മ്യൂണിസ്ററു നേതാക്കൻമാരുടെ സ്വാധീനം ഉപയോഗിച്ച് റിക്രൂട്ടു ചെയ്യപ്പെടുന്നുണ്ട്. സി. എൽ. ആർ. ആയിട്ട് റിക്രൂട്ടു ചെയ്താൽ സ്വാഭാവികമായും ഇന്നത്തെ തൊഴിൽ നിയമം അനുസരിച്ചും തൊഴിലാളി പ്രസ്ഥാനം അംഗീകരിച്ചെടുത്തി ട്ടുള്ള അവകാശങ്ങൾ അനുസരിച്ചും അവരെ നാളെ എൻ. എം. ആർ. ആക്കാനുള്ള അവസരമുണ്ട്. അംഗീകൃത തൊഴിൽ നിയമങ്ങൾ അനുസരിച്ച് അവർക്ക് ലാസ്ററുഗ്രേഡ് ജീവനക്കാരായിട്ടോ അല്ലെങ്കിൽ സാങ്കേതികവിഭാഗം ജീവനക്കാ രായിട്ടോ കയറാൻ അവകാശമുണ്ട്. ഇത് ഇന്ന് നടന്നുകൊണ്ടിരിക്കുക യാണ്. ആയിരക്കണക്കിന് ആളുകളെ കഴിഞ്ഞ രണ്ടു മാസത്തിനിടയിൽ സി. എൽ. ആർ. ആയി നിയമിച്ചിട്ടുണ്ട്. അതിനെ എല്ലാം കണ്ണടച്ചു ഇരുട്ടാക്കികൊണ്ട് അതൊന്നും കാണാൻ തയ്യാറാകാതെ ട്രാൻസ്പോർട്ടുകോർപ്പറേഷനിൽ മാത്രം ക്രമവിരുദ്ധമായി പലതും നടന്നിട്ടുണ്ടെന്നുള്ള രീതിയിൽ പ്രസംഗിക്കുന്നത് എത്രത്തോളം ശരിയാണെന്നുള്ളത് ഒന്നു ചിന്തിക്കണം. ബഹുമാനപ്പെട്ട കെ. എം. ജോർജ്ജിനോട് ഇന്നലെ ചോദിക്കുകയുണ്ടായി, ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടു ത്തതിനുശേഷവും നിങ്ങൾ താൽക്കാലിക നിയമനങ്ങൾ നടത്താൻ പോകുന്നി ല്ലേയെന്ന്; താൽക്കാലിക നിയമനങ്ങൾ നടത്താനുള്ള അധികാരം നില നിൽക്കുന്നില്ലേയെന്ന് ചോദിക്കുകയുണ്ടായി.

ശ്രീ. കെ. എം. ജോർജ്ജ്: ഈ പറയുന്ന താൽക്കാലിക നിയമനങ്ങൾ ഇന്ന് ഗവൺമെൻറ് സർവ്വീസിലും ഉണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കുന്നുണ്ടോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഉണ്ട്. ഞാൻ അതിലേക്ക് വരുകയാണ്. എനിക്കു പറയാനുള്ളതുമുഴുവൻ കേൾക്കാനുള്ള സഹിഷ്ണുത കാണിക്കാത്തതുകൊണ്ടാണ് ഈ സംശയം ഉണ്ടാകുന്നത്. ഗവൺമെൻറ് സർവ്വീസിൽ താൽക്കാലിക നിയമനം ഉണ്ടെന്നുള്ള കാര്യം എനിക്കറിയാം. പക്ഷേ ഗവൺമെൻറ് സർവ്വീസിൽ സർവ്വീസ് കമ്മീഷൻ റിക്രൂട്ടുചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആരം വരുമ്പോരം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നായാലും, മററ് ഏതു തരത്തിലായാലും നിയമിക്കുന്ന പ്രൊവിഷണൽ ഹാൻറ്സിനെ പിരിച്ചു വിടേണ്ടിവരും. പിരിച്ചു വിട്ട് മററുള്ളവരെ നിയമിക്കേണ്ടിവരും. അതേസമയത്ത് ഇതൊരു വ്യവസായസ്ഥാപനമാണ്; ഒരു വ്യവസായസ്ഥാപനമെന്നുള്ള നിലയിൽ താൽക്കാലികനിയമനങ്ങരം നടത്തി കഴിഞ്ഞാൽ 240 ദിവസം പണിയെടുത്താൽ സ്ഥിരാവകാശം കിട്ടാൻ, ജോലിസ്ഥിരത കിട്ടാൻ അവകാശമുണ്ട്. രണ്ടു വർഷംവരെ പ്രൊവിഷണലായിട്ട് നിയമനം നീട്ടികൊടുക്കാൻ മന്ത്രിക്കും ഗവൺമെൻറിനും അവകാശമുണ്ട്. അങ്ങനെ രണ്ടു വർഷംവരെ നീട്ടികൊടുക്കാൻ അവകാശം നിലനിൽക്കുമ്പോരം, താൽക്കാലിക നിയമനത്തിനുള്ള അവകാശം നിൽക്കുമ്പോരം, നിയമിക്കുക, 240 ദിവസം കടക്കാൻ അനുവദിക്കുക, അതിനുശേഷം സാധാരണ തൊഴിൽ നിയമം അനുസരിച്ച് സ്ഥിരപ്പെടുത്തുക അതല്ലേ ഇന്ന് നടന്നുവരുന്ന പതിവ് ഇക്കാര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷനും കോർപ്പറേഷനും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി ഇങ്ങനെ താൽക്കാലികമായി നിയമിച്ച് 240 ദിവസം കഴിഞ്ഞ ആളുകളെ റെഗുലറൈസ് ചെയ്യണമെന്ന് പബ്ലിക്ക് സർവ്വീസ് കമ്മീഷന് കോർപ്പറേഷൻ എഴുതുന്നുയെന്നു വിചാരിക്കുക. അങ്ങനെ അഭിപ്രായവ്യത്യാസമുണ്ടായി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സമ്മതിക്കുന്നില്ല. ആർക്കാണ് ഇതിനകത്ത് പരമാധികാരം? ഗവൺമെൻറിന്. ഗവൺമെൻറിന് പബ്ലിക് സർവ്വീസ് കമ്മിഷന്റെ അഭിപ്രായത്തെ നിരസിച്ചുകൊണ്ട് റെഗുലറൈസ് ചെയ്യാൻ തീരുമാനമെടുക്കുന്നതിനുള്ള അധികാരമുണ്ട്. അങ്ങനെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തെ പരിപൂർണ്ണമായി തള്ളിക്കളയാനുള്ള അവകാശം ഗവൺമെൻറിന് കൊടുത്തിരിക്കുകയാണ്. ഞാനത് വായിക്കാം.

> 'In the case of any difference of opinion between the Public Service Commission and the Corporation on any matter, the Corporation shall refer the matter to the Government and the decision of the Government thereon shall be final.'

താൽക്കാലിക നിയമനങ്ങരം നടത്താനുള്ള അധികാരം നൽകുന്നുണ്ട്. അതനുസരിച്ച് നിയമിക്കുന്നു. നിയമിച്ച ആളുകരം 240 ദിവസം ജോലി നോക്കുന്നു. ആ ആളുകളെ റെഗുലറൈസ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പബ്ലിക്ക് സർവ്വീസ് കമ്മീഷനോട് കോർപ്പറേഷൻ അഭ്യർത്ഥിക്കുന്നു. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അത് സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി വിചാരിച്ചാൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സ്വീകരിക്കാതിരുന്നതിന് യാതൊരു വിലയുമില്ലാതെയാക്കിത്തീർക്കാം. ബഹുമാനപ്പെട്ട മന്ത്രിക്ക് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തെ തിരസ്കരിച്ചുകൊണ്ട് ആ നിയമനങ്ങളെ സ്ഥിരപ്പെടുത്താം. ആ നിയമനങ്ങളെ അംഗീകരിച്ച് മുന്നോട്ടു പോകാം. അതാണ് നിയമനാധികാരം. പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തുയെന്നുള്ള പ്രസംഗം നടത്തുക, അതേസമയത്ത് സ്വന്തമായി നിയമിക്കാനുള്ള അധികാരവും സ്ഥിരപ്പെടുത്തി കിട്ടാനുള്ള അവകാശവും നിലനിറുത്തുകയും ചെയ്യുക. ഈ ദ്വിമുഖപദ്ധതിയാണ് ഇതിനകത്ത് ആവിഷ്ക്കരിച്ചിട്ടുള്ളത്.

ശ്രീ. ഇ. ജോൺജേക്കബ്: അതിനു പരിഹാരമായി എന്തെങ്കിലും നിർദ്ദേശം വയ്ക്കാൻ കഴിയുമോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സെക്ഷൻ 3-ലെ സബ് സെക്ഷൻ 3 എടുത്തു കളഞ്ഞാൽ മതി. പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം കമ്പൽസറിയായി അംഗീകരിക്കേണ്ടതാണെന്ന് വച്ചാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്ജ്: എല്ലാ നിയമനങ്ങളെ സംബന്ധിച്ചിടത്തോളവും പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ ശുപാർശ ഫൈനൽ അല്ലെന്ന് അറിയാമോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഗവൺമെന്റിന് പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ നിയമന ശുപാർശ ഫൈനൽ അല്ല എന്നു പറയുന്നത് ഇതിൽ കാര്യമാക്കേണ്ട കാര്യമില്ല. പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ ശുപാർശ ഗവൺമെന്റിന് ഫൈനലല്ല എന്ന് ഇതിൽ കാണുന്നുണ്ട്.

ശ്രീ. കെ. ടി. ജോർജ്ജ്: ഇത്രയും പ്രധാനമായിട്ടുള്ള ഒരു കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം ആ കോർപ്പറേഷന്റെ അഭിപ്രായത്തെ ആദരിച്ചുകൊണ്ട് അവസാന തീരുമാനം ഗവൺമെന്റ് എടുക്കുന്നതല്ലേ നല്ലത്?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: മുൻപ് കോർപ്പറേഷന് നിയമവിരുദ്ധമായി ഗവൺമെന്റ് നിർദ്ദേശം കൊടുത്തുകൊണ്ടിരുന്നത് ഇപ്പോൾ അതോറിററിയനുസരിച്ച് കൊടുക്കാമെന്നാണ്.

ശ്രീ. കെ. എം. ജോർജ്ജ്: പബ്ലിക്ക് സർവ്വീസ് കമ്മിഷനോട് എന്റെ സ്നേഹിതനായ വാര്യർക്ക് ഇത്രയേറെ സ്നേഹവും വിശ്വാസവും ബഹുമാനവും വർദ്ധിച്ചു കാണുന്നതിൽ സന്തോഷമുണ്ട്. ഗവൺമെന്റ് സർവ്വീസിലെ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ ഏതെങ്കിലും ഉപദേശം ഗവൺമെന്റിന് ക്യാബിനററിന്റെ അംഗീകാരത്തോടുകൂടി ഓവർറൂൾ ചെയ്യാൻ അധികാരമുണ്ടെന്നും, ഗവൺമെന്റ് സർവ്വീസിലുള്ളതിനെക്കാൾ കൂടുതലായി പബ്ലിക്ക് സർവ്വീസ് കമ്മിഷന് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം അധികാരം കൊടുക്കണമെന്നുമാണോ വാദിക്കുന്നത്?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ശ്രീ. കെ. ടി. ജോർജ്ജ് ചോദിച്ച ചോദ്യം ശ്രീ. കെ. എം. ജോർജ്ജ് മറെറാരു രൂപത്തിൽ ചോദിച്ചു എന്നേയുള്ളു. പബ്ലിക്ക് സർവ്വീസ് കമ്മിഷനോട് പ്രത്യേകിച്ച് ബഹുമാനമൊന്നും ഉണ്ടായിട്ടല്ല ഞാനിതു പറയുന്നത്. എനിക്ക് ഒരു സംശയമുണ്ട്. സർവ്വീസ് കമ്മിഷനോട് ബഹുമാനമുണ്ടെന്നു പറയുന്നവർ, ബഹുമാനമുണ്ടെന്ന് പറയുകയും, അതിന്റെ പിൻവാതിലിൽക്കൂടി അതിനെ മറി കടക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുന്നതെന്നു ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. സർവ്വീസ് കമ്മിഷൻ ചെയ്യുന്നതെല്ലാംതന്നെ പരിപാവനവും പരിശുദ്ധവുമാണെന്ന തെററായ ചിന്താഗതി എനിക്കില്ല.

ശ്രീ. കെ. എം. ജോർജ്ജ്: 32 മാസക്കാലം വിട്ടുകൊടുക്കുകയില്ല, ഞങ്ങൾ വച്ചുകൊണ്ടിരിക്കുകയാണ് എന്നു പറഞ്ഞതിനേക്കാൾ ഭേദമാണല്ലോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: 32 മാസക്കാലം വിട്ടുകൊടുക്കുകയില്ലെന്നു ആരു പറഞ്ഞുകൊണ്ടിരുന്നു എന്നുള്ളതിനെ സംബന്ധിച്ച ഒരു ചർച്ചയിലേക്ക് ഞാൻ ഈ അവസരത്തിൽ കടക്കുന്നില്ല. വളരെ വ്യക്തമായി അതെല്ലാംതന്നെ പബ്ലിക്ക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുക്കണമെന്നുള്ള യോജിച്ച തീരുമാനം ഇന്നു ശ്രീ. കെ. എം. ജോർജ്ജിന്റെ കൂട്ടുകാരായിരിക്കുന്നവരടക്കം എല്ലാവരുംകൂടി യോജിച്ച് എടുത്തതാണ്. അങ്ങനെയൊരു തീരുമാനമെടുത്തിട്ടുണ്ടെന്നുള്ള സത്യം ബഹുമാനപ്പെട്ട വ്യവസായമന്ത്രി ഈ ബിൽ അവതരിപ്പിച്ചപ്പോൾ ഇവിടെ പറയാൻ തയ്യാറായി. അത് ബഹുമാനപ്പെട്ട മന്ത്രി കെ. എം. ജോർജ്ജ് മറന്നു പോയെന്നു തോന്നുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രവീന്ദ്രൻ: മുഖ്യമന്ത്രി അങ്ങനെ അഷ്വറൻസ് കൊടുത്തിരുന്നു, ഗവൺമെൻറ് തീരുമാനമായി എന്നു ഞാൻ പറഞ്ഞില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഷ്വറൻസ് കൊടുത്തു എന്നുള്ളത് ഈ ബില്ലിൻെറ ഒാബ്ജക്ട്സ് ആൻറ് റീസൺസിൽ പറഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രി അഷ്വറൻസ് കൊടുത്തിരുന്നു എന്നു പറഞ്ഞത് ഭരണകക്ഷികളുടെ മുഴുവൻ അഭിപ്രായമനുസരിച്ചാണെന്നാണ് അന്നത്തെ ഭരണകക്ഷിയിലെ ഒരംഗമായിരുന്ന എനിക്ക് ബോധ്യമായിട്ടുള്ളത്. ശ്രീ. രവീന്ദ്രനും അതിനോട് യോജിക്കുമെന്നാണ് എൻെറ വിശ്വാസം. ശ്രീ. ജോർജ്ജ് യോജിക്കാത്തതിൽ അൽഭുതമില്ല.

സർ, ഞാൻ എൻെറ സംസാരം അധികം നീട്ടുന്നില്ല. പബ്ലിക്ക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുന്ന ഈ നിയമം പാസാക്കുമ്പോൾ മറെറാരു ബില്ലായിട്ടുകൊണ്ടുവന്ന് മുഴുവൻസ്ഥാപനങ്ങളെയും കൊണ്ടുവരാൻ കഴിയുമായിരുന്നു. മററു പൊതുസ്ഥാപനങ്ങളിലെയും നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന് അടിയന്തിരമായി വിട്ടുകൊടുക്കുന്ന ബില്ല് കൊണ്ടുവരണം. അതുപോലെതന്നെ ഗവൺമെൻറിന് ഈ പൗവ്വേഴ്സ് റിസർവ്വ് ചെയ്യുന്നതിനെസംബന്ധിച്ചും പുന:പരിശോധിക്കേണ്ടതുണ്ട്. മററു സ്കാവഞ്ചർ, സ്വീപ്പർ തുടങ്ങിയ വിഭാഗങ്ങളെ സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കാത്തതിനെസംബന്ധിച്ച് വളരെ ഗുരുതരമായ വിമർശനങ്ങൾ ഉന്നയിച്ചു എന്നുള്ള നിലയിൽ ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള സംസാരിച്ചു. അതിനെക്കുറിച്ച് വിമർശിച്ചതു അത്ര താഴ്ന്ന സർവ്വീസിലുള്ളതിൻെറ റിക്രൂട്ടുമെൻറ് പബ്ലിക്ക് സർവീസ് കമ്മീഷന് വിട്ടുകൊടുത്തേ തീരു എന്നുള്ള നിലയിലല്ല. അതു വിട്ടുകൊടുക്കുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ടൊന്നുമില്ല. ഡിസ്ട്രിക്ട് റിക്രൂട്ടുമെൻറ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കണ്ടിജൻസിക്കാരെ നിയമിക്കാൻ ജനറൽ മാനേജർക്ക് അധികാരം കൊടുക്കലാണ് പ്രായോഗികമെന്ന് ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ളക്കറിയാം. ഒരു കാര്യം അദ്ദേഹത്തിൻെറ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. ഈ വാദം അംഗീകരിച്ചുകൊണ്ട് നിയമിച്ച സ്കാവഞ്ചർ, സ്വീപ്പർ മുതലായവരെയും പിരിച്ചുവിട്ടിട്ടുണ്ട്. അവരെ പിരിച്ചുവിട്ടത് എന്തു ന്യായത്തിലാണ്. അവരുടെ നിയമനം സർവ്വീസ് കമ്മിഷന് വിട്ടുകൊടുത്തിട്ടില്ലെന്നു പറയുന്നു. അങ്ങനെ വിട്ടുകൊടുക്കേണ്ടതിൻെറ ആവശ്യമില്ലെന്നു പറയുന്ന ഭരണകക്ഷി അംഗങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. എം. ജോർജ്ജിനോടു ചോദിക്കണം ജനറൽ മാനേജർ നിമയിച്ചിരുന്ന സ്കാവഞ്ചർ സ്വീപ്പർ മുതലായവരെ രാഷ്ട്രീയവൈരനിര്യാതബുദ്ധിയോടു കൂടി എന്തിനു പിരിച്ചുവിട്ടു എന്ന്. അങ്ങനെയുള്ള ധാരാളംപേരെ പിരിച്ചുവിട്ടിട്ടുണ്ട്. അതാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ പ്രസംഗം 12 മണിവരെ പോകുമോ; അതോ അതിൻെറ അപ്പുറത്തു പോകുമോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബില്ലിൻെറ കാര്യങ്ങളല്ലാതെ ബഹുമാനപ്പെട്ട ചാഴിക്കാടന് ആവശ്യമുള്ള കാര്യങ്ങൾ പ്രസംഗിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട ഗവൺമെൻറിനോട് അഭ്യർത്ഥിക്കുവാനുള്ളത് ഈ നിയമം പാസാക്കുന്നു എന്നുള്ളതിൻെറ പേരിൽ നടത്തുന്ന ഈ തൊഴിലാളി വിരുദ്ധ പ്രവർത്തനങ്ങൾ തൊഴിലാളികൾ നേടിഎടുത്തിട്ടുള്ള അവകാശങ്ങളെ ധ്വംസിക്കത്തക്കരീതിയിൽ സർവ്വീസിൽ പ്രവേശിച്ച് ജോലി ചെയ്തുകൊണ്ടിരുന്ന ആളുകളെ പിരിച്ചുവിട്ടത് കുൽസിതമായ നടപടിയാണെന്നും ആ നടപടി തിരുത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലേയും നിയമനം അടിയന്തിരമായിത്തന്നെ ഒരു പൊതുസ്വഭാവ റിക്രൂട്ടുമെൻറ് നടത്തുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷന്, ഗവൺമെൻറ് അംഗീകരിച്ചിരിക്കുന്ന സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

ശ്രീ. കെ. ടി. ജോർജ്: സർ, ഡിസംബർ 17—ാം തീയതിയിലെ ഓർഡിനൻസ് റീപ്ലെയിസു ചെയ്യുന്നതിനു വേണ്ടി കൊണ്ടു വന്നിട്ടുള്ള ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം നിയമ സഭ വിളിച്ചു കൂട്ടുന്നതിനുമുമ്പായി പല ഓർഡിനൻസുകളും പുറപ്പെടുവിക്കുകയുണ്ടായി. ശ്രീമാൻ സി. ബി. സി. വാര്യർ ഉന്നയിച്ച ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ യോജിപ്പു പ്രകടിപ്പിക്കുകയാണ്. ഈ ഓർഡിനൻസുകൾ കൊണ്ടുവരുന്ന കാര്യത്തിൽ ഈ ഗവൺമെൻറ് മററു പല ഗവൺമെൻറുകളെക്കാളും റിക്കാർഡുകൾ ഭേദിച്ചു കൊണ്ട് വളരെ അടിയന്തിരസ്വഭാവമില്ലാത്ത പല സംഗതികൾക്കുപോലും ഓർഡിനൻസ് കൊണ്ടുവന്നു. അതത്ര ശരിയായിരുന്നില്ലെന്ന സംഗതി ഞാൻ ഊന്നിപ്പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: വളരെ അടിയന്തിരമില്ലാതെ കൊണ്ടുവന്നത് ഏതാണെന്നു പറയാമോ; ഏതെങ്കിലും ഒരു ഓർഡിനൻസിനെപ്പററി പറയാമോ?

ശ്രീ. കെ. ടി. ജോർജ്: രണ്ടുമൂന്നെണ്ണമുണ്ട്. ഞാൻ അത് പിന്നെ പറയാം. അതിന്റെ പ്രസക്തമായ സന്ദർഭത്തിലേയ്ക്ക് വരുമ്പോൾ അതിനെക്കുറിച്ച് പറയാമെന്നുള്ളതുകൊണ്ട് ആ ഭാഗം വിടുകയാണ്. ഏതായാലും ഈ ബില്ലിനെസംബന്ധിച്ചിടത്തോളം ഈ ഓർഡിനൻസിനെ സംബന്ധിച്ചിടത്തോളം ഇതൊരു അടിയന്തിര സ്വഭാവമുണ്ടായിരുന്ന സംഗതിയാണെന്നുള്ളതിൽ വലിയ പക്ഷാന്തരമുണ്ടെന്നു തോന്നുന്നില്ല. കേരളത്തിൽ അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ ഈ സംസ്ഥാനം നേരിടുന്ന ഏററവും ഗുരുതരമായ ഒരു പ്രശ്നമാണെന്നാണ് എന്റെ അഭിപ്രായം. ഈ രാജ്യത്ത് വളരെ സ്ഫോടകാത്മകമായ ഒരന്തരീക്ഷം തന്നെ ഈ ഒരു പ്രശ്നത്തിൽ ഇന്ന് സൃഷ്ടിച്ചിരിക്കുകയാണ്. ഇതിന് എങ്ങനെയാണ് പരിഹാരം തേടുക എന്നുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം ഒരു ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇത് ഏററവും മൗലികമായ ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്. ഇങ്ങനെയുള്ള ഏററവും പ്രധാനപ്പെട്ട പ്രശ്നത്തിന് വളരെ തൃപ്തികരമായപരിഹാരം കാണാൻ ഈ ഗവൺമെൻറിനെന്നല്ല മറേറതൊരു ഗവൺമെൻറ് ഈ സ്ഥാനത്തു വന്നാൽ പോലും സാദ്ധ്യമാകുമോ എന്ന് സംശയമുണ്ട്. തൊഴിൽ ലഭിക്കുന്നതിനുള്ള പ്രാധാന്യത്തെ ഊന്നിക്കാണിക്കുന്നതിന് ഇത്രയും സംസാരിച്ചു എന്നേയുള്ളു. നമ്മുടെ ഈ കൊച്ചു രാജ്യത്തെ സംബന്ധിച്ചിടത്തോളം എങ്ങനെയെങ്കിലും ഒരു ജോലി ലഭിക്കുക എന്നുള്ളത് ഒരു കുടുംബത്തെ സംബന്ധിച്ചിടത്തോളം ഏററവും അധികം ഭദ്രത ഉണ്ടാക്കുന്ന ഒരു നടപടിയാണ്. അതിനു വേണ്ടി അലഞ്ഞുതിരിഞ്ഞു നടക്കുന്ന ചെറുപ്പക്കാരെയല്ലാതെ ഈ രാജ്യത്ത് കാണാനില്ല. സ്കൂൾഫൈനൽ സർട്ടിഫിക്കററും മററു പല സർട്ടിഫിക്കററുകളുമായി ഈ ഗവൺമെൻറിന്റെ മുമ്പിലും കോർപ്പറേഷന്റെ മുമ്പിലും കമ്പനികളുടെ പടിവാതിൽക്കലുമായി കാത്തു നിൽക്കുന്ന നിരവധി ചെറുപ്പക്കാരെ നാം തീർച്ചയായും കണക്കിലെടുക്കണം. അവർ എന്നും ഇങ്ങനെ നിൽക്കേണ്ടവരാണോ? അവർക്ക് ന്യായമായ രീതിയിൽ ജോലിലഭിക്കുന്നതിന് അവകാശമുള്ളവരല്ലേ? ന്യായമായ അവരുടെ അവകാശം നിഷേധിക്കുകയാണെങ്കിൽ ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏററവും വലിയ പ്രശ്നമല്ലേ എന്ന് അവഗാഢമായി ചിന്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ട സംഗതിയാണ്. ഇങ്ങനെയുള്ള അവസരത്തിൽ അർഹമായ ആളുകൾക്ക് ഈ രാജ്യത്ത് തൊഴിൽ ലഭിക്കാതെ പോകുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ അതിനെ എങ്ങനെ നേരിടണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് ചിന്തിക്കണം. ജോലി ലഭിക്കുന്നത് സ്വന്തക്കാർക്കാണോ, പാർട്ടിക്കാർക്കാണോ, ക്വാളിഫിക്കേഷൻ ഇല്ലാത്ത ആളുകൾക്കാണോ? ന്യായമായി ജോലി ലഭിക്കേണ്ട ആളുകൾ തള്ളപ്പെട്ടുപോവുകയാണെങ്കിൽ ഈ രാജ്യത്ത് ഉണ്ടാകാനിരിക്കുന്ന സ്ഥിതിവിശേഷം വളരെ ഭയാനകമായ ഒന്നാണെന്ന് അനുസ്മരിപ്പിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കഴിഞ്ഞകാലങ്ങളിൽ നടന്ന അഴിമതിയെ സംബന്ധിച്ചിടത്തോളം വീണ്ടും ഒരു ചർച്ചയ്ക്ക് അതു വിധേയമാക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ശവത്തെ കുത്തി പാവം ഏൽപ്പിക്കരുതല്ലോ എന്നു കരുതിയാണ് ആ ഭാഗം വിടുന്നത്. അത്രയേറെ ഈ രാജ്യത്ത് മുഴുവൻ ഭരണാധികാരികൾക്കും അവമതി ഉണ്ടാകത്തക്കരീതിയിൽ, അത്ര ഭയാനകമായ രീതിയിൽ ഇൻഡ്യയിലുള്ള മറ്റെല്ലാ സംസ്ഥാനങ്ങളിലും ഉണ്ടായിട്ടുള്ള അഴിമതികളുടെ റിക്കാർഡുകൾ ഭേദിക്കത്തക്ക രീതിയിൽ ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അഴിഞ്ഞാട്ടം നടത്തിയതിന്റെ കഥ എല്ലാവർക്കും അറിയാം. യാതൊരു തത്വദീക്ഷയും കൂടാതെ നിയമനങ്ങൾ നടത്തി. എല്ലാ കാര്യങ്ങളിലും പ്രീതിപ്പെടുത്താനുള്ള അവസാനത്തെ ചീട്ട് ട്രാൻസ്പോർട്ട് കോർപ്പറേഷനാണ്. പാർട്ടി ഫണ്ട് വീർപ്പിക്കാൻ പാർട്ടിയുടെ കറവപ്പശുവായി ട്രാൻസ്പോർട്ടുകോർപ്പറേഷനെ ഉപയോഗിച്ചതിനുശേഷം ഇന്നിപ്പോൾ അതിന്റെ മററു കാര്യങ്ങളെ സംബന്ധിച്ച് സി. ബി. സി. ഉൾപ്പടെയുള്ള ആളുകൾ പരാതിപ്പെടുന്നതു കാണുമ്പോൾ എന്താണ് സമാധാനം പറയേണ്ടതെന്ന് മനസിലാകുന്നില്ല. പത്ത് എണ്ണൂറോളം വരുന്ന ട്രാൻസ്പോർട്ടിലെ, നിയമിച്ചു എന്നും നിയമിച്ചില്ല എന്നും, പറയപ്പെടുന്ന ആളുകളെ പിരിച്ചു വിട്ട സാഹചര്യം ഓർമ്മിക്കുമ്പോൾ കുണ്ഠിതമുണ്ട്. കുറേക്കാലം ജോലി ചെയ്തിരുന്ന ആളുകൾ, ഏതു വിഭാഗത്തിൽപ്പെട്ടതായാലും ശരി ക്വാളിഫിക്കേഷൻ ഉള്ളവരോ ഇല്ലാത്തവരോ വഴിയിൽ കുത്തിയിരുന്നുകൊണ്ട്, ജോലി ഉണ്ടായിരുന്ന ആളുകൾ വീണ്ടും ജോലിക്കുവേണ്ടി സമരം ചെയ്യാനുള്ള സാഹചര്യം ഈ രാജ്യത്തുണ്ടായതിൽ വളരെയധികം കുണ്ഠിതമുണ്ട്. വാസ്തവത്തിൽ അവരുടെ നില വച്ചു നോക്കുമ്പോൾ ജോലി നഷ്ടപ്പെട്ട ആളുകളുടെ വീക്ഷണഗതിയിൽക്കൂടി ഒരു നിമിഷം ചിന്തിക്കുകയാണെങ്കിൽ വളരെ വേദനാജനകമായ അനുഭവമല്ലേ അവർക്കുണ്ടായിട്ടുള്ളത്. അതിന് ആരാണ് കാരണക്കാർ. ഈ സാഹചര്യത്തിലേക്ക് അവരെ എത്തിച്ചത് ആരാണെന്ന് ഈ അവസരത്തിൽ ചിന്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രീ. സി. ബി. സി. വാര്യർ പറഞ്ഞതാണ് വസ്തുത എങ്കിൽ അതാണ് യാഥാർത്ഥ്യമെങ്കിൽ നിയമപ്രകാരം, ചട്ടപ്രകാരമാണ് ഈ കൂട്ടരെ നിയമിച്ചതെന്ന് തെളിയിക്കാൻ തയ്യാറാണെങ്കിൽഅവർക്കു വേണ്ടി സമരം ചെയ്യാൻ തയ്യാറാണെന്നു ഞാൻ പ്രഖ്യാപിക്കുകയാണ്.

(കമ്മ്യൂണിസ്റ്റുപാർട്ടി (മാർക്സിസ്റ്റ്) മെമ്പർമാർ കയ്യടിച്ചു) കൈയ്യടിച്ചിട്ടു കാര്യമില്ല. ജനാധിപത്യപ്രകാരമല്ല. നിയമപ്രകാരമല്ല ഒരു തുണ്ടു കടലാസിൽ എഴുതിക്കൊടുത്തിട്ടാണ് നിയമനം നടത്തിയതെന്ന് നിങ്ങളുടെ ചുമലിൽ വയ്ക്കുകയാണ്. യാതൊരു തത്വദീക്ഷയും കൂടാതെ നിയമിച്ച ആളുകളുടെ കാര്യം പറയുമ്പോൾ ആ പാവപ്പെട്ടവരെ വഴി തെററിക്കപ്പെട്ട ഓരോ തൊഴിലാളിയോടും ചോദിച്ചാൽ ഒരു നീണ്ട കഥ ഈ രാജ്യത്തെ ജനങ്ങളോടു പറയാൻ.........

ശ്രീ. ഇ. എം. ജോർജ്: സിഗരററു പാക്കററിൽ എഴുതിയായിരുന്നു ജനറൽ മാനേജർ നിയമനത്തിന് ഓർഡർ ഇട്ടതെങ്കിൽ പിരിച്ചു വിടാൻ ഉത്തരവ് എഴുതിയത് എവിടെ നിന്നുള്ള വിവരം വച്ചുകൊണ്ടാണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോർജ്: ഞാൻ ശ്രീ. ഇ. എം. ജോർജിനോട് അതു പറയണമോ. പിരിച്ചുവിടാൻ ഒരു മന്ത്രി ഉത്തരവിട്ടു എന്നുള്ളതുകൊണ്ടുതന്നെ ജനാധിപത്യപ്രകാരവും ചട്ടപ്രകാരവും നിയമപ്രകാരവുംഅല്ല നിയമനം നടന്നതെന്നുള്ളതു പറയേണ്ട കാര്യമുണ്ടോ. ഇതിനെസംബന്ധിച്ചു കൂടുതൽ സംസാരിച്ച് സമയം കളയണമെന്നു വിചാരിക്കുന്നില്ല. ശ്രീ. കെ. എം. ജോർജ് എവിടെയൊക്കെയോ തിരഞ്ഞു നിയമനം നടത്തിയ കുറേ ആളുകളുടെ പേരു വിവരം ശേഖരിച്ചു എന്നുള്ളതു മാത്രം മതി ശ്രീ. ഇ. എം. ജോർജിന് മുഴുവൻ ന്യായീകരണവും കണ്ടെത്താൻ.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): സർവ്വീസ് കമ്മീഷന് കണ്ടിജൻസി വിഭാഗത്തിൽപ്പെട്ട സ്വീപ്പേഴ്സ്, സ്കാവഞ്ചേഴ്സ് മുതലായവരുടെ നിയമനം വിട്ടുകൊടുത്തിട്ടില്ല. എന്നാൽ ഇപ്പോഴം പിരിച്ചു വിടപ്പെട്ടവരിൽ 85—ഓളം പേർ ഉള്ളതായി അറിയാമോ; അതിന് എന്തു ന്യായീകരണമാണുള്ളത്.

ശ്രീ. കെ. ടി. ജോർജ്: സർവ്വീസ് കമ്മീഷന് വിടലും പിരിച്ചുവിടലും തമ്മിൽ താരതമ്യപ്പെടുത്തിയിട്ടു കാര്യമില്ല. നിയമിക്കുന്നത് ആരായാലും ശരി ജനാധിപത്യപ്രകാരവും നിയമപ്രകാരവും അല്ലാതെ നിയമനംനടത്തയിട്ടുണ്ടെങ്കിൽ അവരെ തീർച്ചയായും പിരിച്ചുവിടുന്നതിനുള്ളഅവകാശമുള്ളതാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): കണ്ടിജൻസിക്ക് എന്താണ് ചട്ടം.

ശ്രീ. കെ. ടി. ജോർജ്: അതിന്റെ റൂൾസ് ഞാൻ ഇപ്പോഴം വായിക്കണമെന്നാണോ. വേണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിക്കാം. റൂൾസ് വേണമെങ്കിൽ വരുത്തി വായിക്കാം. ഞാൻ പറയുന്നത് കണ്ടിജൻസി ജീവനക്കാരായാലും ശരി മററാരായാലും ശരി നിയമപ്രകാരമല്ലാത്ത രീതിയിലുള്ള നിയമനങ്ങഠം റദ്ദാക്കുന്നതിനുള്ള അവകാശം നിയമപ്രകാരം നിലവിൽ വന്നിട്ടുള്ള ഗവൺമെൻറിനുള്ളതാണ്.

ശ്രീ. എ. വി. ആര്യൻ: 1964—ൽ സ്റേററ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകരിച്ചതിനു ശേഷം 67 വരെയുള്ള 3 കൊല്ലത്തിനിടയ്ക്ക് മൂവായിരത്തിൽപ്പരം ആളുകഠംക്ക് ടെമ്പററിയായും പെർമനൻറായും നിയമനം നടത്തിയിട്ടുണ്ട്. അവരെ മുഴുവനുംതന്നെ 1967—ൽ പരിപൂർണ്ണമായിട്ട് അംഗീകരിച്ചിട്ടുണ്ട്. ഇങ്ങനെ ടെമ്പററി നിയമനം മുമ്പുതന്നെ അംഗീകരിച്ചിട്ടുള്ളതു പ്രകാരം നിയമനം നടത്തിയാൽ അതെങ്ങനെയാണ് നിയമാനുസരണമല്ലാത്ത നിയമനമാകുന്നത്.

ശ്രീ. കെ. ടി. ജോർജ്: ഇതൊക്കെ നേരിട്ട് ആളുകളോടു ചോദിച്ച് മനസ്സിലാക്കേണ്ട കാര്യമാണ്.

ശ്രീ. ഇ. എം. ജോർജ്: ഈ നിയമനം നിയമ വിരുദ്ധമായി നടത്തിയതാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഇപ്പോഴം അവരെ തിരിച്ചെടുക്കാൻ വേണ്ടി നടത്തുന്ന സമരത്തെ എതിർത്തുകൊണ്ടു വിവിധ ട്രാൻസ്പോർട്ട് ആഫീസുകളുടെമുമ്പിൽ ഇന്നത്തെ ഗവൺമെൻറിന്റെ അനുയായികഠം എഴുതിവച്ചിരിക്കുന്ന പോസ്ററുകഠംതന്നെ ഈ നിയമനത്തിൽ ഭൂരിപക്ഷവും 1968 അവസാനവും 1969 ജനുവരി ആദ്യവും നടത്തിയിട്ടുള്ളതാണെന്നു മനസ്സിലാക്കുന്നു.

ശ്രീ. കെ. ടി. ജോർജ്: പോസ്ററുകളിൽ കാണുന്ന കാര്യത്തെ കുറിച്ച് സമാധാനം പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം ഈകാര്യത്തിലുള്ള നിലപാട് വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. വഴിയിലിരിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഞാൻ ആദ്യം എടുത്തു പറയുകയുണ്ടായി. വളരെയധികം സഹതാപം അർഹിക്കുന്ന കൂട്ടരാണ്, അവരോട് ചോദിക്കുകയാണെങ്കിൽ വളരെ വളരെ ശോചനീയമായ കഥ കേരളത്തിലെ ജനങ്ങളോടു പറയാനുണ്ട്. അവരുടെബുദ്ധിമുട്ട് ഒരുപക്ഷെ വളരെയേറെ പണം ജോലി ലഭിക്കുന്നതിനു വേണ്ടി കൊടുത്തിട്ടുള്ള പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം അവരെ പിരിച്ചു വിടാനുള്ള സാഹചര്യത്തിലേക്ക് എത്തിച്ചത് ആരാണോ അവരാണ് ഉത്തരവാദികളെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

ശ്രീ. കെ. കെ. അബു: വഴിയരുകിൽ കിടക്കുന്ന വളരെ അധികം ആളുകൾ കിടപ്പാടം വിററും മററുമൊക്കെയാണ് കൊടുത്തതെന്നു പറയുന്നു. അങ്ങനെയാണെങ്കിൽ ഇക്കാരണം കൊണ്ടുതന്നെ അവരെ പിരിച്ചു വിടുന്നത് അന്യായമല്ലേ? അവരെ നിയമിച്ച ആളുകളെയല്ലേ ശിക്ഷിക്കേണ്ടത്?

ശ്രീ. കെ. ടി. ജോർജ്: ഞാൻ പറഞ്ഞതെല്ലാം അംഗീകരിക്കുകയാണെങ്കിൽ കിടപ്പാടം വിററു പണം കൊണ്ടുപോയി കൊടുത്തിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഈ കോർപ്പറേഷൻെറ നിയമനങ്ങൾ പബ്ലിക്സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് ഈ ബില്ലിൻെറ ഓബ്ജക്ട്സ് ആൻറ് റീസൺസിൽ പറഞ്ഞിട്ടുണ്ട്: Due to public criticism regarding the manner o recruitment to the Corporations and Companies owned and managed by Government, the Chief Minister gave an assurance in the Legislative Assembly that the question whether recruitment to such Corporations and Companies shall be entrusted to the Public Service Commission will be considered.

ഇത്, ആരോ ഇവിടെ പറഞ്ഞപ്പോൾ ഏതാണ്ട് കഴിഞ്ഞ ഗവൺമെൻറിൻെറ തീരുമാനമാണെന്നുള്ള രീതിയിൽ വരെ സംസാരിക്കാനിടവന്നു.
11 A.M. കഴിഞ്ഞ ഗവൺമെൻറ് അങ്ങനെ തീരുമാനിച്ചിട്ടില്ല. ചീഫ് മിനിസ്ററർ അതിനെക്കുറിച്ചുണ്ടായ അഭിപ്രായപ്രകടനങ്ങൾ നിയമസഭയിൽ നടന്നപ്പോൾ ഈ കോർപ്പറേഷനും അതുമാതിരിയുള്ള കമ്പനികളും അതിലേയ്ക്കുള്ള നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുന്ന കാര്യം പരിചിന്തിക്കാമെന്നു പറഞ്ഞിരുന്ന ഉറപ്പു മാത്രമാണ് ഇതിൻെറ ആധാരമായിട്ടു കാണുന്നത്. ഇന്നിപ്പോൾ ശ്രീമാൻ എം. കെ. എ. ഹമീദിൻെറയും ശ്രീമാൻ സി.ബി. സി. വാര്യരുടെയും ഏററവും വലിയ പരാതി എന്താണെന്നറിയാമോ? മററുള്ള കോർപ്പറേഷനുകളെ സംബന്ധിച്ചിടത്തോളം എന്തുകൊണ്ട് പിന്നീട് ആലോചിക്കാമെന്നു പറയുന്നു, ഉടനടി അതിൻെറ നിയമനങ്ങളെല്ലാം പബ്ലിക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുത്തുകൊണ്ട് എന്തുകൊണ്ട് തീരുമാനം എടുക്കുന്നില്ല എന്നു സി. ബി. സി. വാര്യർ വാദിക്കുമ്പോൾ രണ്ടുകാലമില്ലാത്ത ആൾ ഒരു മുടന്തുകാലനെ കുററം പറയുന്ന സ്വഭാവമാണ് ഇവിടെ കാണുന്നത്. മററാരെല്ലാം ഇതിനുവേണ്ടി വാദിച്ചാലും ഇക്കാര്യത്തിൽ ഒരു നിമിഷംപോലും വാദിക്കാൻ ഇവിടത്തെ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയിൽപ്പെട്ട മെമ്പറൻമാർക്ക് അവകാശമില്ലെന്നു ഞാൻ എടുത്തുപറയുകയാണ്.

ശ്രീ. എം. കെ. എ. ഹമീദ്: മററു കോർപ്പറേഷനുകളിലെ നിയമനങ്ങൾ പി. എസ്. സി. ക്ക് വിട്ടുകൊടുക്കേണ്ട എന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്?

ശ്രീ. കെ. ടി. ജോർജ്: ശ്രീ. എം. കെ. എ. ഹമീദിന് ഈ വാദം ഉന്നയിക്കാൻ അവകാശമില്ലെന്നാണ്. ഈ വാദം ഉന്നയിക്കാൻ നിങ്ങൾക്ക

LIBRARY ARCHIVES Kerala Legislative Assembly

അൽപ്പം നാണമെങ്കിലും ആകുന്നില്ലേ? 31 മാസക്കാലം ഈ രാജ്യം ഭരിച്ചിട്ട് ഏതെങ്കിലും ഒരു കോർപ്പറേഷന്റെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കാൻ കഴിയാത്ത നിങ്ങൾ ആണോ മററു കോർപ്പറേഷനുകളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കുന്നതിൽ താമസിച്ചു പോയതിൽ അമർഷം രേഖപ്പെടുത്തുന്നത്?

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: അതിനുമുൻപ് ഈ കോർപ്പറേഷനുകളുടെ നിയമനം വിട്ടുകൊടുക്കാത്ത നിങ്ങൾക്ക് ഇതു പറയാൻ അധികാരമുണ്ടോ?

ശ്രീ. കെ. ടി. ജോർജ്: അങ്ങനെ പറഞ്ഞാൽ പബ്ലിക് സർവ്വീസ് കമ്മിഷൻ ആരാണ് ഉണ്ടാക്കിയത്, ആരാണ് അതിനു മുൻകൈയ് എടുത്തത് എന്നുള്ളതെല്ലാം പറയേണ്ടിവരും.

ശ്രീ. ഇ. എം. ജോർജ്: ട്രാൻസ്പോർട്ട് കോർപ്പറേഷൻ തുടങ്ങിയതിനുശേഷം 1967 വരെ............

Dy. Speaker: Are you y'elding?

ശ്രീ. കെ. ടി. ജോർജ്: No. അതുകൊണ്ട് ഞാൻ ചോദിക്കുന്നു, ഇവിടത്തെ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി അധികാരത്തിൽ ഇരുന്ന കാലത്ത് എന്നാണ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നിയമനം പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കണമെന്ന് ആലോചിക്കുന്ന തീരുമാനം പ്രഖ്യാപിച്ചത്? കൊയ്ത്തെല്ലാം കഴിഞ്ഞ് എല്ലാം സംഭരിച്ചുകഴിഞ്ഞതിനു ശേഷം സംഗതികളെല്ലാം ഭദ്രമായിക്കഴിഞ്ഞതിനുശേഷം മാത്രമല്ലേ ഇങ്ങനെയൊരു പ്രഖ്യാപനം നടത്താൻ അവർക്കു സാധിച്ചത്? ഈ മന്ത്രിസഭ, കഴിഞ്ഞകാലത്തുണ്ടായിരുന്ന ഐക്യമുന്നണിമന്ത്രിസഭ............

ശ്രീ. എം. കെ. എ. ഹമീദ്: കൊയ്ത്തു കഴിയാത്തതുകൊണ്ടാണോ മററുള്ള സ്ഥാപനങ്ങളുടേത് വിട്ടുകൊടുക്കാൻ താമസിക്കുന്നത്?

ശ്രീ കെ. ടി. ജോർജ്: ഞാൻ അതിനെക്കുറിച്ചു പറയാം. എല്ലാ കാര്യങ്ങളിലും കണ്ണടച്ച് ഈ ഗവൺമെൻറിന് ഒരു ബ്ളാങ്ക് ചെക്ക് കൊടുക്കാൻ ഞാൻ തയ്യാറില്ല.

ശ്രീ. ഇ. എം. ജോർജ്: മിസ്ററർ കെ. ടി. ജോർജ് എല്ലാ മെമ്പറൻമാരും ചോദിക്കുമ്പോഴും യീൽഡ് ചെയ്യുന്നു. ഞാൻ ചോദിക്കുമ്പോൾ മാത്രം യീൽഡ് ചെയ്യുന്നില്ല. സർ, ഇതു ശരിയാണോ?

ശ്രീ. കെ. ടി. ജോർജ്: ശ്രീ. ഇ. എം. ജോർജ് എന്റെ സഹപാഠിയാണ്. അതുകൊണ്ട് സ്വാതന്ത്ര്യം കാണിച്ച് എന്നോടു ചോദിക്കേണ്ട എന്നു വിചാരിച്ചു മാററിനിർത്തി എന്നേയുള്ളു.

ശ്രീ. ഇ. എം. ജോർജ്: അങ്ങനെയാണെങ്കിൽ ഒരു ചോദ്യം.

Dy. Speaker: Mr. George; are you yielding?

ശ്രീ. കെ. ടി. ജോർജ്: No സർ, ഈ ട്രാൻസ്പോർട്ട് കോർപ്പറേഷൻ വഴി ഒരു ഗവൺമെൻറിന് എന്തെല്ലാം കാര്യങ്ങൾ നേടാൻ കഴിയുന്നോ അതു മുഴുവൻ നേടിക്കഴിഞ്ഞതിനുശേഷം, സ്വന്തക്കാരായ മുഴുവൻ ആളുകളെയും തിരുകിക്കയററിയ ശേഷം അവസാനം മന്ത്രിസഭ നിലംപതിക്കാൻ പോകുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള സാഹചര്യം എത്തിച്ചേർന്നതിനുശേഷം മാത്രമാണ് മാർക്സിസ്റ്റു നേതൃത്വത്തിലുള്ള മന്ത്രിസഭ നിയമനം പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടു കൊടുക്കുന്ന കാര്യം ആലോചിക്കുമെന്ന പ്രഖ്യാപനമുണ്ടായത്. ശ്രീ. ഹമീദ് ഓർക്കുന്നുണ്ടോ? 31 മാസക്കാലം അവസാനിക്കാറായ കാലഘട്ടത്തിൽ പിരിയാൻ പോയ അവസരത്തിൽ കോർപ്പറേഷൻ ചില നിയമനങ്ങൾ നടത്തിയതു ഓർക്കുന്നില്ലേ? ശ്രീ. എ. കെ. ജി. യുടെയും സി. എച്ച്. കണാരന്റെയും, ബന്ധത്തിൽപ്പെട്ട ആളുകളുൾപ്പെടെ തത്വദീക്ഷയില്ലാതെ ക്വാളിഫിക്കേഷൻ ഇല്ലാത്ത ആളുകൾക്ക് എ. ക്ലാസ് പൗരൻമാർ എന്നു പറഞ്ഞു നിയമനം കൊടുത്തില്ലേ? അതെല്ലാം കഴിഞ്ഞശേഷം അവസാനമായിട്ടല്ലേ ആ ഗവൺമെൻറ് ഈ മാതിരിയുള്ള നിയമനങ്ങൾ പബ്ലിക്സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കാൻ ആലോചിക്കുന്നു എന്ന പ്രഖ്യാപനമുണ്ടായത്. ഞാൻ പറഞ്ഞുവരുന്നതു വേറെയൊന്നുമല്ല. ഇങ്ങനെയുള്ള ആക്ഷേപങ്ങൾ വളരെ കൂടുതൽ ഉണ്ടാകുന്നതിനുള്ള ഒരു സാഹചര്യം ഈ ഗവൺമെൻറും സൃഷ്ടിക്കരുതെന്നാണ് ഞാൻ പറഞ്ഞത്. ഇക്കാര്യത്തിൽ ശ്രീമാൻ ഹമീദിന്റെയും ശ്രീമാൻ സി. ബി. സി. വാര്യരുടേയും വാദമുഖങ്ങളോട് ഏറക്കുറെ ഞാൻ യോജിക്കുകയാണ്. Due to public criticism എന്നു പറയേണ്ട ഒരു സാഹചര്യം ഇനിയും ക്ഷണിച്ചുവരുത്തണമോ? വളരെയേറെ ആക്ഷേപങ്ങൾ ഉണ്ടായി, ഇന്നയിന്ന കോർപ്പറേഷനുകളെ സംബന്ധിച്ചിടത്തോളം, അതുകൊണ്ട് ഞങ്ങളും ഇതാ വിടാൻ തീരുമാനിക്കുന്നു എന്നുള്ള ഒരു സാഹചര്യം ഉണ്ടാക്കരുതേയെന്ന് ഞാൻ വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്. തങ്കമ്മ കമലം എന്നെല്ലാം പറഞ്ഞ് സി. ബി. സി. വാര്യർക്ക് ഇനിയും കൂടുതൽ ഫോട്ടോസ്റ്റാറ്റുകൾ ഹാജരാക്കാനുള്ള സൗകര്യം നാം ചെയ്യണമോ? ഒരു പാർട്ടി സംപ്രദായം നിലവിലിരിക്കുന്ന അവസരത്തിൽ കഴിഞ്ഞകാലത്തുണ്ടായ തോതിലും അളവിലും അല്ലെങ്കിലും സ്വാഭാവികമായി കുറെയേറെ നിയമനങ്ങളിൽ അങ്ങനെയുള്ള ഒരനുഭവം ഉണ്ടാകാനുള്ള സാഹചര്യം ഇവിടെയുണ്ടെന്ന വസ്തുത നമുക്കു നിഷേധിക്കാൻ സാധ്യമല്ല. കുറെയൊക്കെ വന്നു കാണും. അതാരുടേയും തെററല്ല. ഒരു പ്രത്യേക പാർട്ടിയുടെ തെററായി ഞാൻ ചൂണ്ടിക്കാണിക്കുകയല്ല. അവനവന്റെ പാർട്ടിയിൽപ്പെട്ട ആളുകളും അവനവന്റെ പാർശ്വവർത്തികളും മുമ്പു പറഞ്ഞമാതിരി പഴയ തോതിലല്ലെങ്കിലും ഒരു ചെറിയ തോതിലെങ്കിലും കടന്നുവന്ന് അഴിമതിയുടെ ഒരു ധൂമപടലം സൃഷ്ടിക്കാനുള്ള സാഹചര്യം ഈ ഗവൺമെൻറു സൃഷ്ടിക്കണമോയെന്നു ഞാൻ ചോദിക്കുകയാണ്. അഴിമതിയിൽ തകർന്നുപോയ ഒരു ഗവൺമെൻറിനെ മുന്നിൽ കണ്ടുകൊണ്ട് അഴിമതിയുടെ ചെറുതായ ഒരു നിഴലാട്ടമെങ്കിലും ഈ ഭരണസംവിധാനത്തിൽ ഉണ്ടാകുകയില്ലെന്നു ഉഗ്രപ്രഖ്യാപനത്തോടുകൂടി മുന്നോട്ടുവന്നിട്ടുള്ള ഈ ഗവൺമെൻറ് തീർച്ചയായും വളരെ വൈകാതെകണ്ട് ഒരു പ്രത്യേക കാലയളവു വച്ചുകൊണ്ട്, ഇത്രമാസത്തിനകം പബ്ലിക് സർവ്വീസ് കമ്മിഷനുമായി ആലോചിച്ചിട്ട് അതിനുള്ള സാഹചര്യം സൃഷ്ടിച്ചശേഷം മററു കോർപ്പറേഷനുകളിലെ നിയമനങ്ങൾകൂടി പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുമെന്നു തീരുമാനത്തിൽ എത്തിച്ചേരുകയെന്നുള്ളതല്ലേ ബുദ്ധിപൂർവ്വകം. അതിനൊരു സമയപരിധി നിശ്ചയിക്കണം.

"പ്രക്ഷാളനാദ്ധി പങ്കസ്യ ദൂരാദസ്പർശനം വരം" എന്ന് ഈ. എം. ജോർജ് ഓർമ്മിപ്പിച്ച ശ്ലോകം ഉദ്ധരിച്ചുകൊണ്ട് ഞാൻ പറയുകയാണ്. മുൻപു പറഞ്ഞതുപോലെയുള്ള ഒരു സാഹചര്യം ഉണ്ടാക്കാതെകണ്ടുതന്നെ ഒരു സമയക്ലിപ്തി നിശ്ചയിച്ചുകൊണ്ട് ഇത്രമാസത്തിനകം ഈ കോർപ്പറേഷനുകളുടെ നിയമനം കൂടി പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുമെന്നുള്ള ഒരുഗ്ര പ്രഖ്യാപനം ഈ ഗവൺമെൻറിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, അതുമാതിരിതന്നെ ഗവൺമെൻറുടമയിലുള്ള കമ്പനികളുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്കു ഞാൻ കടക്കുന്നില്ല.

ഗവൺമെൻറുടമയിലുള്ള കമ്പനികളിലും നടക്കുന്നതെല്ലാം ഇതുതന്നെയാണ്. മാനേജിംഗ് ഡയറക്ടറായി ആരു പോകുന്നോ അയാളുടെ സ്വാധീനത്തിൻെറയും അയാളുടെ ചിന്താഗതിയുടേയും അയാളുടെ മററുപലകാര്യങ്ങളുടേയും നിഴലാട്ടം അവിടത്തെ നിയമനങ്ങളിൽ ഉണ്ടാകുമെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. കമ്പനികളിലെ നിയമനം എന്നാൽ ഗവൺമെൻറു നിയമനത്തേക്കാൾ ഭദ്രമാണ്, സുരക്ഷിതമാണ്. വളരെകൂടുതൽ ഭാരിച്ച ശമ്പളം നൽകുന്ന കമ്പനികൾ ഗവൺമെൻറുടമയിലുണ്ട്. ഗവൺമെൻറിനു മെജോറിട്ടി ഷെയറുള്ള കമ്പനികളുണ്ട്. അതിലും ഗവൺമെൻറ് ഓൺഡ് കമ്പനീസിലും എല്ലാം പബ്ലിക് സർവ്വീസ് കമ്മിഷൻ വഴി നിയമനം നടത്തുമെന്നു തീരുമാനിച്ചാൽ എന്താണ് തെററ്? ഗവൺമെൻറിൻെറ മെജോറിററി ഷെയർ ഉള്ള കമ്പനികളിൽ ഇന്നു നടക്കുന്നരീതിയിലുള്ള നിയമനങ്ങൾ മാററിയിട്ട്, ഏതെങ്കിലും മാനേജിംഗ് ഡയറക്ടറുടെ തന്നിഷ്ടംപോലെ നിയമനം നടത്താനുള്ള സാഹചര്യം ഒഴിവാക്കിയിട്ടു ന്യായമായ രീതിയിൽ അതു വീതിക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനം കണ്ടെത്താൻ ഗവൺമെൻറു ശ്രമിക്കണമെന്നു വളരെ വ്യക്തമായി ഞാൻ ഇപ്പോൾ പറയുകയാണ്. ഞാൻ രണ്ടുമൂന്നു കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചുകൊള്ളാം. ഗവൺമെൻറുടമയിലുള്ള കമ്പനികളിലും മററു കോർപ്പറേഷനുകളിലും പബ്ലിക് സർവ്വീസ് കമ്മിഷന് നിയമനം വിട്ടുകൊടുക്കണമെന്നു പറഞ്ഞതിൻെറ ഏററവും പ്രധാനപ്പെട്ട രണ്ടുമൂന്നു കാരണങ്ങൾകൂടി ഞാൻ പറയുകയാണ്. ഒന്നാമത് ഓവർ സ്ററാഫ്ഡ് ആണ്; പല പബ്ലിക് അണ്ടർടേക്കിംഗ്സും. പൊതുഉടമയിലുള്ള സ്ഥാപനങ്ങളിൽ ആവശ്യത്തിനുള്ളതിനേക്കാൾ വളരെക്കൂടുതൽ ആളുകളെ നിയമിച്ചുകൊണ്ടിരിക്കുകയാണ്. സ്വന്തം ആളുകളെ കിട്ടുകയാണെങ്കിൽ അതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിച്ച് തിരുകിക്കയററുന്നതിന് യാതൊരു പ്രയാസവുമില്ലാതിരിക്കുകയാണ്. അക്കാര്യങ്ങളെല്ലാം ഇത്ര മൂലധനം മുടക്കിയുള്ള കമ്പനികളിൽ അല്ലെങ്കിൽ കോർപ്പറേഷനുകളിൽ ഈ പ്രത്യേക സാഹചര്യത്തിൽ എന്തുമാത്രം ആളുകൾ ഉദ്യോഗസ്ഥൻമാരായി വേണം എന്നു തത്വദീക്ഷയോടുകൂടി പഠിച്ച് ഒരു തീരുമാനം ചെയ്യാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ പോലെയുള്ള ഒരു ബോഡിക്കു മാത്രമേ സാധിക്കുകയുള്ളു. ഇക്കാര്യത്തിൽ ഈ സ്ഥാപനങ്ങളെ ഉപദേശിക്കാൻ മറെറാരെക്കാളും കഴിവ് പബ്ലിക് സർവ്വീസ് കമ്മിഷന് ഉണ്ടായിരിക്കും. അതുപോലെതന്നെ മറെറാരു പ്രധാനപ്പെട്ട കാര്യം ഇന്നു നടക്കുന്ന നിയമനങ്ങളിൽ പലതിലും ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള തത്വങ്ങൾ മാനിക്കപ്പെടുന്നില്ലെന്നുള്ളതാണ്. പ്രത്യേകിച്ചും ഹരിജനങ്ങളെസംബന്ധിച്ചിടത്തോളം. എത്രപേരുണ്ട് ഹരിജനങ്ങൾ ഈ കമ്പനികളിൽ? ഗവൺമെൻറുടമയിലുള്ള കമ്പനികളിൽ ഇന്നു ഗവൺമെൻറു ഉദ്യോഗങ്ങൾക്ക് ഹരിജനങ്ങൾക്കു കിട്ടുന്ന രീതിയിലുള്ള പരിഗണനയും അംഗീകാരവും ലഭിക്കുന്നുണ്ടോ? അങ്ങനെ ഹരിജനങ്ങൾക്കും അല്ലെങ്കിൽ പിന്നോക്കവിഭാഗത്തിൽപ്പെട്ട ആളുകൾക്കും ഉള്ള സംവരണം ലംഘിക്കുകയും അവർക്കു ഗവൺമെൻറു നൽകിയിട്ടുള്ള ഉറപ്പുകൾ ലംഘിക്കുകയും ആണ്. ഇങ്ങനെയുള്ള കാര്യങ്ങളുംകൂടി നാം കണക്കിലെടുത്തുകൊണ്ട് വൈകാതെ ഒരു തീയതി നിശ്ചയിച്ച് മററു കോർപ്പറേഷനുകളുടെയും ഗവൺമെൻറുടമയിലുള്ള കമ്പനികളുടെയും എല്ലാം നിയമനങ്ങൾ നടത്തുന്ന കാര്യം പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുത്തുകൊണ്ടുള്ള ഒരു ഉത്തരവ് ഉടനടി തന്നെ ഉണ്ടാകണമെന്നും അതിനുവേണ്ടി ഈ ഗവൺമെൻറു മുൻകൈയെടുക്കണമെന്നും മാത്രം അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. മാണി.: സർ, ഈ ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മിഷനു വിട്ടുകൊടുത്തുകൊണ്ട് ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ ഇടയായതിൽ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ട്രാൻസ്പോർട്ട് വകുപ്പു മന്ത്രിയേയും പ്രത്യേകിച്ച് ഈ ഗവൺമെൻറിലെ, മന്ത്രിസഭയിലെ എല്ലാ അംഗങ്ങളെയും ഞാൻ അഭിനന്ദിക്കുകയാണ്.

സർ, ഈ ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കണമെന്ന് ആ ഭാഗത്ത് (പ്രതിപക്ഷം) ഞങ്ങൾ ഇരുന്ന സന്ദർഭത്തിൽ കേരളാ കോൺഗ്രസ് ഒരു പ്രതിപക്ഷ കക്ഷിയായി പ്രവർത്തിച്ചിരുന്ന കാലങ്ങളിൽ ആദ്യം മുതൽ അവസാനം വരെ കഴിഞ്ഞ ഐക്യമുന്നണിഭരണകാലത്ത് 32 മാസക്കാലം തുടർച്ചയായി ഈ ട്രാൻസ്പോർട്ടു കോർപ്പറേഷൻ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്ന ഒരു കക്ഷിയാണ്. സർ, ആ കക്ഷി ഭരണരംഗത്തേക്ക് മാറിയ ഉടനെ പ്രതിപക്ഷത്തു നിന്ന് പറഞ്ഞ വാദഗതികളെ വിസ്മരിച്ചുകൊണ്ട് മറെറാരു നിലപാട് സ്വീകരിക്കാൻ ആഗ്രഹിക്കുന്നില്ല, ആഗ്രഹിച്ചിട്ടില്ല, അതിൻെറ ഒരു മുന്നോടിയായി ഇപ്രകാരമുള്ള ഒരു ബില്ലിനെ പിന്താങ്ങിക്കൊണ്ട് സംസാരിക്കാൻ അവസരം ലഭിച്ചത് അഭിമാനത്തോടുകൂടി ഞാൻ കരുതുകയാണ്. പക്ഷേ ആ ഭാഗത്തുനിന്ന് പ്രസംഗിച്ച ശ്രീമാൻ സി. ബി. സി. വാര്യരും മററു പല മെമ്പറൻമാരും ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ നിയമനങ്ങൾ പോലെ തന്നെ മററു കോർപ്പറേഷനുകളിലെയും നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടണമെന്ന് വളരെ ആവേശപൂർവ്വം ഇവിടെ പ്രസംഗങ്ങൾ ചെയ്യുകയുണ്ടായി. ഞാൻ അവർക്ക് അങ്ങനെ പ്രസംഗം ചെയ്യാൻ അവകാശമുണ്ടോ ഇല്ലയോ എന്ന വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. അവർ പ്രസംഗിച്ചതിനെ സംബന്ധിച്ചിടത്തോളം വളരെയൊന്നും അക്കാര്യത്തിൽ അതിനെ എതിർക്കാൻ ഞാനാഗ്രഹിക്കുന്നില്ല. പക്ഷേ ഞാൻ മുൻപു സൂചിപ്പിച്ചതുപോലെ ഇതിനിപ്പോൾ ആരെ കുററം പറയാൻ സർ? ഈ ഗവൺമെൻറ് അധികാരത്തിൽ വന്നിട്ട് 80 ദിവസം മാത്രമേ ആയുള്ളൂ. ശ്രീ. സി. ബി. സി. വാര്യർ പറയുന്നത് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ഈ നിയമനങ്ങൾ വിട്ടുകൊടുക്കാൻ ആലോചിച്ച സന്ദർഭത്തിൽത്തന്നെ മററു കോർപ്പറേഷനുകളിലെ, പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങൾ വിട്ടുകൊടുക്കുന്നതിന് ഈ ഗവൺമെൻറ് ആലോചിക്കേണ്ടതായിരുന്നു, നടപടിയെടുക്കേണ്ടതായിരുന്നു എന്നാണ്. ഈ നിയമസഭയിൽത്തന്നെ ബഹുമാനപ്പെട്ട വ്യവസായമന്ത്രി അതിനൊരു സൂചന നൽകുകയുണ്ടായി. ആർക്കും ഇതു വച്ചുകൊണ്ടിരിക്കണമെന്നാഗ്രഹമില്ല. പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അതിൻെറ നിയമനം പബ്ലിക് സർവ്വീസ് കമ്മിഷനോ തത്തുല്യ സ്വഭാവമുള്ള മറെറാരു ബോഡിക്കോ വിട്ടുകൊടുക്കുന്നതിനെപ്പററി ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്, നടപടി എടുത്തുകൊണ്ടിരിക്കുകയാണ് എന്ന് ഈ നിയമസഭയിൽ ഗവൺമെൻറ് ഭാഗത്തുനിന്നു നൽകിയ സൂചന പ്രതിപക്ഷകക്ഷി, മാർക്സിസ്ററു പാർട്ടി വിസ്മരിച്ചുകളഞ്ഞല്ലോ. വിസ്മരിച്ചുകളഞ്ഞത് കഷ്ടമായിപ്പോയി സർ, തീർച്ചയായും ഈ നിയമനത്തെസംബന്ധിച്ചിടത്തോളം പബ്ലിക് സർവ്വീസ് കമ്മീഷനോ തത്തുല്യമായ മറെറാരു ബോഡിക്കോ വിട്ടുകൊടുക്കണമെന്ന അഭിപ്രായഗതിക്കാരാണ് ഞങ്ങൾ. അതിനുവേണ്ടി നിലകൊള്ളുകയും ചെയ്യും. ഞാൻ ഇതു പറയുന്നത് ഈ ആവേശവും ഈ ആത്മാർത്ഥതയും കഴിഞ്ഞ 32 മാസക്കാലം കാണുകയുണ്ടായില്ലല്ലോ എന്നതുകൊണ്ടാണ്. സർ, മാർക്സിസ്ററുപാർട്ടി ആത്മാർത്ഥമായി ആ നിലപാട് സ്വീകരിച്ചിരുന്നുവെങ്കിൽ, മാർക്സിസ്ററു പാർട്ടിക്ക് ആത്മാർത്ഥത ഉണ്ടായിരിന്നുവെങ്കിൽ–ഞാൻ സൂചിപ്പിക്കുകയുണ്ടായി—പ്രതിപക്ഷത്തുനിന്നും നിരന്തരമായി ആവശ്യപ്പെട്ടിരുന്ന ഒരു ഡിമാൻറാണ്, ഒരു വിഷയമാണ് അത്. എന്തുകൊണ്ട് 32 മാസക്കാലത്തിനിടയിൽ നിങ്ങൾക്ക് ഇതു ചെയ്യാൻ കഴിയാതെ പോയി എന്നുമാത്രമേയുള്ളൂ. മാറിയ പരിതഃസ്ഥിതിയിൽ ഒരു കക്ഷി പ്രതിപക്ഷത്തേയ്ക്കു മാറിയിട്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷത്തിന്റെ ബഞ്ചുകളിലിരുന്ന് ഈ ഗവൺമെന്റിനെതിരായി ഇപ്രകാരമുള്ള വിമർശനങ്ങൾ ഉന്നയിക്കുന്നുവെങ്കിൽ ഞാൻ അതിൽ വളരെയധികം കുററം പറയാൻ ആഗ്രഹിക്കുന്നില്ല.

ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നത്, ഈ ഗവൺമെന്റിന്റെ ആത്മാർത്ഥതയെ ആരും ചോദ്യംചെയ്തിട്ട് കാര്യമില്ലെന്നുള്ളതാണ്. സർ, രണ്ടാമതായിട്ട് ഈ ട്രാൻസ്പോർട്ട് കാർപ്പറേഷനിലെ നിയമനങ്ങളെസംബന്ധിച്ചിടത്തോളം അവിടെ ജോലിചെയ്തുകൊണ്ടിരുന്ന ജോലിക്കാരെ പിരിച്ചുവിട്ടതിനെ സംബന്ധിച്ചിടത്തോളം ശ്രീമാൻ സി. ബി. സി. വാര്യർ ശ്രീമാൻ കെ. എം. ജോർജിനെ മക്കാർത്തിയോട് ഉപമിക്കുകയുണ്ടായി. മക്കാർത്തിസമാണ്. ആ നയമാണ് ഈ ഗവൺമെന്റ് പിൻതുടരുന്നതെന്ന് അദ്ദേഹം ആക്ഷേപിക്കുകയുണ്ടായി. ജുഗുപ്സാവഹമായ, ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത എന്നൊക്കെ വിശേഷിപ്പിക്കുകയുണ്ടായി. പക്ഷേ അത് അദ്ദേഹത്തിന്റെ അഭിപ്രായം വച്ചുകൊണ്ടായിരിക്കാം. ഇന്ന് ട്രാൻസ്പോർട്ട് കാർപ്പറേഷനിലെ നിയമനങ്ങൾ പബ്ളിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുത്തിട്ടുണ്ടെങ്കിൽ അത് ഈ രാജ്യത്തെ പൊതുമേഖലാസ്ഥാപനങ്ങളിൽ ഏററവും കൂടുതൽ തൊഴിൽ സൗകര്യങ്ങളുള്ള ഒരു സ്ഥാപനമെന്നുള്ള നിലയിൽ ഏററവും കൂടുതൽ അഴിമതിയാരോപണങ്ങൾ ഉയർന്നുവന്നിട്ടുള്ള ഒരു സ്ഥാപനമെന്നുള്ള നിലയിൽ ഏററവുംകൂടുതൽ അഴിമതി നടന്നിട്ടുള്ള ഒരു രംഗമെന്നുള്ളനിലയിൽ ഏററവും ശീഘ്രമായി ആദ്യമേ ചെയ്യേണ്ട നടപടിയെന്നുള്ളതുകൊണ്ടാണ്. അതിനുവേണ്ടിയുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ട്രാൻസ്പോർട്ട് കാർപ്പറേഷനിൽ നടന്ന അഴിമതികളെ സംബന്ധിച്ച് ഇനി ആരും എടുത്തുപറയേണ്ടകാര്യമില്ല. ട്രാൻസ്പോർട്ടു കാർപ്പറേഷനിൽ നടന്ന. നിയമനങ്ങളിൽ നടന്ന അഴിമതികളിലേക്ക് ഞാൻ കടക്കുന്നില്ല; അതിനെ സംബന്ധിച്ച വിമർശനങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. സർ, എത്രയോ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തന്നെ പ്രസ്താവിക്കുകയുണ്ടായി. സിഗററുപെട്ടിയുടെ പുറത്തും കടലാസുതുണ്ടുകളിലും എഴുതി ഉത്തരവുനൽകിയിരുന്നു, ഇന്നിടത്ത് ഇന്നയാളെ നിയമിക്കണം സർ, ട്രാൻസ്പോർട്ട് കാർപ്പറേഷനിലെ മാനേജർക്കും ചെയർമാനും ഇഷ്ടമുള്ള സമയത്ത് ഇഷ്ടമുള്ള ആളുകൾക്ക് മുട്ടിൽമേൽ ഉത്തരവു പുറപ്പെടുവിച്ച ആളുകളെ തിരുകി കയററിയിട്ടുണ്ടെങ്കിൽ നിയമാനുസൃതമല്ലാതെ ചെയ്തിട്ടുണ്ടെങ്കിൽ അതു തിരുത്തേണ്ട കടമയുണ്ട്. സർ, ട്രാൻസ്പോർട്ട് കാർപ്പറേഷനിൽനിന്നും പിരിച്ചുവിടപ്പെട്ട 600 ചില്വാനം ജീവനക്കാരുടെ മാനുഷികപ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഇവിടെ വാദിക്കുന്ന മാർക്സിസ്ററു പാർട്ടിയോട് എനിക്ക് ഒരുകാര്യം ചൂണ്ടിക്കാണിക്കാനുണ്ട്. സർ, 600 ചില്വാനം ആളുകളെസംബന്ധിച്ചിടത്തോളം ജോലിചെയ്തുകൊണ്ടിരുന്ന ആളുകളെ പിരിച്ചുവിട്ടത്—അവർക്ക് വിഷമതകളുണ്ട്, ഞാൻ സമ്മതിക്കുന്നു. പക്ഷേ ഇപ്പുറത്തും ഒരു മാനുഷികപ്രശ്നമുണ്ട്. എൺപതിനായിരത്തിൽപരത്തിൽ ഒരു മാനുഷികപ്രശ്നമുണ്ട്. അതിന്മേൽ ശ്രീമാൻ സി. ബി. സി. വാര്യരും ശ്രീമാൻ ഇ. എം. ജോർജ്ജും കണ്ണടച്ചിട്ടു കാര്യമില്ല. ഇവർ പത്തുരൂപാ ഫീസടച്ച്, എം. എൽ. എ. മാരുടെ സ്വഭാവസർട്ടിഫിക്കററുവാങ്ങി, ഗസററഡ് ആഫീസറുടെ സ്വഭാവസർട്ടിഫിക്കററുവാങ്ങി ചെല്ലാനുമടച്ച് അപേക്ഷിച്ചിരുന്നവരാണ്. അവരുടെ അപേക്ഷകൾ പരിഗണിച്ചില്ല, ഇൻറർവ്യൂന് വിളിച്ചില്ല. ടെസ്ററുനടത്തിയില്ല. ഏകദേശം ഇരുപതുലക്ഷത്തിൽപരം രൂപാ അപേക്ഷാഫീസിനത്തിൽ നമ്മുടെ കാർപ്പറേഷൻ സമ്പാദിച്ചിട്ട് ആ അപേക്ഷയിൻമേൽ യാതൊരു നടപടിയും സ്വീകരിക്കാതെ മറുവാതിലിൽകൂടി ഈ നിലയിൽ അപേക്ഷകൊടുക്കാത്തവരെ അതിന്റെ ഫീസൊടുക്കാത്തവരെ, വയസ്സു തികയാത്തവരെ, വയസ്സു കൂടിയവരെ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ തീർച്ച

LIBRARY ARCHIVES Kerala Legislative Assembly

യായും ഈ എൺപത്തിനാലായിരം പേരുടെ പ്രശ്നത്തെസംബന്ധിച്ചിടത്തോളം ആ മാനുഷിക പ്രശ്നത്തെ സംബന്ധിച്ചിടത്തോളം പര്യാലോചിക്കുമ്പോൾ തീർച്ചയായും ഗവൺമെൻറിൻെറ പ്രവർത്തിയെ കുററംപറയാനൊക്കുകയില്ല. സർ, ഇതുരണ്ടും ഒരു തുലാസിലിട്ടു ഈ അറുനൂറിൽചില്വാനം, നിയമനം, യാതൊരു യോഗ്യതയുമില്ലാതെ സർവ്വീസിൽ കയറിപ്പററി കുറെ നാൾ ശമ്പളംവാങ്ങിയ അറുനൂറിൽചില്വാനം ആളുകളുടെ പ്രശ്നവും എൺപത്തിനാലായിരം ആളുകളുടെ ആ ന്യായമായ അവകാശങ്ങളുംകൂടി ഒരു തുലാസിലിട്ടു തൂക്കിയാൽ തീർച്ചയായും ഈ ഗവൺമെൻറിനെസംബന്ധിച്ചിടത്തോളം എടുത്തിട്ടുള്ള നടപടികൾ ന്യായീകരിക്കാവുന്നതാണ്. ഗവൺമെൻറ് എടുത്തിട്ടുള്ള ആ നിലപാടിൽനിന്ന് ഒരു ഇഞ്ചുപോലും പിന്നോട്ടുപോകുകയില്ലെന്ന് ഞങ്ങൾ ആഗ്രഹിക്കുകയാണ്, പോകരുതെന്ന് ഞങ്ങളാഗ്രഹിക്കുകയാണ്. ഗവൺമെൻറ് എടുത്ത ധീരമായ നടപടിയെ ഞങ്ങൾ പിന്താങ്ങുകയാണ്.

സർ, അതിനെ സംബന്ധിച്ചിടത്തോളം മറെറാരുകാര്യം എനിക്കു സൂചിപ്പിക്കാനുള്ളത്, ഈ ടെമ്പററി അപ്പായിൻറുമെൻറിനെ സംബന്ധിച്ചിടത്തോളം ടെമ്പററി അപ്പായിൻറുമെൻറിൽ അപാകതകൾ കടന്നുകൂടിയതിനെസംബന്ധിച്ച് ശ്രീമാൻ സി. ബി. സി. വാര്യർ സൂചിപ്പിക്കുകയുണ്ടായി. സർ, ടെമ്പററി നിയമനങ്ങളിലും നിയമാനുസൃതമായല്ലാതെ എടുത്തിട്ടുള്ള നിയമനങ്ങളെസംബന്ധിച്ചിടത്തോളം അവരെ മാത്രമാണ് റദ്ദാക്കിയിട്ടുള്ളത് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇതിനുമുമ്പുതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

സർ, ഈ ബില്ലിലേയ്ക്കു കടക്കുമ്പോൾ ഈ ബില്ലിനെസംബന്ധിച്ച് രണ്ടു പരാമർശനങ്ങളുണ്ടായി. ആ പരാമർശനങ്ങളിൽ പബ്ളിക് സർവ്വീസ് കമ്മീഷന് ട്രാൻസ്പോർട്ടുകാർപ്പറേഷനിലെ നിയമനങ്ങളെല്ലാം വിട്ടുകൊടുത്തിട്ടുണ്ടെങ്കിലും കുറേഭാഗം സംവരണം ചെയ്തിരിക്കുകയാണ്; ഗവൺമെൻറിൽ തന്നെ അതിൻെറ അധികാരം നിക്ഷിപ്തമാക്കിയിരിക്കുകയാണെന്ന് പറഞ്ഞു. സർ, അനവധി ഉദ്യോഗങ്ങളില്ല. മൂന്നേ മൂന്നു പോസ്ററുകൾ മാത്രമാണ്. ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ചീഫ് അക്കൌണ്ട്സ് ആഫീസർ, ജനറൽ മാനേജർ എന്നിവരുടെ തസ്തികകളെസംബന്ധിച്ച് മാത്രമാണ് പബ്ളിക്സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കാത്തത്. സർ, അതു വിട്ടുകൊടുക്കാത്തതിനുകാരണം, ഇന്ന് ഈ കാർപ്പറേഷൻെറ നിയമത്തിൽ അതിൻെറ ചട്ടങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത് ഈ മൂന്ന് ഉദ്ദ്യോഗങ്ങളെ സംബന്ധിച്ചിടത്തോളം ആ നിയമനങ്ങൾ നടത്തേണ്ടത് ഗവൺമെൻറാണ്; കാർപ്പറേഷനല്ല. കാർപ്പറേഷൻെറ ജനറൽ മാനേജരെ നിയമിക്കേണ്ടത് കാർപ്പറേഷനല്ല. ചീഫ് അക്കൌണ്ട്സ് ആഫീസറെയും ചീഫ് എക്സിക്യൂട്ടീവ് ആഫീസറെയും നിയമിക്കേണ്ടത് കാർപ്പറേഷനല്ല. അതു ഗവൺമെൻറിൻെറ നിയമനമാണ്. ഇന്ന് പബ്ളിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചിരിക്കുന്നത് കാർപ്പറേഷൻെറ നിയമനങ്ങളാണ്. ഈ തരത്തിൽ പ്രത്യേകമായിട്ട് കാർപ്പറേഷൻ ഉപയോഗിച്ചുകൊണ്ടിരുന്ന നിയമനങ്ങളെസംബന്ധിച്ചിടത്തോളം അതിൽ എന്തെങ്കിലും ബാക്കി നോട്ടമെത്താതെ അവശേഷിക്കുന്നില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീമാൻ സി. ബി. സി. വാര്യർ ഒരു കാര്യം ഉന്നയിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് കാർപ്പറേഷൻെറനിയമനങ്ങൾ പബ്ളിക്സർവ്വീസ് കമ്മീഷനു വിട്ടുകൊടുത്തിട്ടുണ്ടെങ്കിൽതന്നെയും കാർപ്പറേഷനും പബ്ളിക്സർവ്വീസ് കമ്മീഷനും തമ്മിൽ ഒരു അഭിപ്രായവ്യത്യാസമുണ്ടാകുകയാണെങ്കിൽ ആ അഭിപ്രായവ്യത്യാസമുണ്ടാകുന്ന സന്ദർഭത്തിൽ ഗവൺമെൻറിനു തീരുമാനംചെയ്യാൻ ഒരു അവകാശം ഇതിൽ പ്രൊവൈഡുചെയ്തിട്ടുണ്ടെന്നും അതു തെററാണെന്നും അദ്ദേഹം വാദിക്കുകയുണ്ടായി. സർ, അദ്ദേഹത്തിൻെറ ശ്രദ്ധയെ ഞാൻ മൂന്നാമത്തെ വകുപ്പിലെ പ്രൊവൈസോയിലേയ്ക്കു ക്ഷണിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രൊവൈസോയെക്കുറിച്ച് അദ്ദേഹം വിസ്മരിച്ചുകളഞ്ഞു. ആ പ്രൊവൈസോയിൽ പറയുന്നത് ഇങ്ങനെയാണ്:

Provided that the Government before taking a decision against the advice of the Public Service Commission, shall refer the matter to the Commission.

അങ്ങനെ ഗവൺമെൻറിന് ഏതെങ്കിലും എക്സപ്ഷണലായിട്ട് ചെയ്ത സന്ദർഭത്തിൽ രണ്ടാമത് അതു റിവ്യൂചെയ്യണമെന്നുണ്ടെങ്കിൽ പബ്ളിക് സർവ്വീസ് കമ്മീഷനെ refer ചെയ്തുകൊണ്ട് അപ്രകാരം പ്രവർത്തിക്കാമെന്നാണ്. സർ, മറെറല്ലാ നിയമനങ്ങളിലേയും വ്യവസ്ഥകൾ ഇതുതന്നെയാണ്. ട്രാൻസ്പോർട്ടുകാർപ്പറേഷനിൽ മറെറന്തെങ്കിലും പ്രത്യേക വ്യവസ്ഥകൾ ഇപ്പോൾ എഴുതിവച്ചിട്ടുള്ളതല്ല. ഇന്നു നിലവിലുള്ള നടപടിച്ചട്ടങ്ങളും അതുതന്നെയാണ്. ഇന്നു നിലവിലുള്ള നടപടിച്ചട്ടങ്ങൾക്ക് വിപരീതമായി എന്തെങ്കിലും ഈ ബില്ലിൽ കൊണ്ടുവന്നിട്ടില്ലെന്ന് ഞാൻ പറയുകയാണ്.

സർ, സമയക്കുറവുകൊണ്ട് ഞാൻ എൻെറ പ്രസംഗം നീട്ടുന്നില്ല. ഞാൻ നിറുത്തുകയാണ്. ഈ ബില്ല് ട്രാൻസ്പോർട്ട്കാർപ്പറേഷനിലെ നിയമനങ്ങൾ പബ്ളിക് സർവ്വീസ്കമ്മീഷനു വിട്ടുകൊടുത്തുകൊണ്ടുള്ള ഈ ബില്ല് അവതരിപ്പിക്കാൻ ഇടയായതിൽ ഈ ഗവൺമെൻറിനെ അഭിനന്ദിച്ചുകൊണ്ടും ഈ ബില്ലിനെസംബന്ധിച്ചിടത്തോളം പ്രതിപക്ഷത്തുനിന്നും ഈ ബില്ലിനെ സർവ്വാത്മനാ പിൻതാങ്ങുമെന്നും വിശ്വസിച്ചുകൊണ്ടും സർ, ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ,അവിടെ പ്രസംഗിച്ച പല സ്നേഹിതൻമാരും പബ്ലിക്ക് സർവ്വീസ് കമ്മീഷന് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനങ്ങൾ വിട്ടുകൊടുക്കുന്ന കാര്യത്തിൽ ഈ ഭാഗത്ത് എന്തോ വൈമുഖ്യമുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. സർ, ഈ കാര്യങ്ങളിൽ ഞങ്ങളുടെ പാർട്ടിയുടെ നിലപാട് ഇവിടെത്തന്നെ മുമ്പ് വ്യക്തമാക്കിയിട്ടുള്ളത് ഒന്നുകൂടി വ്യക്തമാക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

സർ, മുൻ ഗവൺമെൻറിൻെറ കാലത്തുതന്നെ ഈ കാര്യം തീരുമാനിക്കുന്നതിന് ആദ്യരൂപം കൊടുത്തിരുന്നു. അതിൻെറ നയ രൂപീകരണത്തിന് വേണ്ടിയുള്ള കോ-ഓർഡിനേഷൻ കമ്മിററിക്കകത്ത് ഇത് സംബന്ധിച്ചുള്ള അഭിപ്രായ പ്രകടനങ്ങൾ നടന്നിരുന്ന കാര്യം ആ ഗവൺമെൻറിൽ പ്രാതിനിദ്ധ്യമുണ്ടായിരുന്നവർക്ക് അറിയാം. ഭാഗ്യവശാൽ ഈ ബില്ല് കൊണ്ടുവന്നത് ശ്രീമാൻ രവീന്ദ്രനായതിൽ എനിക്ക് പ്രത്യേകിച്ചും സന്തോഷമുണ്ട്. ഈ വാദം നടന്നുകൊണ്ടിരുന്ന സന്ദർഭത്തിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനങ്ങൾ മാത്രമല്ല ഗവൺമെൻറുടമയിലുള്ള വ്യവസായങ്ങളിലും അതുപോലെതന്നെ മററ് കോർപ്പറേഷനുകളുടേയും നിയമനങ്ങളെല്ലാം തന്നെ പ്രത്യേകിച്ച് ഒരു റിക്രൂട്ടുമെൻറു ബോർഡിന് വിടണമെന്നുള്ള ഒരു ആശയത്തെ സംബന്ധിച്ചാണ് ചർച്ച ചെയ്തുകൊണ്ടിരുന്നത്. അങ്ങനെ ഒരു ആശയം ഞങ്ങളുടെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സുന്ദരയ്യതന്നെ 15-6-1969-ൽ കേരള കമ്മ്യൂണിസ്ററ് പാർട്ടിയുടെ സെക്രട്ടറിയായ ശ്രീമാൻ എസ്. കുമാരന് എഴുതിയിട്ടുള്ള ഒരു കത്തിൽ വളരെ വിശദമായി കാണിച്ചിരുന്നു. ആ കത്തിൽ കാണിച്ചിരുന്ന കാര്യംതന്നെ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന സമയം ഈ കോർപ്പറേഷനിലും മററും അതിന് ആവശ്യമുള്ള ജോലിക്കാരെ ധൃതിക്ക് കിട്ടുന്നതിനുവേണ്ടി പ്രത്യേകിച്ച് ഇന്നുള്ള പബ്ലിക് സർവ്വീസ് കമ്മീഷൻ പോര അതിന് പ്രത്യേകിച്ച് ഒരു ഏർപ്പാട് ഉണ്ടാക്കണം. അങ്ങനെ കാര്യം വേഗത്തിൽ നടത്താനും പബ്ലിക് സർവീസ് കമ്മിഷൻെറ വ്യവസ്ഥകൾ സംവരണവ്യവസ്ഥകളും അതുണ്ടാക്കിയിട്ടുള്ള ജില്ലാ അടിസ്ഥാനത്തിലുള്ള

2/3006/MC

LIBRARY ARCHIVES Kerala Legislative Assembly

ജനസംഖ്യാനുപാതികമായി കിട്ടേണ്ട, ആ തത്വങ്ങളെല്ലാം സ്വീകരിക്കുന്നനിലയ്ക്ക് ആ തത്വങ്ങളുടെ മതിയായ ഉറപ്പ്, സംരക്ഷണം വരുത്തിക്കൊണ്ട് ധൃതിയിൽ കാര്യങ്ങൾ നടത്തുന്ന തരത്തിലുള്ള ഒരു ഏർപ്പാട് ഉണ്ടാക്കണമെന്നുള്ള ഒരു നിർദ്ദേശം സമർപ്പിച്ചിരുന്നു. അതുകൊണ്ടാണ് പബ്ലിക് സർവ്വീസ് കമ്മീഷന്റെ തത്വങ്ങൾ അംഗീകരിക്കുന്ന ഒരു റിക്രൂട്ടുമെന്റ് ബോർഡ് എല്ലാ കോർപ്പറേഷനുകളിലേയും നിയമനത്തിന് നേതൃത്വം കൊടുക്കാൻവേണ്ടി ഉണ്ടാക്കണമെന്ന് പറഞ്ഞത്. എന്നാൽ ശ്രീമാൻ എസ്. കുമാരൻ 6–6–1969-ൽ അയച്ച മറുപടിയിൽ പബ്ലിക് സർവ്വീസ് കമ്മീഷനുതന്നെ കാര്യക്ഷമമായി നടത്താൻ, ഈ നിയമനങ്ങളെല്ലാം നടത്താൻ സാധിക്കുമെന്നും അതുകൊണ്ട് ഈ പബ്ലിക് സർവ്വീസ് കമ്മീഷൻ തന്നെ മതിയെന്നും ചൂണ്ടിക്കാണിച്ചിരുന്നു. ശ്രീമാൻ ആർ. എസ്. ഉണ്ണി ഇന്ന് സംസാരിച്ച അവസരത്തിൽതന്നെ ധൃതിയിൽ ഈ കാര്യം നടത്തുന്നതിന് മറെറന്തെങ്കിലും ഏർപ്പാട് വേണ്ടേ എന്ന സംശയം ഉന്നയിച്ചതായിട്ടാണ് എനിക്ക് തോന്നിയത്. ഏതായാലും ഈ ആശയം സംബന്ധിച്ച് ഒരു ചർച്ച നടന്നുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ നിയമസഭയ്ക്ക് അകത്തും അന്നും ഇന്നും ശക്തിയായി ഒരു വിഭാഗം സ്നേഹിതൻമാർ വാദിക്കുന്ന കാര്യം ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനങ്ങൾ മാത്രം അടിയന്തിരമായിട്ടുവിടണം. കോർപ്പറേഷൻ രൂപീകരിച്ചത് 65–ലോ, 66–ലോ ആണെന്ന് തോന്നുന്നു. 65–ൽ ആണ്. 65-നു മുൻപ്തന്നെ ഇവിടെ നിലവിലുള്ള ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ നിയമനം ആയിരക്കണക്കിന് നിയമനം അതിലും നടന്നു. എന്റെ കൈവശമുള്ള കണക്കുകൾ ശരിയാണെങ്കിൽ—ശരിയാണോ എന്ന് എനിക്ക് അറിഞ്ഞുകൂടാ 785 നിയമനം ഖാദി ബോർഡിൽ 1500 നിയമനം, പ്ലാന്റേഷൻ കോർപ്പറേഷനിൽ , 1600 ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ, ഹാൻറ്ലൂം കോർപ്പറേഷനിൽ 700, ഇലക്ട്രിസിററി ബോർഡിൽ സി. എൽ. ആർ; എൻ. എം. ആർ 3000 പി. എസ്. സി. ക്ക് വിട്ടുകൊടുത്തതിനു ശേഷം നടന്നു എന്നാണ് കേൾക്കുന്നത്. ഇത് ശരിയാണെന്ന് ഞാൻ പറയുന്നില്ല. ഏതായാലും ആയിരക്കണക്കിന് നിയമനം ഗവൺമെൻറുടമയിലുള്ള സ്ഥാപനങ്ങളുടെ കീഴിൽ നടന്നു എന്നുള്ളത് ഒരു വസ്തുതയാണ്. ഇതെല്ലാം സൂചിപ്പിച്ചുകൊണ്ട് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനം മത്രമല്ലാ മറെറല്ലാ കോർപ്പറേഷനിലേയും നിയമനങ്ങൾ വിട്ടുകൊടുക്കുന്നതിന് എന്തെങ്കിലും ഒരു ഏർപ്പാട് ഉണ്ടാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരുന്നു.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ഹാൻറ്ലൂം കോർപ്പറേഷനിൽ എഴുന്നൂറോളം നിയമനങ്ങൾ നടത്തിയെന്നു് ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. ഞാൻ മനസ്സിലാക്കിയിടത്തോളം ഹാൻറ്ലൂം കോർപ്പറേഷനിൽ ഏകദേശം പത്തോ പതിനഞ്ചോ നിയമനങ്ങൾ മാത്രമേ നടത്തിയിട്ടുള്ളു. അതു ശരിയല്ലെങ്കിൽ ഈ എഴുന്നൂറു നിയമനങ്ങൾ ഏതെല്ലാമാണെന്നു് പറയാമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ പറഞ്ഞതല്ലോ ചിലപ്പോൾ തെററായിരിക്കാമെന്ന്. ഏതായാലും ഈ കോർപ്പറേഷനുകളിലെല്ലാംതന്നെ ആയിരക്കണക്കിനു് നിയമനങ്ങൾ നടന്നു എന്നുള്ളതു് ഒരു വസ്തുതയാണു്. അതെല്ലാംകൂടി ഒരുമിച്ചു് എടുത്തുകൊണ്ടു് ഈകാര്യത്തിൽ ഒരു തീരുമാനമെടുക്കണം. അങ്ങനെ തീരുമാനമെടുക്കുന്ന കാര്യത്തിൽ ഒരു നിർബന്ധമില്ലാതിരിക്കുകയും ട്രാൻസ്പോർട്ടുകാർപ്പറേഷനിൽമാത്രം ഈക്കാര്യം നടപ്പാക്കുകയും ചെയ്യണമെന്നുള്ള വ്യഗ്രതയും അതിനാസ്പദമായ കഥകളുണ്ടാക്കുകയുമാണു് ഇവിടെ നടന്നുകൊണ്ടിരിക്കുന്നതു്. ഏതായാലും ട്രാൻസ്പോർട്ടുകോർപ്പറേഷനിലെ നിയമനങ്ങൾ മററുള്ള നിയമനങ്ങൾ വിടുന്നതിനുമുമ്പുതന്നെ പബ്ളിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കുന്നകാര്യത്തിൽ ഞങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി അനുകൂലമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തന്നെയാണു മുഖ്യമന്ത്രി അന്നു സഭയ്ക്ക് ഉറപ്പു നൽകിയതും. ആ തീരുമാനങ്ങൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഒരു ബില്ലെന്നനിലയ്ക്കാണു് ഇവിടെ ബില്ല് അവതരിപ്പിച്ചിട്ടുള്ളത്. ട്രാൻസ്പോർട്ടുകോർപ്പറേഷനിലെ നിയമനങ്ങൾ വിട്ടുകൊടുക്കാത്തതിൽ ആക്ഷേപിക്കുന്നസ്നേഹിതൻമാർ ഈ സമയത്തെങ്കിലും മററു കോർപ്പറേഷനിലെ നിയമനങ്ങൾകൂടി പബ്ലിക്സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുന്നതിനുവേണ്ടിയുള്ള തീരുമാനങ്ങളെടുക്കുകയോ ബില്ലുകൊണ്ടുവരുകയോ ചെയ്തില്ലെന്നുള്ളതിനെ സംബന്ധിച്ചു് ഒരൊററ ആക്ഷേപവും പുറപ്പെടുവിച്ചുകേട്ടില്ല. എന്താണു് അതിന്റെ അർത്ഥമെന്നു് ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. അഴിമതി അവസാനിപ്പിക്കുകയും സ്വജനപക്ഷപാതം അവസാനിപ്പിക്കുകയും ചെയ്യുകയെന്നുള്ളതാണു് ഇത്തരം നിയമനിർമ്മാണത്തിന്റെ ഉദ്ദേശമെങ്കിൽ തീർച്ചയായും ആ രംഗത്തേയ്ക്കു കൂടി ഇതു നടപ്പാക്കേണ്ടതായിരുന്നു. അതിന് ഇപ്പോഴുള്ള തടസ്സങ്ങളെന്തെന്ന് മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി രവീന്ദ്രൻ പറഞ്ഞു അതിൽനടന്ന നിയമനങ്ങളൊക്കെത്തന്നെ താൽക്കാലികകാണെന്നും പബ്ലിക് സർവ്വീസ് കമ്മിഷൻ തീരുമാനത്തിനു വിധേയമാക്കണമെന്നും. ആ കാര്യം എന്തുകൊണ്ടു് പിരിച്ചുവിട്ട ആളുകളുടെ കാര്യത്തിൽ ഇവിടെ ബാധകമാക്കിക്കൂട.

ശ്രീ. പി. രവീന്ദ്രൻ: നേരിട്ട് നിയമനം നടത്തരുതെന്ന് ബോർഡുകൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നാണ് പറഞ്ഞത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആ നിർദ്ദേശം എന്തുകൊണ്ട് ട്രാൻസ്പോർട്ട് കോർപ്പറേഷനിലും സ്വീകരിച്ചുകൂടാ? ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിയമപ്രകാരം തന്നെ നിയമിച്ച, നിയമവിരുദ്ധമായി നടയമിച്ചു എന്നൊക്കെ ഇവിടെ പറഞ്ഞു. അത് പിന്നീട് പറയാം. ശ്രീമാൻ കെ. എം. ജോർജിനോട് ഒരു ചോദ്യം ചോദിച്ചപ്പോൾ വളരെ സൗകര്യപൂർവ്വം അദ്ദേഹം ഒഴിഞ്ഞുമാറി. സർ, പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തുകൊണ്ട് ഈ ഗവൺമെൻറ് വന്നതിന് ശേഷം പുറപ്പെടുവിച്ച ഉത്തരവിൽ തന്നെ കണ്ടിജൻസി, സ്വീപ്പർ, സ്കാവഞ്ചർ, പ്യൂൺ ഇവരുടെനിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തില്ല. പക്ഷേ അപേക്ഷിച്ചവർക്ക് കൊടുക്കാതെ അപേക്ഷിക്കാത്തവർക്ക് കൊടുത്തു എന്നു പറഞ്ഞുകൊണ്ട് പിരിച്ചു വിടലിനെ ന്യായീകരിച്ചതും ഈ രംഗത്തിന് ബാധകമല്ല. കാരണം അപേക്ഷിക്കുന്നതിന്റെഅടിസ്ഥാനത്തിൽ നിയമിക്കേണ്ടവരല്ല ഇവർ. അങ്ങനെയുള്ള 85 പേരേയും പിരിച്ചുവിട്ടിട്ടുണ്ട്. അതിനെന്താണ് ന്യായം? അതിന് ഇതുവരേയും ഒരു ന്യായവും ഇതുവരെയും ആരും, മന്ത്രി കെ. എം. ജോർജും പറഞ്ഞുകേട്ടില്ല. ഇപ്പോഴും നിയമനം വിട്ടുകൊടുത്തിട്ടില്ല. പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തുകൊണ്ട് പുറപ്പെടുവിച്ച ഓർഡറിൽത്തന്നെ ഈവക നിയമനങ്ങൾ കോർപ്പറേഷൻ ജനറൽ മാനേജർ നടത്തണമെന്ന് പറഞ്ഞിട്ടുമുണ്ട്. അപ്പോൾ ആ വക നിയമനങ്ങൾ 85 പേരെ പിരിച്ചു വിട്ടിട്ടുണ്ട്. അപ്പോൾ ഈ പിരിച്ചു വിടൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മൂലം അഴിമതി അവസാനിപ്പിക്കുക എന്നുള്ളതിനെക്കാൾ കൂടുതൽ ബഹുമാനപ്പെട്ട സി. ജി. സി. വാര്യർ ചൂണ്ടിക്കാണിച്ചതുപോലെ മക്കാർത്തിസമാണ് ഉദ്ദേശം. ന്യായദീക്ഷയാണ് ഇതിന്റെ പിന്നിലുള്ളതെങ്കിൽ മററുള്ള കോർപ്പറേഷനുകളുടെ കാര്യത്തിലും അടിയന്തിരമായി ഒരുമിച്ച് ഒരു നിയമ നിർമ്മാണവും അതിന്റെ അടിസ്ഥാനത്തിൽത്തതിനുമുൻപ് ഒരു ഓർഡിനൻസും കൊണ്ടുവരാമായിരുന്നു. അതാണ്, ന്യായദീക്ഷയല്ല മുൻ ഗവൺമെൻറിൽനിന്ന് വ്യത്യസ്ഥമായ ഒരു നയം ഈ കാര്യത്തിൽ ഈ ഗവൺമെൻറ് അംഗീകരിച്ചിരിക്കുന്നു എന്ന് ഞങ്ങൾ ആക്ഷേപിക്കാൻ പ്രധാനമായ കാരണം. സർ, മുൻഗവൺമെൻറ് എന്താണ് ചെയ്തത്? പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

വെരിഫിക്കേഷൻ മൂലം പുറത്ത് നിന്നിരുന്ന, ശ്രീമാൻ പി. ടി. ചാക്കോയുടെ കാലത്ത് പോലീസ് വെരിഫിക്കേഷൻ നടത്തി നിയമനയോഗ്യത ഉണ്ടായിരുന്നിട്ടുപോലും പുറത്ത് നിറുത്തിയിരുന്ന ആളുകളെ തിരിച്ചെടുക്കുകയാണ് ചെയ്തത്. പബ്ലിക് സർവ്വീസ് കമ്മീഷൻ ഇപ്പോൾ സകല പാപത്തിൽ നിന്നും സകല ആക്ഷേപത്തിൽനിന്നും വിമുക്തമായി ഗിരി ശൃംഗത്തിൽ നിൽക്കുന്ന എന്തോ ഒരു പരിപാവന വേദിയാണ് എന്നൊക്കെ ഇവിടെ വിശദീകരിച്ച് കേട്ടു. അങ്ങനെയുള്ള പബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുത്ത സകല യോഗ്യതകളും ഉള്ള 1800 പേരേയാണ് പോലീസ് വെരിഫിക്കേഷൻമൂലം, അന്ന് അവർ കോൺഗ്രസുകാരല്ലെന്ന് പറഞ്ഞ് പുറത്ത് നിറുത്തിയിരുന്നത്. അതിൽ അപ്പുറത്തിരിക്കുന്ന ശ്രീമാൻ കെ. എം. ജോർജിന്റെ കക്ഷി ഒഴിച്ചുള്ള ബാക്കിയെല്ലാ കക്ഷിയിലുള്ള ആളുകളും പെടും. ഇങ്ങനെ പിരിച്ചുവിട്ട 1800 പേരേ മുൻ ഗവൺമെന്റ് തിരിച്ചെടുത്തു. അതുപോലെതന്നെ സി. ആർ. പി. യിൽപ്പെട്ട 400 പേരേയും മുൻ ഗവൺമെന്റ് തിരിച്ചെടുത്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുക്കുന്നതിന് മുൻപു തന്നെ എൻജിനീയർമാരും സൂപ്പർവൈസർമാരും അതുപോലെയുള്ള ആളുകളും നിയമിച്ച ഒരു ദിവസം പോലും സർവ്വീസുള്ളവരേയും എൻ.എം.ആർ. സി.എൽ. ആർ. വിഭാഗത്തിൽപ്പെട്ട ആളുകളേയും ഇലക്ട്രിസിററി ബോർഡിൽ 12000 പേരേ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ രംഗത്തേക്ക് വന്നുകഴിഞ്ഞാൽ അവരെ പിരിച്ചു വിടുന്നത് ശരിയല്ല. 12000 പേരേ പിരിച്ചയയ്ക്കാനല്ല, തിരിച്ചെടുക്കാവുള്ള നയമാണ് മുൻ ഗവൺമെൻറിന്റേത്. ശ്രീമാൻ ഹമീദ് ഇക്കാര്യം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ജോർജ് അത് നിഷേധിക്കുകയുണ്ടായി. ഇത് പത്രത്തിൽ വന്നതാണ്. അന്നൊന്നും നിഷേധിച്ചില്ല. ഇപ്പോൾ നിഷേധിച്ചതിൽ ആ നിഷേധത്തിൽത്തന്നെ നിൽക്കാം. ഏതായാലും, ഈ ഗവൺമെൻറു് അനേകായിരം ആളുകളെ പിരിച്ചുവിട്ടുകൊണ്ടാണു് തൊഴിലാളിപ്രേമം കാണിക്കാൻ മുതിരുന്നതു്. അതിനടിസ്ഥാനമായി പറയുന്ന മകാരണങ്ങളെല്ലാം തെററാണെന്നാണ്, മററു കാർപ്പറേഷനുകളിലും ഈ നിയമം ബാധകമാക്കാത്തതുകൊണ്ടു ഞങ്ങൾ പറയുന്നത്. അതിനെസംബന്ധിച്ച യാതൊരു ന്യായാന്യായതകളും പറയാതെ പോകുന്നതു് എന്താണെന്നുവച്ചാൽ ആ പാർട്ടി ശക്തിയായിപ്പോയിട്ടുണ്ടു് എന്നുള്ളതാണു്. ഗവൺമെൻറുടമയിലുള്ള കമ്പനികളിലെ നിയമനങ്ങളെല്ലാം പബ്ളിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ടപ്പോൾ മുൻ വ്യവസായമന്ത്രി ടി. വി. തോമസ്, പറഞ്ഞതു് അതിനു സാങ്കേതികമായ ബുദ്ധിമുട്ടുകളുണ്ടെന്നാണ്.

ശ്രീ. ടി. വി. തോമസ്: ആ ഓർമ്മ തെററാണ്. അതു് ദേശാഭിമാനിയിൽ വികൃതപ്പെടുത്തിവന്ന റിപ്പോർട്ടാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എന്റെ ഓർമ്മ ശരിയാണെങ്കിൽ..........

ശ്രീ. ടി. വി. തോമസ്: നിയമസഭാപ്രൊസീഡിംഗ്സ് വായിച്ചുനോക്കണം. ദേശാഭിമാനി റിപ്പോർട്ടുമാത്രം ആധാരമാക്കരുത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അല്ലല്ല. സാങ്കേതികമായി വളരെ ബുദ്ധിമുട്ടുകളുണ്ടെന്ന് പറഞ്ഞതായിട്ടാണ് എന്റെ ഓർമ്മ.

ശ്രീ. ടി. വി. തോമസ്: അങ്ങനെ വിഷമമുണ്ടെങ്കിലും പബ്ളിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നാണു പറഞ്ഞത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഏതായാലും ആ ഉറപ്പുകൾ കുറുപ്പിന്റെ ഉറപ്പായി അവിടെ നിൽക്കുകയും ഈ ഉറപ്പുമാത്രം അടിയന്തിരമായി പാലിച്ചില്ലെങ്കിൽ കുഴപ്പമായിതീരുമെന്നു പ്രസ്താവിക്കുകയും ചെയ്യുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ന്യായം നടത്താനുള്ള താൽപര്യത്തെക്കാൾ കൂടുതൽ മക്കാർത്തിസം നമ്മുടെരാജ്യത്ത് പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടിയുള്ള ഭാഗമായിട്ടാണ് ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ പിരിച്ചുവിടൽ ഞങ്ങൾക്കു കാണാൻ സാധിക്കുന്നത്. അതിനു പറയുന്ന ന്യായങ്ങളൊന്നും ന്യായമായി അംഗീകരിക്കാനും സാധ്യമല്ല. അതുകൊണ്ട് ഈ ബില്ലിൽ പറയുന്ന രീതിയിൽ ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ്കമ്മിഷനു വിട്ടുകൊടുക്കണമെന്നു വ്യവസ്ഥചെയ്യുന്നതോടൊപ്പംതന്നെ മററു കോർപ്പറേഷനുകളിലെയും ഗവൺമെൻറുടമയിലുള്ള വ്യവസായസ്ഥാപനങ്ങളിലെയും ആകെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ എടുക്കുകയും ചെയ്യണം. അല്ലാതെ സാങ്കേതികതടസ്സങ്ങൾ ഉണ്ടെന്നു പറഞ്ഞു ചെയ്യാതിരിക്കുന്നിടത്തോളംകാലം ഈ ഗവൺമെൻറ് തൊഴിലാളികളുടെ സംഘടനാസ്വാതന്ത്ര്യം നിഷേധിക്കുകയും മുൻഗവൺമെൻറ് തുടർന്നു വന്നിരുന്ന നയത്തിൽനിന്നും വ്യത്യസ്തമായ നയം സ്വീകരിക്കുകയുമാണു ചെയ്യുന്നത്. ഇത് ശ്രീമാൻ ജോർജ്ജിനെയോ മറേറാ തൃപ്തിപ്പെടുത്തുന്നതിനു വേണ്ടിയാണെന്നുതോന്നുന്നു. ശ്രീമാൻ കെ. എം. ജോർജ് അദ്ദേഹത്തിൻെറ നേതാവായ ചാക്കോയുടെ ശവകുടീരത്തിൽപോയി അദ്ദേഹത്തിൻെറ നയങ്ങൾ നടപ്പിലാക്കുമെന്നു പ്രതിജ്ഞയെടുത്തിരുന്നു. ആ ഉറപ്പു പാലിക്കാൻവേണ്ടി അദ്ദേഹം എടുത്തിരിക്കുന്ന നടപടിയെസംബന്ധിച്ച് ശ്രീമാൻ രവീന്ദ്രനും അദ്ദേഹത്തിൻെറ പാർട്ടിയുമെല്ലാം അടങ്ങുന്ന ഗവൺമെൻറ് ആലോചിക്കുകയും അതിനു വളരെ വ്യക്തമായ ഒരു തീരുമാനത്തിലെത്തുകയും വേണം. എങ്കിൽപ്പോലും അവർക്ക് അതു തിരുത്തേണ്ടതായി വരുമെന്ന് പ്രാസംഗികമായി ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ: സർ, ഞങ്ങളുടെ പാർട്ടിയോട് ചിററമ്മനയമാണു കാണിക്കുന്നത്. ഞാനും ഇതിന് അമൻറുമെൻറ് കൊടുത്തിരുന്നു.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ഗോപാലകൃഷ്ണൻനായർ പറഞ്ഞതു പിൻവലിക്കുകയാണു നല്ലത്. ബഹുമാനപ്പെട്ട മെമ്പർ 3—ാമത്തെ ക്ളാസിനാണ് അമൻറുമെൻറു കൊടുത്തിരിക്കുന്നതു്.

ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ: ക്ളാസ് ബൈ ക്ളാസ് ഡിസ്കഷനാണെങ്കിൽ ഞാൻ സമ്മതിക്കുന്നു.

ഗതാഗതവും ആരോഗ്യവുംമന്ത്രി (ശ്രീ. കെ. എം. ജോർജ്ജ്): സർ, ഈ സഭയുടെ എല്ലാവശത്തുമുള്ള എൻെറ സ്നേഹിതൻമാർ ഈ ചർച്ചാവേളയിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ നിയമനത്തെസംബന്ധിച്ചും നിയമാനുസരണം നിയമിക്കപ്പെടാത്തതിനെ സംബന്ധിച്ചുമെല്ലാം പരാമർശിക്കുകയുണ്ടായി. സർ, വസ്തുതകൾ മുഴുവനും ശരിക്കു മനസ്സിലാക്കിയിട്ടും അവ വളച്ചൊടിച്ച് ആരോപണങ്ങൾ പറയേണ്ടയാവശ്യം മനസ്സിൽ കണ്ടുകൊണ്ട് പറയുകയാണോ എന്നു തോന്നിക്കത്തക്കവണ്ണം ചില ബഹുമാനപ്പെട്ട സുഹൃത്തുക്കൾ സംസാരിക്കുന്നതു കേട്ടു. ഈ സംഗതി രണ്ടുപ്രാവശ്യം സഭയിൽ പറഞ്ഞിട്ടുള്ളതാണെങ്കിലും ഒരിക്കൽകൂടി അതു വിശദീകരിക്കേണ്ടത് ആവശ്യമാണെന്നുള്ളതുകൊണ്ട് അങ്ങയുടെ അനുവാദത്തോടുകൂടി ഒന്നുരണ്ടു കാര്യങ്ങൾ പറയാൻ ഞാനാഗ്രഹിക്കുകയാണ്. ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ നിയമനങ്ങൾ മുഴുവനും പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കാൻ തീരുമാനിച്ചതിനെ സഭയിലെ എല്ലാഭാഗത്തുമുള്ള മെംബർമാർ സ്വാഗതം ചെയ്തതിലും കലവറയില്ലാതെ അഭിനന്ദിച്ചതിലും എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ചാരിതാർത്ഥ്യമുണ്ട്. ഒരുപരാതി പ്രതിപക്ഷസുഹൃത്തുക്കൾ ഉന്നയിക്കുന്നത് എന്തുകൊണ്ട് എല്ലാ നിയമനങ്ങളും വിട്ടുകൊടുത്തില്ല എന്നുള്ളതാണ്. സർ, ''എള്ളു തിന്നാൽ എള്ളോളമായി'' എന്നു പറഞ്ഞതുപോലെയുള്ള അഭിപ്രായമാണ് ഇക്കാര്യത്തിൽ എനിക്കുള്ളത്. ബാക്കിയുള്ള എല്ലാ കോർപ്പറേഷനിലെയും നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിടാൻ തീരുമാനിക്കാൻപോകുകയാണെന്ന് മന്ത്രിസഭയുടെ നാമത്തിൽ ബഹുമാനപ്പെട്ട രവീന്ദ്രനും ഞങ്ങളുമെല്ലാം പറഞ്ഞിട്ടും ആരോപണങ്ങളുന്നയിക്കുന്നത് ചെറിയ ഒരു മന:സാക്ഷിക്കടികൊണ്ടാണ്. ഏതാണ്ട് 32 മാസം മാർക്സിസ്റ്റുപാർട്ടി ഒഴിച്ച് എല്ലാകക്ഷികളും ട്രാൻസ്പോർട്ടു കോർപ്പറേഷൻ ഉൾപ്പെടെയുള്ള പബ്ലിക്ക് അണ്ടർടേക്കിംഗ്സിലെ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കണമെന്നു പറഞ്ഞിരുന്നതാണ്. അന്ന് വിട്ടുകൊടുക്കാൻ സാധ്യമല്ലെന്ന് വളരെവ്യക്തമായ രീതിയിൽ പറഞ്ഞിട്ടുള്ള അവസരങ്ങളുമുണ്ട്. ട്രാൻസ്പോർട്ട് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം എന്റെ മുൻഗാമി ബഹുമാനപ്പെട്ട ഇമ്പിച്ചിബാവ, ഞങ്ങൾ നിയമിക്കുന്നത് വളരെ ക്ലീനായിട്ടാണ് അതിന് യാതൊരു ആരോപണവും പറയേണ്ടതില്ല എന്ന് അവസാനം പറഞ്ഞൊതുക്കിയതാണ്. അതൊക്കെ മറന്നുപോയിട്ടാണ് ഇപ്പോൾ വിമർശനംനടത്തുന്നത്. ഇതൊക്കെ പ്രതിപക്ഷത്ത് ഇരിക്കുമ്പോൾ പറയുന്നു എന്നേ ഞാൻ വിചാരിച്ചിട്ടുള്ളു. അതിൽ എനിക്ക് പരാതിയില്ല. ട്രാൻസ്പോർട്ടു കോർപ്പറേഷനാണ് ഏററവും കൂടുതൽ നിയമനംനടത്തുന്ന ഗവൺമെൻറുടമയിലുള്ള അണ്ടർടേക്കിംഗ്. ഇപ്പോൾ ഈ മേഖലയിലുള്ള 99 ശതമാനവും വിട്ടുകൊടുത്തിട്ടുണ്ട്. മററുള്ള കോർപ്പറേഷനിലെ നിയമനങ്ങളും വിട്ടുകൊടുക്കാൻതീരുമാനിച്ചിട്ടുണ്ട്, അതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽവരെ സൂചിപ്പിച്ചിട്ടുണ്ട്. പിന്നെയും ആരോപണം പറയുന്നത് അവരുടെ ആവശ്യമാണെന്നല്ലാതെ കൂടുതലൊന്നും ഞാൻ പറയുന്നില്ല.

ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ ചെയർമാനെ മാററിയ കാര്യം ശ്രീമാൻ ഹമീദ് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഹമീദിനെപോലെ പ്രഗല്ഭനായ ഒരു മെംബർ ഇങ്ങനെയൊരു ചോദ്യം ഉന്നയിച്ചത് ഖേദകരമാണ്. ട്രാൻസ്പോർട്ടു കോർപ്പറേഷൻ ചെയർമാനോട് യാതൊരു വിരോധവുമില്ല. അഭിഭാഷകനായ അദ്ദേഹം ഒരു പൂർണ്ണസമയ ചെയർമാനായിരുന്നില്ല. മററു കോർപ്പറേഷനുകളിലെ ചെയർമാൻമാരൊക്കെ പൂർണ്ണസമയചെയർമാൻമാരാണ്. ട്രാൻസ്പോർട്ടു കോർപ്പറേഷനിലും അതുപോലെയുള്ള ചെയർമാനെയാണ് വേണ്ടത്.

ശ്രീ. എ. പി. കുര്യൻ: മററു കോർപ്പറേഷനുകളിൽ എവിടെയൊക്കെയാണ് പൂർണ്ണചെയർമാൻമാരുള്ളത്? ഉദാഹരണത്തിന് പ്ലാന്റേഷൻ കോർപ്പറേഷൻ. അവിടത്തെ ചെയർമാനായ റോസമ്മപുന്നൂസ് പൂർണ്ണസമയ ചെയർമാനാണെന്ന് പറയാമോ?.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: വേറെ ഒരു ജോലിയുമില്ലാത്തതുകൊണ്ട് മുഴുവൻസമയവും...........................

ശ്രീ. കെ. എം. ജോർജ്ജ്: സർ, അദ്ദേഹം സംസാരിച്ചപ്പോൾ ഞാൻ വളരെ ക്ഷമയോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. സ്വതന്ത്രമായി സംസാരിക്കട്ടെ, എനിക്കുപറയാനുള്ളത് മറുപടി പറയുമ്പോൾ പറയാമെന്നു ഞാൻ വിചാരിച്ചു. സർ, മററു കോർപ്പറേഷനുകളിലെ ചെയർമാൻമാരുമായിട്ട് ഒരു താരതമ്യപഠനത്തിനു ഞാൻ ഇപ്പോൾ സമയമെടുക്കേണ്ടയാവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മററു കോർപ്പറേഷനുകളിലെ ചെയർമാൻമാർ അവിടെ നടത്തുന്ന പ്രവർത്തനവും ഈ കോർപ്പറേഷനിലെ പ്രവർത്തനവും തമ്മിൽ വ്യത്യാസമുണ്ട്. മി. ചെറിയാൻ ഒരു അഭിഭാഷകനായി ജോലിനോക്കുകയും കുറേസമയം ചെയർമാനായി ജോലിനോക്കുകയും ചെയ്യുകയായിരുന്നു. അങ്ങനെയൊരു നിയമനം വേണ്ട, പൂർണ്ണസമയവും ചെയർമാനായി ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കുന്ന ഒരാൾമതി എന്നുള്ളതുകൊണ്ടും ട്രാൻസ്പോർട്ടുകോർപ്പറേഷനിൽ ഭീമമായ നഷ്ടമുണ്ടായിക്കൊണ്ടിരിക്കുന്നതുകൊണ്ടും അരാജകാവസ്ഥയിലേക്കു താണുകൊണ്ടിരിക്കുന്നതുകൊണ്ടുമാണ് ഈ സംസ്ഥാനത്തെ ഉയർന്ന ഒരു ഐ. എ. എസ്. ഉദ്യോഗസ്ഥനായ സി. തോമസിനെ നിയമിക്കാൻ ഇടയായത്. അല്ലാതെ പാർട്ടിയുടെ ആൾക്കാരെ നിയമിക്കാനല്ല.

ശ്രീ. എം. കെ. എ. ഹമീദ്: ഇതാണു മാനദണ്ഡമെങ്കിൽ ഇത് കാഷ്യൂകോർപ്പറേഷനിലെ ചെയർമാനെയും ബാധിക്കുകയില്ലേ? അദ്ദേഹവും വക്കീലാണ്.

ശ്രീ. കെ. എം. ജോർജ്ജ്: വക്കീലായതുകൊണ്ടല്ല. വക്കീലായി ജോലിനോക്കുകയും അതിനിടയ്ക്ക് ഭരിക്കുകയും ചെയ്യുന്നതുകൊണ്ടാണ്

[കമ്മ്യൂണിസ്ററുപാർട്ടി (മാർക്സിസ്ററ്) മെമ്പറൻമാരുടെയിടയിൽ ബഹളം]

ശ്രീ. ആർ. എസ്. ഉണ്ണി: കാഷ്യൂ കോർപ്പറേഷൻെറ ചെയർമാൻ ആരായിരിക്കണമെന്നുള്ളതിനെപ്പററി ആലോചിക്കാൻ അനൗപചാരികമായി ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ മാർക്സിസ്ററു പാർട്ടി സെക്രട്ടറി ശ്രീമാൻ രാമൻപിള്ളയെ നിർദ്ദേശിച്ചകാര്യം അറിയാമോ?

ശ്രീ. കെ. എം. ജോർജ്ജ്: മാറിയ പരിതഃസ്ഥിതിയിൽ പറയുന്ന അഭിപ്രായങ്ങൾ മാനിക്കേണ്ട.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കാഷ്യൂ കോർപ്പറേഷൻ ചെയർമാനായി നിർദ്ദേശിക്കപ്പെട്ട രാമൻപിള്ള ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയുടെ ആളാണെന്നകാര്യം അറിയാമോ?

ശ്രീ. കെ. എം. ജോർജ്ജ്: ശ്രീമാൻ വാര്യർ പറയുന്ന കാര്യങ്ങളൊന്നും ഞാൻ അവിശ്വസിച്ചിട്ടില്ല. അതു വിശ്വസിക്കാൻ ഞാൻ തയ്യാറാണ്. മററുള്ള കോർപ്പറേഷനുകളിലെ ചെയർമാൻമാരെ മാററിയില്ലല്ലോ എന്നു പറയാതെ ഈ കാര്യത്തിൽ വല്ല വിഷമവുമുണ്ടെങ്കിൽ പറയണം. ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുത്തു എന്നു പറയുമ്പോൾ ഈ രംഗത്തെ 99 ശതമാനവും വിട്ടുകൊടുത്തിരിക്കുന്നു എന്നാണർത്ഥം. തന്നെയുമല്ല ഇനിയുള്ള കോർപ്പറേഷനുകളിലെ നിയമനങ്ങൾ വിട്ടുകൊടുക്കാൻ തീരുമാനിച്ചിരിക്കുകയുമാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ശ്രീമാൻ പി. ടി. ചാക്കോ ഇലക്ട്രിസിററി ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുത്തപ്പോൾ അതിനുമുമ്പുള്ളവരെയെല്ലാം തുടരാൻ അനുവദിച്ചുകൊണ്ടാണ് വിട്ടുകൊടുത്തതെന്ന കാര്യം അറിയാമോ?.

ശ്രീ. കെ. എം. ജോർജ്ജ്: ചാക്കോയുടെയും പനമ്പള്ളിയുടെയും ഭരണ കാര്യത്തിലേക്ക് ഞാൻ വരുന്നുണ്ട്. ശ്രീമാൻ പി. ടി. ചാക്കോയുടെ ഭരണത്തിൻെറ തുടർച്ചയാണ് ഈ ഗവൺമെൻറ് എന്നു ഞാൻ പറഞ്ഞു എന്നു വരെ ഇവിടെ പറയുന്നുണ്ട്. ഞാൻ അങ്ങനെ പറഞ്ഞു എന്നു പറയാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ധൈര്യം, അതിനുള്ള തൊലിക്കട്ടി കാണിച്ചതിൽ എനിക്കൽഭുതമുണ്ട്. ഞാൻ അങ്ങനെ പറയുമെന്ന ശ്രീ. ഇ. എം. എസിന്റെ പ്രസ്താവനയല്ലാതെ വേറെ ഒരു പ്രസ്താവനയും ഞാൻ കണ്ടില്ല. പറയാത്തതും സ്വപ്നംകാണാത്തതുമൊക്കെ പറഞ്ഞു എന്നു പറയുന്നത് മക്കാർത്തിസത്തെപ്പററിയും, ആക്രമണങ്ങളെപ്പററിയും ചോരയെപ്പററിയും സ്വപ്നം കണ്ടുകൊണ്ടു പറയുകയാണ്. അതുപോലെയുള്ള ഒരു പ്രസ്താവനയാണ് ഇത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഒന്നരമാസക്കാലത്തിനു മുമ്പ് ഉത്തരവാദപ്പെട്ട ഒരു പത്രത്തിലാണ് ഈ റിപ്പോർട്ടുണ്ടായത്. ആ റിപ്പോർട്ടും
12 Noon 1967-ലെ ഗവൺമെന്റിന്റെ തുടർച്ചയാണ് ഈ ഗവൺമെന്റ് എന്നു പറഞ്ഞ റിപ്പോർട്ടും ഒരുമിച്ച് പത്രത്തിൽ രണ്ടു ബ്ലോക്കു ചെയ്തു കൊടുത്തിരുന്നു. അതിനെ ആധാരമാക്കിക്കൊണ്ട് ഒട്ടേറെ വിമർശനങ്ങളും നടത്തി. അന്ന് അത് നിഷേധിച്ചിരുന്നതും ഇല്ല.

[Deputy Speaker in the Chair].

ശ്രീ. കെ. എം. ജോർജ്ജ്: ബഹുമാനപ്പെട്ട ഇ. എം. എസ്. ഉൾപ്പെടെയുള്ള മാർക്സിസ്ററുപാർട്ടി നേതാക്കൻമാർ ഈ ഗവൺമെന്റിന്റെ ചെയ്തികളെപ്പററി പറയുന്ന ആരോപണങ്ങൾ നിഷേധിക്കണമെങ്കിൽ പ്രത്യേകമായ ഒരു വകുപ്പുതന്നെ തുടങ്ങിയാലെ ഒക്കുകയുള്ളു. ചോരയെപ്പററിയോ പോലീസിനെപ്പററിയോ സി. ബി. സി. വാര്യരോ മററാരെങ്കിലുമോ എന്തെങ്കിലും പറയട്ടെ. അതിൽ അവജ്ഞയോടെ തള്ളേണ്ടത് അവജ്ഞയോടെ തള്ളും. ഈ നാട്ടിലെ ജനങ്ങൾ അതു മനസ്സിലാക്കും. അതോടെ പ്രതിവിധി ഉണ്ടാകും. ശ്രീ. കുഞ്ഞച്ചൻ ഇലക്ട്രിസിററി ബോർഡിലെ നിയമനത്തെപ്പററി ചോദിച്ചു. ഇലക്ട്രിസിററി ബോർഡിലെ നിയമനങ്ങളിൽ അംഗീകരിച്ചിട്ടുള്ളതും ഇതും തമ്മിൽ യാതൊരു സാദൃശ്യവുമില്ല. റിക്രൂട്ടു ചെയ്യേണ്ട മിഷനറി ഉപയോഗിച്ചല്ലാതെ ഇലക്ട്രിസിററി ബോർഡിൽ റിക്രൂട്ടു ചെയ്തിട്ടില്ല. ഇലക്ട്രിസിററി ബോർഡിലെ നിയമനം പി. എസ്. സി. ക്ക് വിട്ടുകൊടുക്കണമെന്നുള്ളതായിരുന്നു അന്ന് ആവശ്യപ്പെട്ടത്. അതുകൊണ്ട് അതിനു മുമ്പുള്ളത് റദ്ദു ചെയ്യുക എന്നുള്ളതല്ല. ഒരു ഗവൺമെന്റ് നിയമാനുസരണം നിയമിച്ചിട്ടുള്ളതിനെ പിന്നിൽ വരുന്ന ഗവൺമെന്റ് മാററുക എന്നുള്ളതല്ല പ്രശ്നം. നിയമാനുസരണം നടത്തിയ നിയമനങ്ങൾ മാററിയെന്നു പറയുന്നത് വസ്തുതയല്ല. അങ്ങനെ പറയേണ്ടത് പ്രതിപക്ഷത്തിന്റെ ആവശ്യമാണ്. സത്യം അതല്ല. റോഡ്ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ പ്രൊവിഷണൽ, പെർമനന്റ് ഇങ്ങനെ രണ്ടുതരത്തിലുള്ള നിയമനങ്ങളാണ് നടത്തുക. എല്ലാ മിഷനറികളിലും ഇങ്ങനെയാണ്. അതിനുള്ള ഒരു റിക്രൂട്ടുമെന്റ് ബോർഡ് ഉണ്ട്. ബോർഡ് പ്രൊവിഷണലും പെർമനന്റുമായിട്ടുള്ള നിയമനങ്ങൾ നടത്തും. ജനറൽ മാനേജർ, ചീഫ് ട്രാഫിക്ക് ആഫീസർ, ചെയർമാൻ എന്നിവരടങ്ങിയ റിക്രൂട്ടുമെന്റ് ബോർഡ് അതാതു ലോക്കലായിട്ടുള്ള എംപ്ലായ്മെന്റ് എക്സ്ചേഞ്ചിൽ ആവശ്യപ്പെട്ട് പാനൽ വരുത്തിയിട്ടുള്ളതനുസരിച്ച് ജില്ലയുടെ പോപ്പുലേഷൻ നോക്കിയും, പി. എസ്. സി. അനുവദിച്ചിട്ടുള്ള സാമുദായിക പ്രാതിനിധ്യം നോക്കിയും അവശവിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള പ്രാതിനിധ്യം നോക്കിയും ആണ് നിയമിക്കുന്നത്.

ശ്രീ. കെ. കെ. അബു: ശ്രീ. ജോസഫ് ജനറൽമാനേജരായിരുന്ന കാലത്ത് ഇനി മുതൽ എംപ്ലായ്മെന്റിൽനിന്ന് ആളെ നിയമിക്കേണ്ട, നേരിട്ട് എടുക്കേണ്ടതാണെന്ന് ഒരു ഉത്തരവിട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. എം. ജോർജ്ജ്: അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങനെ പറഞ്ഞാൽ സ്വീകരിക്കണമെന്നും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീമാൻ എം. കെ. ജോസഫ് അയച്ചിട്ടുള്ള ഉത്തരവിന്റെ കോപ്പി കൈയിൽ ഉണ്ട്. പി. എസ്. സി. 3, 31414/1—4—68—ാം നമ്പറിൽ അയച്ച ഓർഡറിൽ എംപ്ലായിമെന്റ് എക്സ്ചേഞ്ചുവഴി നിയമിച്ചിട്ടുള്ള ആളുകളെ ഇപ്പോൾ പിരിച്ചയക്കേണ്ട, മേലിൽ എംപ്ലായിമെന്റ് എക്സ്ചേഞ്ചുവഴി ആരെയും നിയമിക്കേണ്ടതില്ല എന്ന് ഡി. ടി. ഒ. യ്ക്കും എ. ടി. ഒ. യ്ക്കും അയച്ചിട്ടുണ്ടെന്നുള്ളത് അങ്ങേക്ക് നിഷേധിക്കാമോ?

ശ്രീ. കെ. എം. ജോർജ്ജ്: ശ്രീ. ജോസഫ് അങ്ങനെയൊരു സർക്കുലർ പുറപ്പെടുവിച്ചെന്നു വച്ച് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ റൂംസിനും ആക്ടിനും വിപരീതമായി ഒന്നും ഇല്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. അങ്ങനെയൊരു ഓർഡർ ഇപ്പോൾ പ്രാബല്യത്തിലില്ല. അങ്ങനെയൊരു ഓർഡർ ഉണ്ടായിട്ടില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്.

സർ, ഞാൻ ചുരുക്കുകയാണ്. ഈ പറഞ്ഞ നിയമനങ്ങൾ യാതൊരു തരത്തിലും നിയമാനുസരണമുള്ള നിയമനങ്ങൾ ആയിരുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് യാതൊരു ജോലിക്കാരെയും പിരിച്ചുവിട്ടിട്ടില്ലെന്ന്; നിയമാനുസരണം നിയമനം ലഭിച്ച ആരെയും പിരിച്ചുവിട്ടിട്ടില്ലെന്ന്. ഇഷ്ടംപോലെ, എംപ്ലായിമെന്റ് എക്സ്ചേഞ്ചിൽ നിന്നും പേരു വിളിക്കാതെ, ടെസ്ററോ ഇൻറർവ്യൂവോ നടത്താതെ പ്രാദേശിക പ്രാതിനിധ്യം പരിഗണിക്കാതെ സാമുദായിക പ്രാതിനിധ്യം കൊടുക്കാതെ ഇഷ്ടമുള്ള ആളുകളെ ഇന്നടത്തു നിയമിച്ചിരിക്കുന്നുവെന്ന് എഴുതിക്കൊടുത്ത നിയമനങ്ങൾ ഉണ്ട്. അങ്ങനെയുള്ള 614 പേരുടെ സേവനം അവസാനിപ്പിച്ചുവെന്നുള്ളത് വസ്തുതയാണ്. അവരോട് എനിക്കു സഹതാപം ഉണ്ട്. ആ 614 പേർക്ക് പി. എസ്. സി. യുടെ മുമ്പാകെ പോകാനും ജോലി വാങ്ങിച്ച് കോർപ്പറേഷനിൽ ജോലിചെയ്യുവാനും യാതൊരു തടസ്സവും ഇല്ല. 81000 അപേക്ഷകരുടെ കുടുംബത്തോടു നീതി ചെയ്യണമെങ്കിൽ ഇതു ചെയ്യാതെ യാതൊരു നിവൃത്തിയുമില്ല. നീതി നടത്തുന്നതിനുവേണ്ടിമാത്രമാണ് നിയമനങ്ങളെല്ലാം പി. എസ്. സി. വഴി നടത്തുവാനുള്ള നടപടി സ്വീകരിച്ചത്. ഇത്രമാത്രം ധർമ്മരോഷം ഉണ്ടാകുന്നതിന്റെ പിന്നിൽ ഉള്ള സത്യം ഈ രാജ്യത്ത് എല്ലാവർക്കും അറിയാം സർ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പിരിച്ചുവിട്ടവരുടെ കൂട്ടത്തിൽ തൂപ്പുകാരെയും പിരിച്ചു വിട്ടിട്ടുണ്ട്. എന്നാൽ തൂപ്പുകാരുടെ നിയമനം പി. എസ്. സി. ക്ക് വിട്ടു കൊടുത്തിട്ടില്ല. ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ നിയമനങ്ങളെല്ലാം പി. എസ്. സി. ക്ക് വിട്ടുകൊടുത്തപ്പോൾ സ്വീപ്പേഴ്സിന്റെയും സ്കാവഞ്ചേഴ്സിന്റെയും പ്യൂൺസിന്റെയും നിയമനം ജനറൽ മാനേജരുടെ പരിധിയിൽ ഒതുക്കിനിറുത്തുവാനുള്ള കാരണമെന്താണ്? അതുപോലെ ഇവരെ പിരിച്ച് വിട്ടതിനു എന്തു ന്യായീകരണമാണുള്ളത്.

ശ്രീ. കെ. എം. ജോർജ്ജ്: നിയമാനുസരണം നിയമിച്ചിട്ടുള്ളവരെ പിരിച്ചുവിട്ടിട്ടില്ല. ആ നിലയിൽ പിരിച്ചു വിടപ്പെട്ടവർ സമരം പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എന്റെ ചോദ്യത്തിനു മറുപടി പറഞ്ഞില്ല.

ശ്രീ. കെ. എം. ജോർജ്ജ്: അങ്ങ് പറയുവാൻ ആഗ്രഹിക്കുമ്പോലെ പറഞ്ഞുകൊള്ളണമെന്നില്ലല്ലൊ. ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ ജോലി എടുക്കുന്ന പന്തീരായിരം എംപ്ലായീസിൽ 15 ശതമാനത്തിൽ താഴെയാണ്

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്ററുപാർട്ടിയിലുള്ളവർ. ബാക്കിയുള്ള മുഴുവൻ തൊഴിലാളി സഹോദരരും ഏകകണ്ഠമായി ഈ നടപടിയെ സ്വാഗതം ചെയ്യും. ഈ സമരത്തെ പരാജയപ്പെടുത്തുന്നതിന് അവർ 24 മണിക്കൂറും ജോലിചെയ്യുവാൻ മുന്നോട്ടുവന്നതു തന്നെ തൊഴിലാളികൾക്ക് യാതൊരു വിരോധവുമില്ലെന്നുള്ളതിന് തെളിവാണ് എന്ന് ഈ രാജ്യത്തെ കുഞ്ഞുകുട്ടിപോലും മനസ്സിലാക്കും. അറുന്നൂററി പതിന്നാലുപേരെയല്ല, തൊള്ളായിരത്തിപതിനാലു പേരെയാണ് സകല നിയമങ്ങളും കാററിൽ പറത്തിക്കൊണ്ട് സ്വന്തം പാർട്ടിക്കുവേണ്ടി സാമ്പത്തിക ഇടപാടുകളും നടത്തി നിയമിച്ചത് എന്ന് ഈ നാട്ടിൽ എല്ലാവർക്കും അറിയാം. അങ്ങനെയുള്ള കേസ്സുകളിൽ ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ ഇപ്പോൾ സമരം ഉണ്ട്. ആ സമരം നേതാക്കൻമാരുടെ വീട്ടു പടിക്കലേക്ക് വ്യാപിച്ചേക്കും, അതിൻെറ വെപ്രാളമാണ് കാണിക്കുന്നത്. അതിനുവേണ്ട ഉപശാന്തി ഉണ്ടാക്കുവാൻ ഇ ഗവൺമെൻറ് തയ്യാറല്ല. ശ്രീ. പി. ടി. ചാക്കോയുടെ പിൻഗാമിയാണ് ഞാൻ എന്നു പറഞ്ഞാലും മക്കാർത്തിസമുണ്ടെന്നു പറഞ്ഞാലും ഒന്നുമില്ല. മക്കാർത്തിസമെന്നു പറഞ്ഞാൽ അതുകേട്ട് ആരും ബോധം കെടാനും പോകുന്നില്ല. ഈ നിയമനങ്ങളിൽ എന്തെങ്കിലും ന്യായമുണ്ടെന്ന് ഈ പറയുന്ന സ്നേഹിതൻമാർക്ക് ഹൃദയത്തിൽ കൈവച്ചുകൊണ്ട് പറയുവാൻ കഴിയുമോ? മൂന്നും നാലും ആയിരം രൂപ കൊടുത്തിട്ട് നിയമനം കിട്ടിയ ആളുകളെ മാററിനിർത്താൻ മാത്രമേ ഞങ്ങൾ പറയുന്നുള്ളു. അവർക്കും സർവ്വീസ് കമ്മീഷൻെറ മുമ്പിൽ വരാം. 81000 അപേക്ഷകരോടു നീതി ചെയ്യുന്നതിനുവേണ്ടി ഇവരും സർവ്വീസ് കമ്മീഷൻെറ മുമ്പിൽ വരുക എന്നുള്ളതാണ് ഗവൺമെൻറ് എടുത്തിട്ടുള്ള നിലപാട്.

ശ്രീ. എ. വി. കുഞ്ഞാമ്പു: ബഹുമാനപ്പെട്ട മന്ത്രി മൂന്നും നാലും ആയിരം രൂപ വാങ്ങിച്ചിട്ടാണ് നിയമനം കൊടുത്തത് എന്നു പറഞ്ഞു. ആരാണ് വാങ്ങിച്ചത് എന്തെങ്കിലും രേഖയുണ്ടോ? വെറുതെ എന്തെങ്കിലും പറഞ്ഞാൽ മതിയോ?.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ആരുടെയും പേരു പറഞ്ഞിട്ടില്ല. അങ്ങനെ പറയുന്നു എന്നാണ് പറഞ്ഞത്.

ശ്രീ. കെ. എം. ജോർജ്ജ്: 240 ദിവസം ജോലിയിൽ ഇരുന്നവരെ പിരിച്ചുവിടാൻ പാടില്ലെന്നില്ല. നേരെ മറിച്ച് 240 ദിവസം ജോലിയിൽ ഇരുന്നാൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് അമൻറുമെൻറ് ആക്ടനുസരിച്ച് റിട്രഞ്ചുമെൻറു ചെയ്താൽ ലേ ആഫ്-ന് അർഹതയുണ്ടെന്നേയുള്ളു. എന്നിരുന്നാലും 240 ദിവസം ജോലിയിൽ ഇരുന്നവരോട് അങ്ങേയററത്തെ ഔദാര്യ മനസ്ഥിതിയോടും തൊഴിലാളിസ്നേഹത്തോടുംകൂടിയാണ് ഈ ഗവൺമെൻറ് പ്രവർത്തിച്ചിട്ടുള്ളത്. ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ സ്വീപ്പേഴ്സിൻെറയും സ്കാവഞ്ചേഴ്സിൻെറയും നിയമനം പി. എസ്. സി.-ക്ക് വിട്ടുകൊടുത്തിട്ടില്ലെന്ന് ശ്രീ. ടി. കെ. രാമകൃഷ്ണൻ ആക്ഷേപിക്കുകയുണ്ടായി. ട്രാൻസ്പോർട്ടു കോർപ്പറേഷൻ ആക്ടനുസരിച്ച് അതിൻെറ ജനറൽ മാനേജരെയും ചെയർമാനെയും ചീഫ് അക്കൗണ്ട്സ് ഓഫീസറെയും നിയമിക്കുവാനുള്ള അധികാരം ഗവൺമെൻറിനാണ്. കേന്ദ്ര ആക്ടനുസരിച്ച് ഗവൺമെൻറിൽ നിക്ഷിപ്തമായിട്ടുള്ളതാണ് ഈ പ്രധാന ഉദ്യോഗസ്ഥൻമാരെ നിയമിക്കുക എന്നുള്ളത്. ആ അധികാരം പി. എസ്. സി.—ക്കു വിട്ടുകൊടുത്തിട്ടില്ലെന്നുള്ളത് സത്യമാണ്. സ്കാവഞ്ചേഴ്സിൻെറയും സ്വീപ്പേഴ്സിൻെറയും കൂടെ പ്യൂൺസിനെക്കൂടെ ചേർത്തു പറഞ്ഞു. പ്യൂൺസിൻെറ നിയമനം പി. എസ്. സി.—ക്ക് വിട്ടു കൊടുത്തിട്ടുണ്ട്. സ്കാവഞ്ചേഴ്സിനെയും സ്വീപ്പേഴ്സിനെയും ഒഴിച്ചു നിറുത്തിയിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത് സത്യമാണ്. ഒരൊറ്റ കോർപ്പറേഷനിലും ഇതുപോലുള്ള നിയമനങ്ങൾ പി. എസ്. സി.-ക്ക് വിട്ടു കൊടുക്കാറില്ല. സർവ്വീസ് കമ്മീഷനെ പോലുള്ള ഉന്നതമായ ഒരു ബോഡിക്ക് ഇത്രമാത്രം ചെറിയ ജോലിക്ക് നിയമിക്കുവാനുള്ള അധികാരം വിട്ടു കൊടുക്കുന്നത് അപ്രായോഗികമാണ്, അസൗകര്യപ്രദമാണ്, അപമാനകരമാണ്. ഇങ്ങനെയുള്ള നിയമനങ്ങൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴിയാണ് നടത്തുന്നത്. പിരിച്ചു വിട്ടു എന്ന് രാമകൃഷ്ണൻ പറഞ്ഞു. പിരിച്ചു വിട്ട ആളുകളെ എംപ്ലായ്മെൻറ് എക്സ്ചേഞ്ചിൽ നിന്ന് പേരു വിളിച്ച് നിയമിച്ചവരല്ല. യോഗ്യതയുള്ളവരെ നിയമിക്കാനാണ് ഇപ്പോൾ പിരിച്ചുവിട്ടിട്ടുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചോദ്യങ്ങൾക്കു മറുപടി പറഞ്ഞപ്പോൾ എന്റെ ചോദ്യത്തിനു മറുപടി പറഞ്ഞില്ല. എല്ലാ പ്രാവശ്യവും മിനിസ്ററർ ഒഴിഞ്ഞു മാറുകയാണ് ചെയ്യുന്നത്.

ശ്രീ. കെ. എം. ജോർജ്ജ്: താഴക്കിടയിലുള്ള ആളുകളെപ്പോലും എംപ്ലായിമെൻറ് എക്സ്ചേഞ്ചിൽ നിന്ന് പേരു വിളിച്ച് നിയമാനുസരണം പരിശോധിച്ച് അർഹതയുള്ളവരെ ന്യായമനുസരിച്ച് നിയമാനുസൃതമായ നിയമനം നടത്തുമെന്നാണ് ഇപ്പോൾ തീരുമാനിച്ചത്. അങ്ങനെയല്ലാത്തവരെ പിരിച്ചുവിടാനാണ് തീരുമാനിച്ചത്. ഏററവും വേഗം മററുള്ള നിയമനങ്ങൾ വിട്ടുകൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ഈ പറയുന്ന ആരോപണങ്ങൾ ട്രാൻസ്പോർട്ടു കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം യാതൊരു കാരണവശാലും യാതൊരു അനീതിയും ആരോടും ചെയ്തിട്ടില്ല. പോലീസ് വെരിഫിക്കേഷനെ കുറിച്ചും രക്തപരിശോധനയെക്കുറിച്ചും ഇവിടെ പറയുന്നതുകേട്ടു. രക്തപരിശോധന നടത്തുന്നുവെന്നു പറഞ്ഞാലും പോലീസ് ദേഹോപദ്രവമേൽപിക്കുന്നുവെന്നു പറഞ്ഞാലും എന്താണ് യഥാർത്ഥത്തിൽ അതിന്റെ അർത്ഥമെന്നും എന്തുകൊണ്ടാണതു പറയുന്നതെന്നും ഈ രാജ്യത്ത് വ്യക്തമാണ്. ഒരുകാര്യംമാത്രമേ എനിക്കു പറയാനുള്ളു; തെററായ, ദുരുപദിഷ്ടമായ, ഒരു സമരമാണ് ഇന്ന് ട്രാൻസ്പോർട്ടു കോർപ്പറേഷനിൽ നടത്തിക്കൊണ്ടിരിക്കുന്നത്. പിരിച്ചുവിടപ്പെട്ട 614 പേർമാത്രമാണ് സമരം നടത്തുന്നത്. ജീവനക്കാരിൽ ഒരുശതമാനംപേർപോലും സമരം ചെയ്യുന്നില്ല. പാർട്ടിക്കുവേണ്ടി, സമരം നടത്തുന്നുവെന്നു വരുത്തിത്തീർക്കുന്നതിനുവേണ്ടി മാർക്സിസ്ററുതൊഴിലാളികൾ പ്രചരണം നടത്തുകയാണ്. പിരിച്ചുവിടപ്പെട്ട ആളുകൾകൂടി അവർക്ക് വീണ്ടും പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ മുമ്പിൽ ജോലിക്കു ചെന്നാൽ ജോലികിട്ടണമെന്നുള്ളതുകൊണ്ട് സമരത്തിൽ ചേരാതെ നിൽക്കുകയാണ്. മൂവായിരവും നാലായിരവും രൂപ പാർട്ടിവാങ്ങിച്ചുകൊണ്ട് ജോലികൊടുത്ത..........................

ശ്രീ. കെ. ഐ. രാജൻ: സർ, ഒരു പാർട്ടിക്കെതിരായി അടിസ്ഥാനരഹിതമായി ആരോപണമുന്നയിക്കുകയാണ്.

ശ്രീ. ഇ. എം. ജോർജ്ജ്: സർ, ഒരു സബ്മിഷൻ ഉണ്ട്........

(ബഹളം)

ശ്രീ. കെ. ഐ. രാജൻ: ഞങ്ങളുടെ പാർട്ടിക്കെതിരായിട്ടാണു പറയുന്നത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ആരു വാങ്ങിച്ചു? നാലായിരം രൂപ വാങ്ങിച്ചുവെന്ന് മന്ത്രി വെറുതെ പറഞ്ഞാൽമതിയോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ്: ....വെറും രാഷ്ട്രീയമായ ആവശ്യങ്ങൾക്കുവേണ്ടി പ്രഖ്യാപിച്ചിട്ടുള്ള ഈ സമരത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ തീർച്ചയായും പിൻമാറണമെന്ന് ഗവൺമെൻറ് അപേക്ഷിക്കുകയാണ്. കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് സഹായകരമായി ജോലിചെയ്യുന്ന തൊഴിലാളികൾക്ക് നല്ല വേതനം നൽകുന്നതിന് തീരുമാനിച്ചതിനെപ്പോലും എതിർക്കുന്ന ഒരു പാർട്ടിയുടെ മനസ്ഥിതി മനസ്സിലാക്കാവുന്നതാണ്. അവർ ഉന്നയിച്ച അവകാശങ്ങളും ഡിമാൻറുകളും പരിഗണിച്ച് മാർക്സിസ്ററു യൂണിയൻ പ്രതിനിധികളെ തിരുവനന്തപുരത്തും കോട്ടയത്തും വിളിച്ച് സമ്മേളനം നടത്തുകയുണ്ടായി. ഏഴരലക്ഷം രൂപ ചെലവാകുന്ന വേതനവർദ്ധനവു വരുത്തിയിട്ടുണ്ട്. ഈ ഗവൺമെൻറ് ഇതുപോലെ തൊഴിലാളി സ്നേഹപരമായ രീതിയിൽ ആണ് നടപടികളെടുക്കുന്നത്. രാഷ്ട്രീയമായ പകപോക്കലിനുവേണ്ടി, രാഷ്ട്രീയമായ ലാഭമുണ്ടാക്കാൻവേണ്ടി, ഉള്ള പരിശ്രമം മാത്രമാണ് ഈ സമരത്തിന്റെ പിന്നിലുള്ളത്. എന്ന് തൊഴിലാളികൾ മനസ്സിലാക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത് തൊഴിലാളികൾക്ക് ഗുണം കിട്ടണമെങ്കിൽ കോർപ്പറേഷൻ ലാഭകരമായി നടത്തേണ്ടതാവശ്യമാണ്. ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ഒരു പബ്ലിക്ക് യൂട്ടിലിററി സർവ്വീസ്സാണ് ഇത്. സർ, ഇതൊരുകാലത്ത് ഇന്ത്യയിലെ ഏററവും നല്ല കോർപ്പറേഷനായിരുന്നു. ആ നിലയിലേക്ക് കൊണ്ടുപോകുന്ന കാര്യത്തിൽ പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ പരിശ്രമം വിജയിപ്പിക്കുന്നതിന് എല്ലാവരും സഹകരിക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഇതിൽക്കൂടുതലൊന്നും പറയാനില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മൂവായിരവും നാലായിരവും അയ്യായിരവുമൊക്കെ വാങ്ങിയെന്നു പറഞ്ഞു. പ്രസംഗിക്കാൻ മൈതാനത്ത് ചെന്നാൽ ലക്കില്ലാതെ പ്രസംഗിക്കാം. മന്ത്രി മറുപടി പറയുമ്പോൾ മൂവായിരവും നാലായിരവും വാങ്ങിയെന്നു പറഞ്ഞാൽ തെളിയിക്കാൻ മന്ത്രി തയ്യാറാകണം.

ഡെ. സ്പീക്കർ: ആരു വാങ്ങി എന്നു പറഞ്ഞില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയപാർട്ടിക്കെതിരായി വ്യക്തമായി ആരോപണം വച്ചിരിക്കുകയാണ്. രേഖമേശപ്പുറത്തുവയ്ക്കാൻ തയ്യാറുണ്ടോ?

(ബഹളം)

...................മേശപ്പുറത്തുവയ്ക്കാൻ തയ്യാറുണ്ടോ, ഇല്ലെങ്കിൽ ഉത്തരവാദപ്പെട്ട മന്ത്രിമാർക്ക് എന്തു തോന്ന്യാസവും പറയാമെന്നുള്ള സ്ഥിതിവിശേഷം വരും.

പരോക്ഷമായി, പേരുപറയാതെ വാങ്ങിയെന്നു പറഞ്ഞുകൊണ്ട് രൂപ വാങ്ങിയെന്നു പറഞ്ഞുകൊണ്ട് ഡെഫനിററായ അലിഗേഷൻ വച്ചിരിക്കുകയാണ് പേരു പറയാതെ അലിഗേഷൻ പറയുന്നതു ശരിയാണോ എന്ന് റൂളിംഗ് വേണം.

(ബഹളം)

ഡെ. സ്പീക്കർ: ആർഡർ, ആർഡർ. സ്പീക്കർ എഴുന്നേററുനിൽക്കുമ്പോൾ കുഞ്ഞച്ചനെപ്പോലുള്ള ബഹുമാനപ്പെട്ട മെംബർമാർ എഴുന്നേററുനിന്നാൽ എനിക്ക് ടോളറേററ് ചെയ്യാൻ സാധ്യമല്ല. സ്പീക്കർ എഴുന്നേററുനിൽക്കുമ്പോൾ അംഗങ്ങൾ ഇരിക്കണമെന്നുള്ളതാണ് മര്യാദ. ഇവിടെ സ്പെസിഫിക്ക് ആയ അലിഗേഷൻ ഒന്നും പറഞ്ഞില്ല, പറഞ്ഞിരുന്നെങ്കിൽ തടയുമായിരുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, അതു ശരിയല്ല.

ഡെ. സ്പീക്കർ: ആർഡർ, ആർഡർ. ഞാനിവിടെ നിൽക്കുകയാണ്. ചി. ജോർജ്ജ് അങ്ങനെ പറഞ്ഞിട്ടില്ല, പറഞ്ഞെങ്കിൽ തടയുമായിരുന്നു, പറഞ്ഞിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഞാൻ സംസാരിക്കുമ്പോഴും അങ്ങ് എഴുന്നേററുതടയുകയാണ് ചെയ്യുന്നത്.

ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകൊണ്ട് സംസാരിച്ചകൂട്ടത്തിൽ നാലായിരംരൂപ വാങ്ങിയെന്നു പറഞ്ഞാൽ ഞങ്ങളുടെ ഭാഗത്തുനിന്ന് വാങ്ങിയെന്നാണർത്ഥം.

ഡെ.സ്പീക്കർ: ആർഡർ, ആർഡർ. ശ്രീ. രാമകൃഷ്ണൻ ഇരിക്കൂ. നിങ്ങളുടെ ഭാഗത്തുനിന്നു വാങ്ങി എന്നു വന്നിട്ടുണ്ടോ എന്ന് നോക്കി അങ്ങനെ ഉണ്ടെങ്കിൽ റിമൂവ് ചെയ്തുകൊള്ളാം.

ശ്രീ. ടി. വി. തോമസ്: ഇത്രയധികം രോഷം കാണിക്കുന്ന അങ്ങേ ഭാഗത്തിരിക്കുന്ന അംഗങ്ങളോട് ഒരുകാര്യം ചോദിക്കുകയാണ്. ശ്രീമാൻ വാര്യരും ഒക്കെ പറഞ്ഞു, എന്റെ നിർദ്ദേശമനുസരിച്ച് ടി. സി. സി—യിൽ ആളുകളെ നിയമിച്ചു എന്ന്. ഞങ്ങൾക്കാർക്കും പരാതിയില്ല, പക്ഷെ അങ്ങനെ പറഞ്ഞതു ശരിയാണോ, അല്ല. രൂപവാങ്ങിയെന്നു പറഞ്ഞതു കേട്ട് അരിശംകൊള്ളുന്നത് ''എന്റെ തലയിൽ പൂട ഇരിപ്പുണ്ടോ'' എന്ന സംശയംകൊണ്ടല്ലേ?.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട ടി വി. യെ പരാമർശിച്ച് ഞാൻ പറഞ്ഞത് തെളിയിക്കാൻ തയ്യാറാണ്.

ശ്രീ. പി. രവീന്ദ്രൻ: സർ, ഈ ബില്ല് പരിഗണനയ്ക്ക് വയ്ക്കണമെന്ന പ്രമേയത്തെ സംബന്ധിച്ച ചർച്ചകൾ ഞാൻ വളരെ ശ്രദ്ധിച്ചു കേൾക്കുകയുണ്ടായി. ഏററവും പ്രധാനമായ ഒരു ആരോപണമായി ചൂണ്ടികാണിച്ചതു സ്റേററ് ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ നിയമനങ്ങൾമാത്രം പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടുകയും മററു കോർപ്പറേഷനുകളിലെയും ഗവൺമെൻറു മേഖലയിലുള്ള സ്ഥാപനങ്ങളിലെയും നിയമനങ്ങൾ വിട്ടുകൊടുക്കാതിരിക്കുകയും ചെയ്യുന്നു എന്നാണ്. ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ നിയമനങ്ങൾമാത്രം പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കാൻ കാരണമെന്താണെന്ന് ഇന്നലെ ഈ പ്രമേയം അവതരിപ്പിച്ച സന്ദർഭത്തിൽ ഞാൻ പ്രസ്താവിക്കുകയും ചെയ്തു. വളരെയധികം നിയമനങ്ങൾക്ക് സാധ്യതയുള്ള ഒരു സ്ഥാപനമാണ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ. ഇവിടെ നേരത്തെ പരാമർശിക്കപ്പെട്ട പ്ലാന്റേഷൻ കോർപ്പറേഷൻ, ഖാദിബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിയമനങ്ങൾക്കുള്ള സാധ്യത വളരെ കുറവാണ്. എന്റെ അറിവു ശരിയാണെങ്കിൽ ഖാദിബോർഡിൽത്തന്നെ രണ്ടു ക്ലാർക്കൻമാരെ മാത്രമാണ് എടുക്കുന്നതിന് പരസ്യം ചെയ്തിരിക്കുന്നത്. വളരെയധികം തൊഴിൽ സാധ്യതയും തൊഴിൽ സൗകര്യവുമുള്ള, വളരെയധികം നിയമനങ്ങൾ നടക്കാൻ ഇടയുള്ള, സ്ഥാപനമാണ് റോഡ് ട്രാൻസ്പോർട്ടു കോർപ്പറേഷൻ. ആ കോർപ്പറേഷനിലെ നിയമനങ്ങൾസംബന്ധിച്ച് സഭയ്ക്കകത്തും പുറത്തും അനവധി ആരോപണങ്ങളുണ്ടായി. നിയമവിരുദ്ധമായും ക്രമരഹിതമായും നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന ആക്ഷേപം ഉള്ളതുകൊണ്ടാണ് നിയമസഭയ്ക്കകത്തും ഈ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടണമെന്ന അഭിപ്രായമുണ്ടായത്. അന്നാണ് മുൻ മുഖ്യമന്ത്രി നിയമസഭയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പുനൽകിയത്, റോഡ് ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടുന്നതിനാവശ്യമായ നടപടി എടുക്കുമെന്ന്. അങ്ങനെ ആരോപണം ഉണ്ടായതുകൊണ്ടും വളരെയധികം ആളുകളെ നിയമിക്കാനുള്ള സാധ്യത ഉള്ളതുകൊണ്ടും ഉടനെ ഇത് പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടാൻ തീരുമാനിക്കുകയാണു ചെയ്തത്. ആയതുകൊണ്ട് ഒട്ടും താമസിയാതെ പബ്ലിക്ക് സർവ്വീസ് കമ്മിഷന് വിടുന്നതിനുവേണ്ടി ഗവൺമെൻറ് ആർഡിനൻസ് പുറപ്പെടുവിച്ചു. അതനുസരിച്ചാണ് ഇത് നിയമസഭയിൽ അവതരിപ്പിക്കാൻ ഇടയായത്. അതിൽ രാഷ്ട്രീയവിവേചനമോ മറെറന്തെങ്കിലുമോ യാതൊന്നുമുണ്ടായിരുന്നില്ല എന്ന് പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, മററു സ്ഥാപനങ്ങളിലെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിൻെറ നിലപാട് രണ്ടുമൂന്നു പ്രാവശ്യം വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. വീണ്ടും അതു സംബന്ധിച്ച് അഭിപ്രായ പ്രകടനങ്ങൾ ഉണ്ടായതുകൊണ്ട് ഗവൺമെൻറിൻെറ നിലാപട് എന്താണെന്ന് ഒരിക്കൽകൂടി ആവർത്തിച്ചു പറയാൻ ഞാനാഗ്രഹിക്കുന്നു. മററ് സ്ററാററ്യൂട്ടറി കോർപ്പറേഷനുകളിലെയും ഗവൺമെൻറ് കമ്പനികളിലെയും നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷനോ അല്ലെങ്കിൽ അതുപോലെയുള്ള ഒരു സ്ഥാപനത്തിനോ വിടണമെന്ന ഗവൺമെൻറിൻെറ ഉറച്ച നിലപാടിൽ ഗവൺമെൻറ് ഇപ്പോഴും എപ്പോഴും ഉറച്ചുനിൽക്കുകയുംചെയ്യും. സ്ററാററ്യൂട്ടറി കോർപ്പറേഷനുകളും പൂർണ്ണമായും ഗവൺമെൻറുടമയിലുള്ള വ്യവസായസ്ഥാപനങ്ങളും അതുപോലെ ഗവൺമെൻറിന് ഭൂരിപക്ഷം ഷെയറുകൾ ഉള്ള വ്യവസായസ്ഥാപനങ്ങളുമുണ്ട്. അവയിലെല്ലാം നടക്കുന്ന നിയമനങ്ങൾ ഏതുരീതിയിലായിരിക്കണം എന്നുള്ളതിനെസംബന്ധിച്ച് പരിശോധിക്കുന്നതിന് ഒരൽപം താമസമേ ആവശ്യമുള്ളു.

ശ്രീ. ഇ. എം. ജോർജജ്: ഒരു ചോദ്യം:

ശ്രീ പി. രവീന്ദ്രൻ: അവസാനം ചോദിക്കാം.

ഗവൺമെൻറിൻെറ ആത്മാർഥത തെളിയിക്കുന്നതിനുവേണ്ടി, അടുത്ത സന്ദർഭത്തിൽ സ്വീകരിച്ച ഒരു നടപടിയെപ്പററി ഞാൻ പറഞ്ഞതാണ്. ഈ കോർപ്പറേഷനുകളിൽ, പബ്ളിക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുക്കുന്നതിനുമുമ്പ് നിയമനം നടത്തരുതെന്നു ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത്യാവശ്യമായി അടിയന്തിരപരിതസ്ഥിതിയിൽ മാത്രമേ നിയമിക്കാവൂ എന്നും അങ്ങനെ നിയമിച്ചാൽ നിയമിക്കപ്പെടുന്നവർ പബ്ളിക്സർവീസ് കമ്മീഷൻെറ നോമിനി വരുന്നതുവരെ മാത്രമേ തുടരുകയുള്ളൂ, ആ നിയമനങ്ങൾ വെറും താൽക്കാലികം മാത്രമേ ആയിരിക്കുകയുള്ളു എന്ന് ഗവൺമെൻറ് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഈ നിയമസഭാസമ്മേളനത്തിൽ സമയം കിട്ടാത്തതുകൊണ്ട് അതനുസരിച്ച് ബില്‍ അവതരിപ്പിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. എങ്കിലും അടുത്ത ബഡ്ജററുസമ്മേളനത്തിൽത്തന്നെ ഗവൺമെൻറുടമയിലുള്ള കമ്പനികളെയും ഗവൺമെൻറിന് ഭൂരിപക്ഷം ഷെയറുള്ള സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പബ്ളിക് സർവ്വീസ് കമ്മിഷനോ അതുപോലുള്ള ഏതെങ്കിലും സ്ഥാപനത്തിനോ വിട്ടുകൊടുക്കുന്നതിനുള്ള ബില്ല് ഈ സഭയിൽ അവതരിപ്പിക്കുമെന്ന് ഗവൺമെൻറിനെ പ്രതിനിധീകരിച്ചുകൊണ്ട് ഉറപ്പു നൽകാൻ ഞാനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിനെ സംബന്ധിച്ച് നടന്നതിലധികം വിമർശനം നടന്നത് ട്രാൻസ്പോർട്ടു് കോർപ്പറേഷനിലെ തൊഴിലാളികളെ പിരിച്ചുവിട്ടകാര്യത്തെസംബന്ധിച്ചും പിന്നെ രാഷ്ട്രീയമായ കാര്യങ്ങളെ സംബന്ധിച്ചും ആണ്. ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുമന്ത്രി അതിനു മറുപടി പറഞ്ഞുകഴിഞ്ഞതുകൊണ്ട് അതിലേയ്ക്ക് കടക്കണമെന്ന് ഞാനുദ്ദേശിക്കുന്നില്ല. എങ്കിലും ബഹുമാനപ്പെട്ട സി. ബി. സി. വാര്യർ സംസാരിച്ചപ്പോൾ ക്ലാസ് 3 സബ്ക്ലാസ് (3)–ൽ, പബ്ലിക്ക് സർവ്വീസ് കമ്മീഷനും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും തമ്മിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടായാൽ ഗവൺമെൻറിന് റഫർ ചെയ്യണമെന്നും ഗവൺമെൻറുതീരുമാനം ആ കാര്യത്തിൽ അവസാന തീരുമാനമായിരിക്കുമെന്നും പറഞ്ഞിട്ടുള്ളതിനെപ്പററി പറഞ്ഞു. അത് ഗവൺമെൻറിന് നിയമനം വീണ്ടും നടത്താനുള്ള ഒരു വ്യവസ്ഥയാണെന്ന് അദ്ദേഹം പറയുകയുണ്ടായി. ഗവൺമെൻറ് തീരുമാനം എടുക്കുന്നതിന് മുമ്പ് പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി വീണ്ടും ആലോചിക്കണമെന്ന് പ്രൊവൈസോയിൽ പറഞ്ഞിട്ടുണ്ട്. എനിക്ക് പറയാനുള്ളത് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അഡ്വൈസ് ചെയ്യുക മാത്രമേയുള്ളു എന്നാണ്. നിയമനാധികാരം ഗവൺമെൻറിനാണ്. പബ്ലിക്ക് സർവ്വീസ് കമ്മീഷൻെറ ഉപദേശം സ്വീകരിക്കാതെവരുന്ന സന്ദർഭങ്ങളിൽ പബ്ലിക്ക് സർവ്വീസ് കമ്മിഷൻ തന്നെ എന്തുകൊണ്ട് അംഗീകരിച്ചില്ല എന്ന് ഒരു റിപ്പോർട്ട് നിയമസഭയുടെ മുൻപിൽ വയ്ക്കാറുണ്ട്. ഏതെല്ലാംകാര്യത്തിൽ പബ്ലിക്ക് സർവ്വീസ് കമ്മിഷൻെറ ഉപദേശം ഗവൺമെൻറ് തിരസ്കരിച്ചുവെന്ന് പറഞ്ഞുകൊണ്ട് ഒരു റിപ്പോർട്ട് സഭയിൽ വയ്ക്കുകയും സഭയ്ക്ക് പരിശോധിക്കാൻ അവസരം നൽകുകയും ചെയ്യാറുണ്ട്. ഏററവും നല്ല 'ചെക്ക്' അതുതന്നെയാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഒരു ചോദ്യം.

ശ്രീ. പി. രവീന്ദ്രൻ: പിന്നെയാകട്ടെ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ പോയിൻറിനെക്കുറിച്ചാണ്.

ശ്രീ. പി. രവീന്ദ്രൻ: ഇതുസംബന്ധിച്ച് ഞാൻ മുഴുവൻ പറഞ്ഞു തീർന്നില്ല. പബ്ലിക്ക് സർവ്വീസ് കമ്മിഷന് ഇലക്ട്രിസിററിബോർഡിലെ നിയമനങ്ങൾ വിട്ടുകൊടുത്തു. നാം ഏകാഭിപ്രായത്തോടുകൂടി പാസ്സാക്കിയ ആ നിയമത്തിലെ ഇതേവകുപ്പുതന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെ വായിക്കണമെന്ന് ഞാനുദ്ദേശിക്കുന്നില്ല. ഇലക്ട്രിസിററി ബോർഡിലെ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുത്തുകൊണ്ട് ഈ നിയമസഭ 1963—ൽ പാസ്സാക്കിയ നിയമത്തിൽത്തന്നെ ഇതേവ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പബ്ലിക്ക് സർവ്വീസ് കമ്മിഷനും ഇലക്ട്രിസിററി ബോർഡുമായി അഭിപ്രായവ്യത്യാസമുണ്ടായതായി എനിക്കറിവില്ല; അഭിപ്രായവ്യത്യാസം ഉണ്ടായകാര്യത്തിൽ സർവ്വീസ് കമ്മിഷനുമായി ആലോചിക്കാതെ തിരസ്കരിച്ചതായും എനിക്കറിവില്ല. ഏതായാലും ഇലക്ട്രിസിററി ബോർഡിലെ നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുത്തുകഴിഞ്ഞശേഷം എന്തെങ്കിലും ആക്ഷേപം ഇലക്ട്രിസിററി ബോർഡിലെ നിയമനങ്ങളെസംബന്ധിച്ച് ഉണ്ടായിട്ടുണ്ടോയെന്ന് സംശയമാണ്

ശ്രീ. സി.ബി. സി,വാര്യർ പ്രസംഗിച്ചുകൊണ്ടുവന്നപ്പോൾ പബ്ളിക്സർവ്വീസ് കമ്മിഷനെ സംബന്ധിച്ചുള്ള അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയിൽനിന്നു ഇന്നലെ പ്രസംഗിച്ച മററു മെമ്പാൻമാരും, പബ്ളിക്കു സർവ്വീസ് കമ്മിഷൻ പരിശുദ്ധിയുടെ ക്ഷേത്രമാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നും ശ്രീകോവിലാണെന്നും അഭിപ്രായമില്ല, അവിടേയും ധാരാളം അഴിമതികൾ നടക്കുന്നുണ്ടെന്നു പറയുകയുണ്ടായി. ഇത്തരം ആക്ഷേപങ്ങൾ പബ്ലിക്ക്സർവ്വീസ്കമ്മിഷനെ സംബന്ധിച്ച് കേൾക്കാൻ എനിക്ക് ഇടയായിട്ടില്ല. പബ്ലിക്ക്സർവ്വീസ് കമ്മിഷൻ ന്യായമായി നിയമനങ്ങൾ നടത്തുന്നു എന്നാണ് ഇപ്പോഴും ഗവൺമെന്റിന്റെ വിശ്വാസം. സമുദായപ്രാതിനിധ്യവും യോഗ്യതയും നോക്കിയാണ് ആളുകളെ നിയമിക്കുന്നതെന്നാണ് ഗവൺമെന്റിന്റെ വിശ്വാസം. ഏതായാലും ഇത്തരത്തിൽ ഒരു വകുപ്പ് ഈ ബില്ലിൽ ഉണ്ടായത് പബ്ലിക്ക് സർവ്വീസ് കമ്മിഷനെ മറികടന്നുകൊണ്ട് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിയമനങ്ങൾ നടത്താൻവേണ്ടിയാണെന്നു പറയുന്ന ആരോപണത്തിൽ യാതൊരു അടിസ്ഥാനവുമില്ലെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. പബ്ലിക്ക്സർവ്വീസ് കമ്മിഷന്റെ ഉപദേശം ഗവൺമെന്റ് തിരസ്കരിച്ചാൽ പബ്ലിക്ക് സർവ്വീസ് കമ്മിഷൻ അതിന്റെ റിപ്പോർട്ട് ഗവൺമെന്റിനയക്കുകയും, ഗവൺമെന്റ് അത് നിയമസഭയിൽ വയ്ക്കുകയും, നിയമസഭാംഗങ്ങൾക്ക് അതു പരിശോധിക്കുന്നതിനും അഭിപ്രായപ്രകടനം നടത്തുന്നതിനും തെററ് ചെയ്തിട്ടുണ്ടെങ്കിൽ അതു ചൂണ്ടിക്കാണിക്കുന്നതിനും സൗകര്യമുള്ള കാര്യം ബഹുമാനപ്പെട്ട സി. ബി. സി. വാര്യർ ഓർക്കുമെന്നാണ് എന്റെ വിശ്വാസം. ഈ ബില്ലിലെ വകുപ്പുകളെ സംബന്ധിച്ച് അധികമൊന്നും പറയണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ശ്രീ. ഹമീദ് പ്രസംഗിച്ചപ്പോൾ അപ്രസക്തമായിട്ടാണെന്നുള്ള വാക്ക് ഞാൻ ഉപയോഗിക്കുന്നില്ല, കാരണം അദ്ദേഹം പ്ലാനിംഗ് ബോർഡിന്റെ വൈസ് ചെയർമാനായിരുന്ന ഒരാളാണ്, അദ്ദേഹം പ്ലാന്റേഷൻ കോർപ്പറേഷന്റെ വരവുചെലവുകളെ സംബന്ധിച്ച് ചില അഭിപ്രായപ്രകടനങ്ങൾ നടത്തുകയുണ്ടായി. പബ്ലിക്ക് അണ്ടർടേക്കിംഗ് കമ്മിററി പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരിശോധിച്ചതിനുശേഷം ഒരു റിപ്പോർട്ട് നിയമസഭയിൽ വച്ചിട്ടുണ്ട്. പി. യു. സി. യിലെ ഒരു അംഗമായിരുന്ന എനിക്കും പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരിശോധിക്കാനുള്ള അവസരം കിട്ടിയിട്ടുണ്ട്. ശ്രീമതി റോസമ്മാ പുന്നൂസ് അതിന്റെ ചെയർമാനായി വന്നതുകൊണ്ട് ലാഭകരമായി പ്രവർത്തിച്ചില്ലെന്നും അവർ ചെയർമാനായിരിക്കുന്നതുകൊണ്ട് അതിനു വളരെയധികം നഷ്ടം വന്നു എന്നും ധ്വനിപ്പിക്കുന്ന വിധത്തിൽ ഇന്നലെയും പ്രസ്താവിക്കുകയുണ്ടായി. പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനത്തെ സംബന്ധിച്ചും ആ സ്ഥാപനം അതിൽ പ്രവർത്തിയെടുക്കുന്ന തൊഴിലാളികൾക്കും സ്റ്റാഫംഗങ്ങൾക്കും നൽകിയിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചും ശ്രീ. ഹമീദ് ഒന്നു ശാന്തമായി പരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. 1969 വരെ എന്തുമാത്രം പ്ലാന്റ് ചെയ്തുവെന്നും അത് ടാപ്പു ചെയ്യുന്ന കാലഘട്ടംവരെ ഓവർഹെഡ് ചാർജ് എങ്ങനെ നടത്തിക്കൊണ്ടുപോകാൻ സാധിക്കുമെന്നുമുള്ള കാര്യംവരെ അദ്ദേഹം പരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. പല സന്ദർഭങ്ങളിലും അതിലെ തൊഴിലാളികൾക്കും സ്റ്റാഫ് അംഗങ്ങൾക്കും മററു പ്ലാന്റേഷനുകളിൽ നൽകാത്ത വിധത്തിലുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. മിസ്റ്റർ കുര്യന് അതൊക്കെ അറിയാം. ഇതിന്റെ സാമ്പത്തികവശം പരിശോധിച്ചു നോക്കുമ്പോൾ ബോർഡിന്റെ അനാസ്ഥ കൊണ്ടോ പ്രവർത്തനശേഷിക്കുറവോ കൊണ്ടല്ല കോർപ്പറേഷന് വളരെയധികം ലാഭം കാണിക്കാൻ കഴിയാതിരുന്നതെന്നു കാണാൻ കഴിയും. ഇതു ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്നത് എല്ലാ വൃക്ഷങ്ങളിൽനിന്നും ടാപ്പ് ചെയ്യാനുള്ള അവസരം കിട്ടുമ്പോഴാണ്. ആശുപത്രികൾ സ്ഥാപിച്ചിട്ടുള്ളത്, അടുത്തകാലത്ത് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൊടുത്തിട്ടുള്ളത് ഇതെല്ലാം പരിശോധിക്കണമെന്നാണ് എനിക്ക് ശ്രീ. ഹമീദിനോട് പറയാനുള്ളത്. അദ്ദേഹം ഇത്തരം കാര്യങ്ങൾ കാര്യമായി പരിശോധിക്കുമെന്നാണ് എന്റെ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. എ. ഹമീദ്: പ്ലാന്റേഷൻ കാർപ്പറേഷന്റെ പ്രവർത്തനം പരിപൂർണ്ണമായി തൃപ്തികരമാണെന്നാണോ ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം?

ശ്രീ. പി. രവീന്ദ്രൻ: ഞാൻ മനസ്സിലാക്കിയിടത്തോളം വലിയ തകരാറൊന്നുമില്ല. കൂടെക്കൂടെ മാർക്സിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള തൊഴിലാളികൾ ആവശ്യമില്ലാതെ സമരം നടത്തുകയും, ദീർഘകാലം സമരം നീട്ടിക്കൊണ്ടുപോകുകയും അങ്ങനെ പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുകയും ചെയ്യുന്നു എന്നുള്ളതൊഴിച്ചാൽ അവിടെ വലിയ തകരാറുള്ളതായി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പ്ലാന്റേഷൻ കാർപ്പറേഷനിലെ നിയമനങ്ങളെ സംബന്ധിച്ച് ഒരു കാര്യം പറയാനുണ്ട്. ശ്രീ. എ. പി. കുര്യൻ കൂടി ഉണ്ടായിരുന്ന ഉയർന്ന ഒരു സ്റ്റാഫ് സെലക്ഷൻ കമ്മിററിയാണു നിയമനങ്ങൾ നടത്തിയത്. 500 രൂപവരെയുള്ള നിയമനം നടത്തുന്നതിന് മനേജിംഗ് ഡയറക്ടർക്കാണു പരിപൂർണ്ണമായ അവകാശം. അതിനു മുകളിലുള്ള നിയമനം ബോർഡിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി ചെയ്യണമെന്നാണ് അതിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. വളരെയധികം നിയമനങ്ങൾ അവിടെ നടന്നിട്ടുള്ളതായി എനിക്ക് അറിവില്ല. അനധികൃതമായ നിയമനങ്ങൾ നടന്നിരുന്നുവെങ്കിൽ ശ്രീ. എ. പി. കുര്യൻ ആ ആക്ഷേപം എവിടെയെങ്കിലും ഉന്നയിക്കുമായിരുന്നു. അദ്ദേഹം അവിടത്തെ നിയമനങ്ങളെക്കുറിച്ച് ഈ സഭയിലോ വെളിയിലോ വച്ച് ആക്ഷേപം പുറപ്പെടുവിച്ചതായി ഞാൻ ഇതുവരെ കേട്ടിട്ടില്ല.

ശ്രീ. എ. പി. കുര്യൻ: മന്ത്രി പറഞ്ഞു, അവിടെ ഒരു റിക്രൂട്ട്മെന്റ് ബോർഡാണ് നിയമനം നടത്തുന്നതെന്ന്. അവിടെ ഒരു ബോർഡുണ്ടായിരുന്നു. അടുത്തകാലത്ത് ആ ബോർഡ് പുന:സംഘടിപ്പിച്ച വിവരവും ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമെന്നാണ് എന്റെ വിശ്വാസം. അതിനുശേഷം പുന:സംഘടിപ്പിച്ച റിക്രൂട്ടുമെന്റ് ബോർഡ് ചെയർമാനായ ശ്രീമതി റോസമ്മാ പുന്നൂസും മറെറാരു പ്രമുഖ സി. പി. ഐ. നേതാവായ കുഞ്ഞിരാമനും മാത്രം അടങ്ങിയതാണെന്ന സത്യം മന്ത്രി നിക്ഷേധിക്കുമോ? എല്ലാ നിയമനങ്ങളും ഈ റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണു നടത്തുന്നതെന്നുള്ള കാര്യവും അറിയാമോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെയുള്ള ഒരു പരാതിയും ഞാൻ ഇന്നുവരെ പത്രത്തിൽ കണ്ടിട്ടില്ല.

ശ്രീ. എ. പി. കുര്യൻ: ഈ പരാതി മന്ത്രിയുടെ അറിവിനുവേണ്ടി ഉന്നയിക്കുകയാണ്. മേലിലെങ്കിലും ഇത് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇതുവരെ പറയാതിരുന്ന പരാതി, യാതൊരു ആക്ഷേപവും പ്ലാന്റേഷൻ കാർപ്പറേഷനിലെ നിയമനങ്ങളെ സംബന്ധിച്ച് ഇവിടെ കേട്ടിട്ടില്ല.

ശ്രീ. എ. പി. കുര്യൻ: പുതിയ ഗവൺമെന്റു് അധികാരത്തിൽ വന്നതിനുശേഷം ആർട്ടിക്കിൾ ആഫ് അസോസിയേഷൻ തത്വങ്ങളെപ്പോലും ബലികഴിച്ചുകൊണ്ട് 500 രൂപയ്ക്കു് താഴെയുള്ള നിയമനങ്ങളും റിക്രൂട്ട്മെന്റു് ബോർഡുവഴിയാണു നടത്തുന്നതെന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. പി. രവീന്ദ്രൻ: അങ്ങനെ അന്യായമായി, നിയമവിരുദ്ധമായി ഒരൊററ നിയമനംപോലും പ്ലാന്റേഷൻ കാർപ്പറേഷൻ നടത്തിയതായി അറിവില്ല.

ശ്രീ. പി. രാമലിംഗം: കഴിഞ്ഞ ബോർഡിൽ ശ്രീ. എ. പി. കുര്യൻ മെംബറായിരുന്ന കാലത്തു് 500 രൂപയ്ക്കു താഴെയുള്ള ഉദ്യോഗങ്ങളുടെ നിയമനാധികാരം ബോർഡിനു വിട്ടുതരണമെന്നു യാതൊരു പ്രസ്താവനയും പുറപ്പെടുവിച്ചിരുന്നില്ല. അതിനുശേഷം ബോർഡു് പുന:സംഘടിപ്പിച്ചു. ആ ബോർഡിൽ ശ്രീ. എം. കെ. ജോർജും ശ്രീ. ആർ. എസ്. ഉണ്ണിയും അംഗങ്ങളാണ്. ബോർഡ് ഒരു തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിലാണ് അവിടത്തെ തിരഞ്ഞെടുപ്പിനുവേണ്ടി ഒരു സബ്കമ്മിററി ഉണ്ടാക്കിയത്. ആ സബ്കമ്മിററിയാണ് നിയമനങ്ങൾ നടത്തുന്നത്. ആ സബ്കമ്മിററിയുടെ നിയമനത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണിയോ എം. കെ. ജോർജോ ആരും തന്നെ ഇന്നുവരെ ഒരു പരാതിയും ഉന്നയിച്ചിട്ടില്ല. ബഹുമാനപ്പെട്ട എ. പി. കുര്യൻ പോലും ഇതുവരെ ഒരു പരാതിയും ഉന്നയിച്ചിട്ടില്ലെന്നുള്ളതാണ് സത്യം. ഇപ്പോൾ പ്രചരണത്തിനുവേണ്ടി പറയുകയാണ്.

ശ്രീ. എ. പി. കുര്യൻ: ശ്രീ. രാമലിംഗം പറഞ്ഞപ്പോൾ ഒരു കാര്യം ഓർമ്മവരുന്നുണ്ട്. രാമലിംഗം അതിലെ മെമ്പറല്ല. അതുപോലെതന്നെ പുതിയ ബോർഡിൽ ശ്രീ. എം. കെ. ജോർജും, അതുപോലെതന്നെ ശ്രീ. ആർ. എസ്. ഉണ്ണിയും ശ്രീ. കുഞ്ഞിരാമനും അംഗങ്ങളാണ്. ശ്രീ. എം. കെ. ജോർജ്ജിനെ ആ ബോർഡിൽ എടുക്കേണ്ടിവന്ന സാഹചര്യവും അതിനുശേഷം അദ്ദേഹം കൂറുമാറിയതും പ്രസിദ്ധമാണ. അതുകൂടി മനസ്സിൽവച്ചുകൊണ്ടു പറയണം.

ശ്രീ. എം. കെ. ജോർജ്ജ്: എന്നെ സംബന്ധിച്ചും എന്റെ പൂർവ്വകാലചരിത്രത്തെ സംബന്ധിച്ചും എല്ലാം സംസാരിക്കാൻ ഞാൻ തയ്യാറാണ്. പക്ഷേ ഇപ്പോൾ പ്ളാന്റേഷൻ കാർപ്പറേഷനെ സംബന്ധിച്ചുള്ള പ്രശ്നമാണ് വന്നിരിക്കുന്നത്. അതിനെ സംബന്ധിച്ചിടത്തോളം എന്റെ പേരിലെടുക്കുമ്പോൾ പൂർവ്വകാലചരിത്രമൊന്നുമില്ല. ബോർഡു രൂപീകരിച്ചതിനുശേഷം അവിടെ മൂന്നു അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. അവർ അവിടത്തെ ലേബറേഴ്സിന്റെ ഭാര്യമാരായതുകൊണ്ടാണ് അവരെ നിയമിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുള്ളത്. ഇതാണു നടന്നത്. ഇതിൽ ഒരു ആക്ഷേപവുമില്ല. പിന്നെ ജാർജ്ജിന്റെപതിതത്വത്തെ സംബന്ധിച്ച് വേറെ സംസാരിക്കാം.

ശ്രീ. ബേബിജോൺ: പായിന്റു ആഫ് ആർഡർ. ബഹുമാനപ്പെട്ട അംഗങ്ങളെ പല കമ്മിററികളിലും എടുക്കുക ഒരു പതിവാണ്. അങ്ങനെ ഒരു ബഹുമാനപ്പെട്ട മെമ്പറെ കമ്മിററിയിൽ എടുത്തതിനെ ഈ സഭയിൽവച്ച് മറെറാരു ബഹുമാനപ്പെട്ട മെമ്പർ, അങ്ങനെ കമ്മിററിയിൽ എടുത്ത് പ്രലോഭിപ്പിച്ചുകൊണ്ടുപോയി എന്നുള്ള ദു:സൂചന നടത്തുന്നത് ആർഡറിലാണോ? അല്ലെങ്കിൽ അതു നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: ശ്രീ. എം. കെ. ജോർജിനെ സംബന്ധിച്ച് ശ്രീ. കുര്യൻ പരാമർശനം നടത്തിയതുകൊണ്ടാണ് ജോർജിനു സംസാരിക്കാൻ ഞാൻ അവസരം കൊടുത്തത്. ശ്രീ. എം. കെ. ജോർജിനെ സംബന്ധിച്ചായാലും, ഈ സഭയിലുള്ള ഏതു അംഗത്തെ സംബന്ധിച്ചായാലും അവരെ സ്പർശിച്ച് സംസാരിക്കുന്നതു ശരിയല്ല. ഇവിടെ ചെറുതായിട്ടു സ്പർശിച്ചു സംസാരിച്ചെന്നു തോന്നുന്നു. അതുകൊണ്ടാണു ജാർജിന് സംസാരിക്കാൻ അനുവാദം കൊടുത്തത്. ജാർജ് സംസാരിച്ചപ്പോൾ ആ സംശയം തീരുകയും ചെയ്തു. മേലാലെങ്കിലും ഈ സഭയിലിരിക്കുന്ന അംഗങ്ങളെ കമ്മിററിയിലെടുക്കുന്നതിനെ സംബന്ധിച്ചും മററും പരാമർശിച്ചു സംസാരിക്കരുത്. ഈ സഭയിലുള്ള എല്ലാ അംഗങ്ങളും ബഹുമാന്യൻമാരാണ്. അവരെ സംബന്ധിച്ച് അങ്ങോട്ടുമിങ്ങോട്ടും ഓരോ രീതിയിൽ സംസാരിക്കുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനക്കുറവൊന്നുമില്ല. പാർട്ടി മാറിയത് ഒരു വസ്തുതയല്ലേ?

മി. സ്പീക്കർ: പാർട്ടി മാറിയതു സത്യമാണ്. അതൊക്കെ എങ്ങനെയുണ്ടായി എന്നുള്ളതും മററുമെല്ലാം എല്ലാവർക്കും അറിയാം. അതുകൊണ്ട് അങ്ങനെ പറയുന്നതു ശരിയല്ല. ശ്രീ. കുര്യൻ പറഞ്ഞതു ശരിയല്ല.

ശ്രീ. എം. കെ. ജോർജ്: പാർട്ടി മാറിയ കാര്യം പറഞ്ഞു. എന്നെയും മാരാരേയും ഒന്നിച്ചാണു പാർട്ടിയിൽനിന്നു മാററിയത്.

ശ്രീ. പി. രവീന്ദ്രൻ: ഖാദിബോർഡിലെ നിയമനങ്ങളെ സംബന്ധിച്ച് ചില ആരോപണങ്ങൾ ഇവിടെയുണ്ടായി. അതേ സംബന്ധിച്ച് വിശദമായി ഒന്നും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനു മുൻപ് ഒന്നു രണ്ട് ക്ലാർക്കുമാരെ നിയമിക്കുന്നതിനുവേണ്ടി ഖാദിബോർഡ് പരസ്യം ചെയ്തിരുന്നു. അപേക്ഷ ക്ഷണിച്ചു. ആ അപേക്ഷ ക്ഷണിച്ചതനുസരിച്ച് എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും വച്ച് ഇൻറർവ്യൂ നടത്തിയിട്ടുണ്ട്. ചട്ടവിരുദ്ധമായിട്ടോ ഖാദിബോർഡിലെ നിയമങ്ങൾക്കു വിരുദ്ധമായിട്ടോ എന്തെങ്കിലും ഖാദിബോർഡിൽ നടന്നതായി ഇതുവരെ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതുപോലെതന്നെ മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയിലെ ഒരു നേതാവായ കണ്ണൻനായർ ഉൾപ്പെടുന്ന സ്ററാഫ് സെലക്ഷൻ കമ്മിററിയാണ് വേക്കൻസി വരുമ്പോൾ അപേക്ഷ ക്ഷണിച്ചു നിയമനം നടത്തുന്നതായിട്ടു ഞാൻ മനസിലാക്കിയിട്ടുള്ളത്. അവിടെ നടന്ന നിയമനങ്ങളിൽ യാതൊരു അഴിമതിയും നടന്നതായി ഗവൺമെൻറിന് ഇതുവരെ അറിവു ലഭിച്ചിട്ടില്ല.

ഈ ബില്ലിനെ സംബന്ധിച്ച് സാരമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടില്ല. ഞാൻ നേരത്തേ പറഞ്ഞതുപോലെ എല്ലാ കാർപ്പറേഷനുകളെ സംബന്ധിച്ചും ഉള്ള ബിൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ ഗവൺമെൻറ് അവതരിപ്പിക്കുന്നതാണ്. ഈ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

The amendment moved by Shri K. G. Kunjukrishna Pillai was by leave withdrawn.

The amendment moved by Shri M. K. A. Hameed was put and lost.

The question that the Kerala Public Service Commission (Additional Functions as respects the Kerala State Road Transport Corporation) Bill, 1970 be taken into consideration was put and carried.

The Bill was taken into consideration.

Clause 2

Shri M. K. A. Hameed : Sir, I move my amendment :

In clause 2 for sub-clause (a), the following shall be substituted, namely:—

"Corporations means all the Public Sector Corporations under the control of Kerala Government."

ട്രാൻസ്പോർട്ട് കോർപ്പറേഷനിൽമാത്രമല്ല എല്ലാ പബ്ളിക്ക് അണ്ടർ ടേക്കിംഗ്സിലേയും നിയമനങ്ങൾ പബ്ളിക്ക് സർവ്വീസ് കമ്മീഷനു വിട്ടു കൊടുക്കണമെന്നുള്ളതു മുൻനിറുത്തിയാണ് ഞാൻ അമെൻറുമെൻറു കൊടുത്തിട്ടുള്ളത്. വളരെ സഹായകരമായ അമെൻറുമെൻറാണ് ഞാൻ മൂവു ചെയ്തിട്ടുള്ളത്. കൂടുതലായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

Shri E. Chandrasekharan Nair : Is this amendment in order ? It is beyond the scope of the Bill itself.

Mr. Speaker : The Minister can say that.

Shri E. Chandrasekharan Nair : It is beyond the scops of the Bill.

Mr. Speaker : Strictly speaking it is not in order.

ശ്രീ. പി. രവീന്ദ്രൻ : ഈ ഭേദഗതി സ്വീകരിക്കാൻ നിർവാഹമില്ല.

The amendment was put and lost.

ശ്രീ. കെ. കരുണാകരൻ: ഓർഡറില്ലാത്ത അമെൻറുമെൻറു വോട്ടിനിടുന്നത് എന്തിനാണ്.

മി. സ്പീക്കർ: അഡ്മിററു ചെയ്തുപോയി. മൂവു ചെയ്തു കഴിഞ്ഞിട്ടു പിന്നെ മൂവു ചെയ്ത അമെൻറുമെൻറ് ഓർഡറിൽ അല്ലെന്നു പറയുന്നതു ശരിയല്ലല്ലോ എന്നു വിചാരിച്ചാണ്.

The question that Clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

Shri T. K. Krishnan : I move : In clause 3(1) for the word 'may substitute the word "shall". എന്നാക്കണമെന്നാണ്. ഇതു വളരെ കൗശലത്തോടുകൂടി 'മേ കൺസൽട്ട്' എന്നാക്കിയിരിക്കുകയാണ്. ഇതൊരു ആത്മവഞ്ചനയാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. 'മേ കൺസൽട്ട്' എന്നു പറഞ്ഞാൽ നിർബന്ധമായി കൺസൽട്ടു ചെയ്യണമെന്നില്ല. 'മേ കൺസൽട്ട്' എന്നു പറഞ്ഞുകൊണ്ട് സൂത്രത്തിൽ രക്ഷപ്പെടാനുള്ള മാർഗ്ഗമാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: 'മേ' തന്നെയാണ് മററുള്ളിടത്തും ഇരിക്കുന്നത്. മേ ഇരുന്നാൽ കൺസൽട്ടു ചെയ്യാതെ സ്വന്തമായി നിയമിക്കാൻ അധികാരം കിട്ടുമെന്നാണോ പറയുന്നത് ?

ശ്രീ. ടി. കെ. കൃഷ്ണൻ: കുറെ കിട്ടിയെന്നുവരും. എന്തുകൊണ്ട് 'ഷാൽ' ഉപയോഗിച്ചുകൂടാ.

Shri K. T. George : In some context, it gives the meaning 'shall'.

ശ്രീ. ടി. കെ. കൃഷ്ണൻ: അതൊക്കെ ശരിയാണ്. എന്നാലും എന്തുകൊണ്ട് 'ഷാൽ' ഉപയോഗിച്ചുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ചില അത്യാവശ്യ സന്ദർഭങ്ങളിൽ ഗവൺമെൻറിനുതന്നെ ടെമ്പററിയായി നിയമിക്കേണ്ടിവരും. ആ സമയത്ത് വേക്കൻസി കിടന്നാലും ടെമ്പററിയായിട്ടുപോലും 'ഷാൽ' കൊടുത്തിരുന്നാൽ പോസ്ററു ചെയ്യാൻ ഒക്കുകയില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: പൂച്ച പുറത്തു ചാടി. സൗകര്യമില്ലെങ്കിൽ കൺസൽട്ടു ചെയ്യേണ്ട എന്നല്ലേ. ഇതൊരു ആത്മവഞ്ചന നിറഞ്ഞതാണ്.

ശ്രീ. ഇ. അഹമ്മദ്: ഇവിടെ 'മേ' എന്നു പറഞ്ഞാലും 'ഷാൽ' ൻെറ എഫക്ടു വരുമെന്നു ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കുന്നുണ്ടോ?

ശ്രീ. ടി. കെ. കൃഷ്ണൻ: ഈ അമെൻറുമെൻറു സ്വീകരിക്കുന്നതു കൊണ്ട് എന്താണു തെററ്. ഇലക്ട്രിസിററി ബോർഡിലുള്ള നിയമനങ്ങളെ സംബന്ധിച്ച് നമ്മുടെ നിയമസഭതന്നെ അംഗീകരിച്ച ആ നിയമങ്ങളിൽ the Public Service Commission shall be consulted എന്നാണ്.

Mr. Speaker : This is an age-old controversy between 'shall' and 'may'.

ശ്രീ. ടി. കെ. കൃഷ്ണൻ: controversy ഇല്ലാതിരിക്കാൻവേണ്ടി 'ഷാൽ' എന്നു വേണമെന്നാണ് എൻെറ അമെൻറുമെൻറ്.

വ്യവസായവുംതൊഴിലുംമന്ത്രി (ശ്രീ. പി. രവീന്ദ്രൻ): റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ടിലെ 14—ാം വകുപ്പനുസരിച്ചു രണ്ടുമൂന്നു തസ്തികകൾ ഒഴികെ ബാക്കിയുള്ള എല്ലാ ഉദ്യോഗങ്ങളിലുമുള്ള നിയമനാധികാരം കോർപ്പറേഷനാണു വിട്ടുകൊടുത്തിരിക്കുന്നത്. കോർപ്പറേഷൻ മേലാൽ നിയമനം നടത്തുമ്പോൾ പബ്ളിക്ക് സർവ്വീസ് കമ്മിഷനുമായി കൺസൽട്ടു ചെയ്യണമെന്നാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഇതു തന്ത്രപൂർവ്വം, കൗശലപൂർവ്വം ഉൾപ്പെടുത്താത്തതല്ല. കോർപ്പറേഷൻെറ നിയമാനാധികാരം ഗവൺമെൻറിന് ഇത്തരത്തിൽ റസ്ട്രിക്ടുചെയ്യാൻ പാടുണ്ടോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് അഭിപ്രായവ്യത്യാസം ഉണ്ടായി. ട്രാൻസ്പോർട്ട്കാർപ്പറേഷൻെറ അധികാരങ്ങൾ റസ്ട്രിക്ടു ചെയ്യുന്ന നടപടിയാണെന്നരീതിയിൽ ദുർവ്യാഖ്യാനം ചെയ്യപ്പെടാതിരിക്കുന്നതിനുവേണ്ടിയും ഈ വാക്ക് ഉപയോഗിച്ചാൽ 'ഷാൽ' എന്ന വാക്കിൻെറ പ്രയോജനം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്തിട്ടുള്ളത്. ഇലക്ട്രിസിററി സപ്ലൈസ് ആക്ടിലെ വ്യവസ്ഥയും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ടിലെ വ്യവസ്ഥയും ഒരു പോലെയല്ല. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ടിലെ സെക്ഷൻ 14—നു വിരുദ്ധമായി വരാതിരിക്കാനും കോർപ്പറേഷന് ഈ വകുപ്പിൻപ്രകാരമുള്ള അധികാരങ്ങൾ റസ്ട്രിക്ടു ചെയ്തു എന്നുള്ള ദുർവ്യാഖ്യാനം ഉണ്ടാകാതിരിക്കുന്നതിനും വേണ്ടിയുമാണ്. 'മേ' എന്ന് ഉൾപ്പെടുത്തിയിട്ടുള്ളത്. 'മേ' 'ഷാൽ' ഇവയെ സംബന്ധിച്ചുള്ള കോൺട്രാവേഴ്സിനെസംബന്ധിച്ച് ഒന്നും പറയണമെന്ന് ഞാനുദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട കൃഷ്ണൻെറ ഭേദഗതി സ്വീകരിക്കാൻ നിർവാഹമില്ല.

Mr. Speaker: Are you pressing your amendment?

Shri T. K. Krishnan: Yes. I press.

The amendment moved by Shri T. K. Krishnan was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Shri T. K. Krishnan: Sir, I demand a poll.

A poll was taken when the House divided as follows:—

Ayes—25

1 Shri A. K. Appu
2 ,, C. B. Chandrasekhara Warrier
3 ,, V. V. Dakshinamoorthy
4 ,, S. Damodaran
5 ,, P. Gangadharan
6 ,, E. M. George
7 ,, C. Govinda Panicker
8 ,, M. K. A. Hameed
9 ,, C. Kannan
10 ,, M. K. Kelu
11 ,, M. K. Krishnan
12 ,, T. K. Krishnan
13 Shri R. Krishnan (Palghat)
14 ,, E. P. Krishnan Nambiar
15 ,, A. V. Kunhambu
16 ,, V. V. Kunhambu
17 ,, P. K. Kunjachan
18 ,, A. P. Kurian
19 ,, Mustafa Kamal
20 ,, P. G. Purushothaman Pillai
21 ,, K. P. Raghava Poduval
22 ,, P. C. Raghavan Nair
23 ,, K. I. Rajan
24 ,, T. K. Ramakrishnan
25 ,, M. Ramunny

Noes—62

1 Shri T. A. Majid
2 ,, P. V. Abraham
3 ,, P. M. Abubacker
4 ,, E. Ahamed
5 ,, C. Ahmedkutty
6 ,, Alexander Parambithara
7 ,, K. Avukkaderkutty Naha Haji
8 ,, Baby John
9 ,, N. K. Balakrishnan
10 ,, J. A. Chacko
11 ,, M. Chadayan
12 ,, K. Chandrasekhara Sastri
13 ,, E. Chandrasekharan Nair
14 ,, V. P. Cherukoya Thangal
15 ,, N. I. Devassykutty
16 ,, M. K. Divakaran
17 ,, T. K. Divakaran
18 ,, N. Gamaliel
19 ,, N. Ganapathy
20 Dr. K. George Thomas
21 Shri K. M. George
22 ,, M. K. George
23 ,, K. T. George
24 ,, P. P. George
25 ,, P. K. Gopalakrishnan
26 ,, R. Gopalakrishnan Nair
27 ,, G. Gopinathan Pillai
28 Shri E. John Jacob
29 ,, Joseph Chazhikkattu
30 ,, K. Karunakaran
31 ,, O. Koran
32 ,, M. Krishnan
33 ,, K. K. Kumara Pillai
34 ,, P. Kunhiraman Kidavu
35 ,, U. P. Kunikullaya
36 ,, K. G. Kunjukrishna Pillai
37 ,, V. Kuttikrishnan Nair
38 ,, Pandalam P. R. Madhavan Pillai
39 ,, Mattapalli Majeed
40 ,, K. M. Mani
41 ,, M. P. Mohammed Jafferkhan
42 ,, C. M. Kutty
43 ,, K. Moideenkutty Haji
44 ,, M. Moideenkutty Haji
45 ,, C. H. Muhammed Koya Haji
46 ,, C. S. Neelakantan Nair
47 ,, K. G. Neelakantan Namboodiripad
48 ,, K. Purushothaman Pillai
49 ,, P. K. Raghavan
50 ,, C. K. Rajan
51 ,, P. Ramalingom
52 ,, P. Ramunni Kurup

LIBRARY ARCHIVES Kerala Legislative Assembly

53 Shri P. Ravindran
54 ,, Sayed Ummer Bafakih
55 ,, R. S. Unni
56 ,, P. S. Namboodiri
57 ,, B. V. Seethi Thangal
58 Shri P. S. Srinivasan
59 ,, T. V. Thomas
60 ,, P. Unnikrishna Pillai
61 ,, P. P. Wilson
62 ,, K. C. Zacharia

Neutrals—Nil

For the Amendment — 25
Against the Amendment — 62
Neutrals — Nil.

The Amendment is lost.

ശ്രീ. കെ. കെ. അപ്പു: സർ, ഇവിടെ ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ 'മേ' എന്നതിനു പകരം 'ഷാൽ' വേണമെന്ന് അമൻറ്മെൻറ് മൂവ് ചെയ്തിട്ടുണ്ട്. അതു വിഡ്രാ ചെയ്തിട്ടില്ല. ഇതിനെതിരായി വന്ന വോട്ടിംഗിൽ അദ്ദേഹം അനുകൂലിക്കുകയും ചെയ്തു.

മി. സ്പീക്കർ: ഒരാളിനേ അമെൻറ്മെൻറ് മൂവു ചെയ്യാൻ അധികാരമുള്ളു. ഒരാൾ മൂവു ചെയ്തു കഴിഞ്ഞാൽ മറേറ ആളിനു സപ്പോർട്ട് ചെയ്തു സംസാരിക്കാം. അതു ശ്രീ. അപ്പുവിനു മനസ്സിലായിട്ടില്ല.

Shri T. K. Krishan: I move in clause 3, in the beginning of sub clause 1, before the words "the Corporation" add the following, namely:

"notwithstanding anything contained in the State Road Transport Corporation Act or the rules or regulations made thereunder regarding the recruitment, conditions of service of officers and servants and other employees of the Kerala State Road Transport Corporation".

സർ, ഈ ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നത് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ വ്യവസ്ഥകൾ എന്തുതന്നെയായാലും ശരി എല്ലാ നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മിഷനുമായി ആലോചിച്ചതിനുശേഷം മാത്രമേ പാടുള്ളു എന്നതാണ്. ചില ഉദ്യോഗങ്ങൾ റിസർവ് ചെയ്തുകൊണ്ടാണ് നിയമത്തിൽ അനുശാസിച്ചിട്ടുള്ളത്. അപ്പോൾ ഈ ട്രാൻസ്പോർട്ട് കോർപ്പറേഷൻെറ പ്രത്യേക നിബന്ധനകൾ എന്തുതന്നെയായാലും ശരി ആ നിബന്ധനകളെ മാററി നിറുത്തികൊണ്ട് എല്ലാ നിയമനങ്ങളും ഏതു തസ്തികയിലുള്ളതായാലും ശരി എല്ലാംതന്നെ പബ്ലിക് സർവ്വീസ് കമ്മിഷനോട് ആലോചിച്ചതിനു ശേഷം മാത്രമേ ആകാൻ പാടുള്ളു എന്നതാണ് ഞാൻ ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്പോൾതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരവിൽതന്നെ അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി ചില നിയമനങ്ങൾ, അദ്ദേഹം വളരെ ലഘുവായി പറഞ്ഞത്, സ്ക്കാവഞ്ചർ, സ്വീപ്പർ മുതലായ നിയമനങ്ങൾ, അത് ഇഷ്ടംപോലെ നടത്തുന്നതിനുള്ള സൗകര്യം കൊടുത്തിട്ടുണ്ടെന്നാണ്. അതു കൊടുത്താൽ പബ്ലിക് സർവ്വീസ്കമ്മിഷൻെറ മാന്യതയ്ക്ക് കുറവു പററുമെന്നാണ് പറയുന്നത്. അവരെ പബ്ലിക്ക് സർവ്വീസ് കമ്മിഷൻ നിയമിച്ചാൽ എന്താണു കുറവെന്ന് മനസ്സിലാകുന്നില്ല. അതുപോലെതന്നെ സ്വീപ്പർ മുതലായ വിഭാഗങ്ങൾക്ക് മാന്യതയ്ക്ക് എന്താണു കുറവെന്നു സോഷ്യലിസം പ്രസംഗിക്കുന്ന ശ്രീ. കെ.എം. ജോർജിന് സോഷ്യലിസം മനസിലാകുകയില്ല—

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ പറയുന്നതിന് എന്തർത്ഥമുണ്ടെന്നു മനസ്സിലാകുന്നില്ല. ഏതു ജോലിക്കും മാന്യതയുണ്ടെന്നാണ് എന്റെ പാർട്ടി വിശ്വസിക്കുന്നത്. ഇവിടെ സാമുദായിക പ്രാതിനിധ്യമെന്ന തത്വം വളരെക്കാലമായി നാം പരിപാലിക്കുന്നുണ്ട്. അതു സ്വീകരിച്ചിട്ടും വേണ്ടത്ര പ്രാതിനിധ്യം കിട്ടിയില്ല എന്നതിന് എത്രയോ ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ആക്ഷേപങ്ങളെല്ലാം തന്നെ അവസാനിപ്പിക്കുന്നതിനു കോർപ്പറേഷനിലുള്ള എല്ലാ നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മിഷൻ വഴി അതിന്റെ തത്വങ്ങൾ അനുസരിച്ച് സാമുദായിക പ്രാതിനിധ്യമനുസരിച്ചു നൽകുമെന്നുള്ളതാണ് ഈ ഭേദഗതി കൊണ്ടു ഞാൻ ഉദ്ദേശിക്കുന്നത്.

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): ഞാൻ നേരത്തെ മറുപടി പറഞ്ഞതാണ്. ഈ ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല.

The amendment moved by Shri T. K. Krishnan was put and lost.

Mr. Speaker: We will take up the other amendments tomorrow. The House will now adjourn and meet again tomorrow at 8 a.m.

The Assembly adjourned at 1.00 p.m. to meet again at 8 a.m. on Wednesday, the 21st January 1970.

LIBRARY ARCHIVES Kerala Legislative Assembly